# എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി

ഇ. ഹരികുമാർ



എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി

ഇ. ഹരികുമാർ

(മലയാളം: നോവൽ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Gnome Watching Railway Train, a painting by Carl Spitzweg (1808–1885). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി.................... 4

ഒന്നാം ദിവസം ............. 5

രണ്ടാം ദിവസം ............. 6

മൂന്നാം ദിവസം ............. 7

നാലാം ദിവസം.............. 8

അഞ്ചാം ദിവസം............ 9

ആറാം ദിവസം ............. 10

ഏഴാം ദിവസം ............. 11

എട്ടാം ദിവസം.............. 12

ഒമ്പതാം ദിവസം............ 13

പതിമൂന്നാം ദിവസം.......... 14

പതിനാലാം ദിവസം......... 15

പതിനാറാം ദിവസം ......... 16

പതിനേഴാം ദിവസം ......... 17

പതിനെട്ടാം ദിവസം ......... 18

ഇരുപത്തിയൊന്നാം ദിവസം .. 19

ഇരുപത്തിരണ്ടാം ദിവസം..... 20

# എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി

# ഒന്നാം ദിവസം

വടക്കുനിന്നുള്ള പുഷ്പുൾ തീവണ്ടി അരമണിക്കൂർ വൈകി മൂന്നാം നമ്പർ പ്ലാറ്റ്ഫോമിലെത്തി ഒരു നടുക്കത്തോടെ നിന്നു. ഒന്നാം നമ്പർ പ്ലാറ്റുഫോമിലേയ്ക്കു പോകാനുള്ള മേൽപ്പാലത്തിന്റെ കോണിയിൽ ഇരമ്പുന്ന ജനങ്ങൾക്കിടയിൽ ഉയർത്തപ്പെട്ടുവാൻ സ്വയം നിന്നുകൊടുക്കുമ്പോൾ നാൻസി ആലോചിച്ചു. ഒരു പുതിയ ദിവസം. സോപ്പുപൊടിയുടെ പരസ്യത്തിൽ കാണുന്ന അലക്കിത്തേച്ച പഴഞ്ചൻ വസ്ത്രം മാത്രം! കർത്താവേ ഈ ചതി എന്നോടു വേണ്ടിയിരുന്നില്ല! മലവെള്ളത്തിൽ പൊങ്ങുതടിപോലെയുള്ള യാത്ര അവസാനിച്ചപ്പോൾ ഒന്നാം നമ്പർ പ്ലാറ്റുഫോമിന്റെ പൊളിഞ്ഞ തറയിൽ വീഴാതെ രണ്ടുകാലിൽ ഇറങ്ങാൻ ശ്രമിച്ച്, മേൽപ്പാലത്തിലെ യാത്രയിലെപ്പോഴോ ആവശ്യത്തിലധികം നീണ്ടുവന്ന കൈവിരലുകളിൽ സേഫ്റ്റിപിൻ താഴ്ത്തിയപ്പോഴുണ്ടായ 'ആഹ്' ശബ്ദത്തിന്റെ ഉടമസ്ഥന്റെ ചമ്മിയ മുഖത്തു നോക്കാതെ അവൾ പുറത്തു കടന്നു.

ഇത്രയും ശരി, ഇനി? നാൻസി സ്വയം ചോദിച്ചു. സ്റ്റേഷന്റെ മുമ്പിലുള്ള വിശാലതകഴിഞ്ഞ് നിരത്തിലെത്തിയപ്പോൾ വീണ്ടും യാത്രക്കാർ ഒരു പുഴയായി ഒഴുകാൻ തുടങ്ങി. ഇനി ജോസ് ജങ്ഷനിലെത്തുമ്പോഴേക്ക് തെക്ക് വടക്കെന്ന വിഭാഗീയ ചിന്തകളുമായി അവർ പിരിഞ്ഞുപോകുന്നു. സിനിമാശാലകളുടെ പേരിൽ ബസ്സ്റ്റോപ്പുകൾ അറിയപ്പെടുന്ന ഈ നഗരത്തിൽ തെക്ക് ദീപയും വടക്ക് ഷേണായീസും പത്മയുമാണ്. അവൾക്ക് തെക്കോട്ടാണ് പോകേണ്ടത്.

നിരത്ത് മുറിച്ചു കടക്കുമ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ചെറുപ്പക്കാരനായ പോലീസുകാരൻ ചിരിച്ചുകൊണ്ട് കൈ കാണിച്ച് വാഹനങ്ങൾ നിർത്തി. എന്നും ചെയ്യാറുള്ള കാര്യമാണത്. അവളെ കണ്ടാൽ നന്നായി ഒന്നു ചിരിക്കും, പിന്നെ കൈകാട്ടി വാഹനങ്ങൾ നിറുത്തി അവൾക്കു പോകാൻ വഴി കൊടുക്കും. അവൾക്കു മാത്രം. പിന്നിൽ വരുന്ന വയസ്സായ സ്ത്രീകൾ അവളുടെ ഒപ്പമെത്തുന്നതിനുമുമ്പ് തന്നെ വാഹനങ്ങൾക്കു പോകാൻ അടയാളം കൊടുക്കുകയും ചെയ്യും. 'വായിൽ നോക്കി!' ചിരിച്ചുകൊണ്ട് നടന്നകലുമ്പോൾ അവൾ മനസ്സിൽ കരുതും.

ഷോപ്പിന്റെ ചില്ലുവാതിൽ തുറന്ന് അവൾ അകത്തു കയറി. മാലതി കമ്പ്യൂട്ടറിന്റെ മുമ്പിൽ ജോലി തുടങ്ങിയിരുന്നു. തന്റെ കമ്പ്യൂട്ടറിനു മുമ്പിൽ ഭാസ്കരൻസാറിരുന്ന് ജോലിയെടുക്കുന്നുണ്ട്. നാൻസിയെ കണ്ടപ്പോൾ അയാൾ വാച്ചുനോക്കി.

അവൾ ബാഗ് നിലത്തുവച്ച് സാറിന്റെ പിന്നിൽ നിന്നുകൊണ്ട് മോണിറ്ററിലേയ്ക്കു നോക്കി. എന്തോ പുതിയ ജോലി കിട്ടിയതാണ്.

'പുതിയ ജോലിയാണോ?'

ക്ലിപ്പാർട്ടിൽ നിന്ന് ഒരു ഗ്രാഫിക് എടുക്കുന്നതിൽ ശ്രദ്ധിക്കുകയായിരുന്ന അയാൾ ഒന്നും പറഞ്ഞില്ല.

'സാറെഴുന്നേറ്റോളൂ, ഞാൻ ചെയ്യാം.' അവൾ പറഞ്ഞു. അയാൾ വീണ്ടും ഒന്നും പറഞ്ഞില്ല, കൈകൊണ്ട് ഒരു മിനുറ്റ് എന്ന് ആംഗ്യം കാണിക്കുക മാത്രം ചെയ്തു.

'ഞാൻ വൈകി വരുമ്പോൾ സാറ് വാച്ചു നോക്കണത് എനിക്ക് തീരെ ഇഷ്ടല്ല.' അവൾ പറഞ്ഞു.

'ഞാനൊന്നും പറഞ്ഞില്ലല്ലോ.'

'സാറൊന്നും പറയണ്ട! വണ്ടി വൈകി വരുന്നതിന് ഞാനെന്തു ചെയ്യാനാ?'

ഗ്രാഫിക് ഫയലിലേയ്ക്ക് ഇമ്പോർട്ടു ചെയ്തു കഴിഞ്ഞു. ചെയ്യേണ്ട കാര്യങ്ങൾ അയാൾ അവൾക്കു പറഞ്ഞുകൊടുക്കുകയായിരുന്നു. വൈകുന്നേരത്തിനുള്ളിൽ ചെയ്തു കൊടുക്കേണ്ടതാണ്. കസ്റ്റമർ നാലുമണിക്ക് വരും.

അവൾ കമ്പൂട്ടറിനു മുമ്പിലിരുന്നു ജോലി തുടങ്ങി.

'നീ നിന്റെ നീണ്ട നഖം കൊണ്ട് എന്റെ കീബോർഡു നശിപ്പിക്കും.' നാൻസിയുടെ നീണ്ട, ചുവന്ന പോളിഷിട്ട നഖങ്ങൾ നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

'അപ്പോൾ വേറെ കീബോർഡ് വാങ്ങണം.' അവൾ പറഞ്ഞു.

'നിന്റെ അപ്പൻ വാങ്ങിവെച്ചതൊന്നുമല്ല ഈ കീബോർഡ്.'

അവൾ ജോലി നിർത്തി തന്റെ ഇടതു കൈവിരലുകൾ വിടർത്തി നഖങ്ങളുടെ ഭംഗി ആസ്വദിച്ചു. തലേന്ന് ഓഫീസുവിട്ടു പോകുമ്പോൾ ഒരു ലേഡീസ് സ്റ്റോറിൽ കയറി കളർ പരിശോധിച്ചതാണ്. സേയിൽസ്മാൻ ഒരു പുതിയ പയ്യനായിരുന്നു. അഞ്ചുവിരലിലും പോളിഷിട്ട ശേഷം കൈവിടർത്തിക്കാണിച്ച് അയാളോടു ചോദിച്ചു. 'ഭംഗിണ്ടോ?'

അയാൾ വിവശനായിക്കൊണ്ട് പറഞ്ഞു. 'കുട്ടീടെ വിരലുകൾ നല്ല ഭംഗിണ്ട്.'

'ശരി നാളെ വാങ്ങാം കെട്ടോ?' അവൾ ബാഗും തോളിലിട്ട് പുറത്തു കടന്നു.

ആഴ്ചയിലൊരിക്കൽ ഓരോ ഷോപ്പിൽ കയറിയാൽ പോളിഷ് വാങ്ങാതെ കഴിക്കാം.

'സാറിന്റെ കുഴപ്പമെന്താണെന്നോ?' അവൾ പറഞ്ഞു. 'ഒന്നു പറഞ്ഞ് രണ്ടാമത്തതിന് എന്റെ അപ്പന് വിളിക്കും.'

'അപ്പനല്ലേ നിന്നെ എന്റെ മണ്ടയ്ക്കിട്ടു പോയതു? അല്ലെങ്കിൽ ആ പാവത്തിനെ എന്തിനു പറയണം? അയാള് ബോംബേല് കിടന്നു കഷ്ടപ്പെട്ടു ജോലിയെടുക്കുന്നു! ഈ തെറിച്ച വിത്തിനെ കെട്ടിച്ചയക്കാൻ വേണ്ടി!'

'അപ്പൻ അത്ര പാവൊന്നും അല്ല.'

അവൾ ജോലി തുടർന്നു. തൊട്ടടുത്തുള്ള മേശക്കരികെ മാലതി ജോലി ചെയ്യുകയാണ്. അവൾ ഒന്നും സംസാരിക്കില്ല. ചോദിച്ചതിനുള്ള മറുപടി മാത്രം വായിൽ നിന്നു വീഴും.

'സാറെ ഞാനാരു എഞ്ചിൻ ഡ്രൈവറെപ്പറ്റി പറയാറില്ലേ?' നാൻസി പറഞ്ഞു. 'കാണാൻ ഭംഗിള്ള ഒരു പയ്യൻ?'

'നീ കാണാൻ ഭംഗിയില്ലാത്ത ആരെപ്പറ്റിയും ഇതുവരെ ഒന്നും പറഞ്ഞിട്ടില്ലല്ലൊ.'

'അയാള് വീണ്ടും വന്നിട്ടുണ്ട്. ഇന്ന് ഞാൻ വന്ന വണ്ടീല് അയാളായിരുന്നു ഡ്രൈവറ്. ഞാൻ നടന്നു വരുമ്പോൾ അയാൾ കാത്തുനിൽപ്പുണ്ടായിരുന്നു. എന്നെ നോക്കി നല്ല ചിരി.'

'അയാൾ എല്ലാ പെൺകുട്ടികളെ നോക്കിയും ചിരിക്കുന്നുണ്ടാവും.' ഭാസ്കരൻ നായർ പറഞ്ഞു.

'എല്ലാ പെൺകുട്ടികളെ നോക്കിയും ചിരിക്ക്യേ? കൊല്ലും ഞാൻ അയാളെ. വായിൽനോക്കി!'

മാലതി ചിരിക്കുകയാണ്. ഭാസ്കരൻ നായർ ചിരിക്കുന്നില്ല. കഷണ്ടി കയറിയ തലയിൽ തികച്ചും വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന അല്പം നരച്ച തലമുടി ഉഴിഞ്ഞുകൊണ്ട് അയാൾ പറഞ്ഞു.

'നീയാ മാറ്റർ മൂന്നു മണിക്കുള്ളിൽ തീർത്തില്ലെങ്കിൽ ഞാൻ നിന്നെയാണ് കൊല്ലുക. കസ്റ്റമർക്കത് വൈകീട്ടു പ്രസ്സിൽ കൊടുക്കേണ്ടതാണ്.'

'സാറ് ഇങ്ങനെയൊക്കെ ഭീഷണിപ്പെടുത്ത്യാൽ ഞാൻ വേറെ ജോലി അന്വേഷിച്ചുപോവും.'

'ഞാൻ അത്രയ്ക്കൊക്കെ ഭാഗ്യം ചെയ്തിട്ടുണ്ടോ?' ഭാസ്കരൻ നായർ ചോദിച്ചു.

എന്തായാലും പ്രാണഭയം കാരണം അവൾ ജോലിയെടുക്കാൻ തുടങ്ങി.

ഭാസ്കരൻ നായർ ഷോപ്പിനുള്ളിൽ ഒരു മൂലയിൽ ഉണ്ടാക്കിയ കണ്ണാടിക്കൂട്ടിൽ പോയി ഇരുന്നു. ആ ചേമ്പർ അടുത്തുണ്ടാക്കിയതാണ്. നാൻസിയിൽ നിന്ന് രക്ഷപ്പെടാനാണെന്നാണ് മാലതി പറയുന്നത്. അതിനുള്ളിൽ അലോസരപ്പെടുത്തുന്ന ശബ്ദങ്ങൾ എത്തുന്നില്ല. വീട്ടിലിരിക്കാൻ വയ്യെന്ന കാരണം കൊണ്ടാണ് ഈ ബിസിനസ്സ് തുടങ്ങിയതുതന്നെ. ഭാര്യ ഒരു പരാതിപ്പെട്ടിയാണ്. എന്തിനും വേവലാതി. അമേരിക്കയിലുള്ള മകന്റെയോ മരുമകളുടെയോ ഫോൺ വരാൻ ഒരു ദിവസം വൈകിയാൽ മതി നളിനിയുടെ വേവലാതി തുടങ്ങാൻ. പിന്നെ സ്വൈരമില്ല. മദ്രാസിലുള്ള മകളുടെ കത്തു കിട്ടിയാൽപിന്നെ ഒരാഴ്ചയ്ക്ക് അവളുടെ കഷ്ടപ്പാടുകൾ എണ്ണിപ്പെറുക്കി പറയലാണ്. ജോലിക്കാരിയില്ലാ, രണ്ടാം ക്ലാസിൽ പഠിക്കുന്ന മൂത്ത കുട്ടിയുടെ മാർക്ക് കുറവാണ്, അങ്ങിനെ തുടങ്ങുന്നു വേവലാതികൾ. മകൾ അവിടെനിന്ന് ആവലാതിക്കത്തുകൾ അയക്കാനും അമ്മ അതിനൊക്കെ തുള്ളാനും. ഇതെല്ലാം കേൾക്കുന്നതിലും ഭേദം ഇവിടെ വന്നിരിക്കുകയാണ്. രണ്ടു കുട്ടികൾ. അവർ നന്നായി ജോലിയെടുക്കും. മാലതി അധികമൊന്നും സംസാരിക്കില്ല. അവളുടെ സംസാരം കൂടി നാൻസി ഏറ്റെടുത്തിരിക്കുന്നു. അവളുടെ തമാശകൾ കേട്ടുകൊണ്ട് നേരം പോകുന്നു. രണ്ടു പേരുടെ ശമ്പളത്തിനും വാടകയ്ക്കുമുള്ള പണം കിട്ടും. അത്രമാത്രം. അതൊക്കെ പോരെ?

പോരാ എന്നാണ് നാൻസി പറയുന്നത്. സാറ് ഒന്നു രണ്ടു കമ്പ്യൂട്ടർ കൂടി വാങ്ങണം, നല്ല രണ്ടു പയ്യന്മാരെ ടൈപ്സെറ്റേഴ്സായി നിയമിക്കണം എന്ന് അവൾ പറയുന്നു. ആൺപിള്ളേരില്ലാത്ത ഓഫീസ് എന്തിനു കൊള്ളും?

നാൻസിയുടെ മനസ്സിലിരിപ്പ് ഭാസ്കരൻ നായർക്കു ഉടനെ മനസ്സിലാവുന്നു. തന്റെ ഓഫീസ് നന്നാക്കാനുള്ള നാൻസിയുടെ വ്യഗ്രതയെ അദ്ദേഹം അഭിനന്ദിക്കുന്നു. അയാൾ ചോദിക്കുന്നു.

'രണ്ട് ആൺപിള്ളേരു തന്നെ വേണമല്ലേ?'

'അതേ, ഇവിടെ ഞങ്ങൾ രണ്ട് പെൺപിള്ളേരല്ലേ ഉള്ളതു?'

'ഒരാളെ വെക്കാം. പിന്നെ ഞാനൊരുത്തനില്ലേ ആണായിട്ട്?'

'സാറ്...' അവൾ നിർത്തി. പിന്നെ ഭാസ്കരൻ നായരുടെ കഷണ്ടി കയറിയ തലയിലും മുഖത്തും നോക്കിക്കൊണ്ട് പറഞ്ഞു.

'അത് മാലതീടെ ഇഷ്ടം.'

അയാൾ ഉറക്കെ ചിരിക്കാൻ തുടങ്ങി.

# രണ്ടാം ദിവസം

രാവിലെ ഉണർന്നപ്പോൾ നാൻസി ആലോചിച്ചു. മറ്റൊരു ദിവസംകൂടി തന്റെ മണ്ടയിലിട്ടിരിക്കുന്നു. ദൈവമേ, അതിന്റെ ആവശ്യമുണ്ടായിരുന്നോ. വെറും സാധാരണ ദിവസം. ഇതുകൊണ്ട് ഞാനെന്തു ചെയ്യാനാണ്? എഴുന്നേൽക്കണം, പല്ലു തേക്കണം, കുളിക്കണം. മേൽക്കുളി മാത്രമേയുള്ളൂ. തല കഴുകുന്നത് വൈകുന്നേരമാണ്. രാവിലെ തലകുളിച്ചാൽ മുടി ഉണങ്ങിക്കിട്ടില്ല. ചേച്ചിയുടെ കയ്യിൽ ഡ്രൈയറുണ്ട്. കഴിഞ്ഞ പ്രാവശ്യം ഭർത്താവ് ദുബായിൽനിന്നു ലീവിൽ വന്നപ്പോൾ കൊണ്ടുവന്നതാണ്. അത് ചേച്ചിതന്നെ ഉപയോഗിക്കാതെ അമൂല്യനിധിയായി അലമാറിയിൽ വച്ചിരിക്കയാണ്. പുറപ്പെട്ടു, ചേച്ചിയുണ്ടാക്കിയ പുട്ടും കടലയും... പുട്ടും കടലയും! ദൈവമേ എന്നെങ്കിലും കുറച്ചുകൂടി തിന്നാൻ കൊള്ളാവുന്ന സാധനങ്ങളുണ്ടാക്കാൻ ചേച്ചിയെക്കൊണ്ട് തോന്നിക്കണമേ!

സ്വർണ്ണബക്കിളുകളുള്ള തോൽസഞ്ചി തോളിലിട്ട് അവൾ വാതിൽ തുറന്നു. മുട്ടുകുത്തി ഇരുന്നുകൊണ്ട്, മുമ്പിൽ പ്രതീക്ഷകളോടെ നിൽക്കുന്ന നെൽസനെ അടുത്തു പിടിച്ചു. അവന്റെ മുഖം നിറയെ ഐസ്ക്രീം പരന്നിരിക്കുന്നു. ഉമ്മ കൊടുക്കാൻ ഒരു പഴുതിനുവേണ്ടി അവൾ പരതി. ഇല്ല ഒരിഞ്ചു പഴുതില്ല.

'എന്തിനാ ചേച്ചീ ഈ കൊച്ചിന് രാവിലെത്തന്നെ ഐസ്ക്രീം കൊടുത്തതു?'

'ഓ, ഞാൻ കൊടുത്തിട്ട് വേണല്ലോ അവന്?'

കാര്യം ശരിയാണ്. അവൻ തന്നെ ഫ്രിഡ്ജ് തുറന്ന് മുമ്പിൽ ഒന്നോ രണ്ടോ ഡബ്ബകൾ വച്ച് അതിനുമുകളിൽ കയറി ഫ്രീസറെന്ന സ്വർഗ്ഗത്തിലെത്തുന്നു. പിന്നെ കയ്യിട്ടു മാന്തലാണ്.

'ഞാനെങ്ങനാ ഇതിനൊരുമ്മ കൊടുക്ക്വാ?'

അന്വേഷണം നിർത്തി, അവസാനം ഒരുമ്മ അവന്റെ മുഖത്തേയ്ക്ക് കാറ്റിൽ പറത്തി കാര്യം കഴിച്ച് അവൾ പുറത്തേയ്ക്കിറങ്ങി.

പ്ലാറ്റ്ഫോമിൽ കടന്നപ്പോഴാണ് ഒരു വണ്ടി വരുന്നത് കണ്ടത്. വൈകിയോടുന്ന ഏതെങ്കിലും വണ്ടിയായിരിക്കും. അതിൽ കയറാം ആലുവാ എത്തുമ്പോഴേയ്ക്ക് സീറ്റു കിട്ടാതിരിക്കില്ല. അല്ലെങ്കിൽ വേണ്ട. തന്റെ സ്ഥിരം പുഷ്പുൾ തന്നെ വരട്ടേ. അതിൽ അവൾക്ക് പ്രതീക്ഷിക്കാൻ ചിലതൊക്കെയുണ്ട്. മൂന്നു മാസമായി നഷ്ടപ്പെട്ട ചിലത്. ഒരു നോട്ടം മാത്രമായിരിക്കാം. അതു മതി. ആ നോട്ടം അവളെ ഒരു ദിവസം മുഴുവൻ കൊണ്ടു നടക്കുന്നു.

പുഷ്പുൾ പ്രസരിപ്പോടെ പ്ലാറ്റ്ഫോമിലെത്തിച്ചേർന്നു. എഞ്ചിൻറൂമിൽനിന്ന് പുറത്തേക്കു പറന്നു വന്ന ചിരി തിരിച്ചുകൊടുത്ത് അവൾ വേഗം തൊട്ടടുത്തുള്ള കമ്പാർട്ടുമെന്റിൽ കയറി. അവളുടെ ഗാങ്ങ് അവൾക്കായി കരുതിവച്ച സീറ്റിൽ അമർന്നിരുന്നപ്പോൾ അവൾ ആലോചിച്ചു. ഞാൻ വീണ്ടും പ്രണയത്തിന്റെ നറുമണം പൊഴിക്കുന്ന പൂന്തോട്ടത്തിലെത്തിച്ചേർന്നിരിക്കുന്നു. ഇത്രയും കട്ടപ്പമുള്ള വാക്കുകൾ മനസ്സിൽ വന്നതിൽ അവൾക്ക് സ്വയം മതിപ്പുതോന്നി. എഞ്ചിൻറൂമിലെ സുന്ദരമുഖം തല്ക്കാലം മനസ്സിൽ നിന്ന് തുടച്ചുമാറ്റി കൂട്ടുകാരികളുമായി സംസാരിക്കാൻ തുടങ്ങി. വണ്ടി നീങ്ങിയപ്പോൾ അവർ നിർത്തിവച്ച അന്താക്ഷരി വീണ്ടും തുടങ്ങി. അതങ്ങിനെയാണ്. സ്റ്റേഷനിൽ വണ്ടി നിന്നാൽ കളി നിർത്തും, പുറപ്പെട്ടാൽ നിന്നിടത്തു നിന്നുതന്നെ തുടങ്ങും. അതിന്റെ കണിശം നാൻസിയെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരിക്കലെങ്കിലും പറഞ്ഞുനിർത്തിയ പാട്ടു മറന്നുപോവുകയോ അടുത്തു പാടാനുള്ള പാട്ടിന്റെ ഈരടികൾ നാവിൽ വരാതിരിക്കയോ ചെയ്യില്ല. സ്റ്റേഷനിൽ വണ്ടി നിർത്തുമ്പോഴുണ്ടാവുന്ന വിരസത അവർ മനസ്സിന്റെ തൽക്കാല സ്റ്റോർ റൂമിൽ, ഓർമ്മയിൽ നിന്നെടുത്ത പാട്ടുകൾ നിറക്കുക വഴി ഇല്ലാതാക്കുന്നു. അതുകൊണ്ട് ഒരോ സ്റ്റേഷൻ പിന്നിടുമ്പോഴും അവർ ടാങ്കു നിറയെ പെട്രോളടിച്ച വണ്ടിപോലെ ഇരമ്പുന്നു.

തനിക്ക് മത്സരിക്കാൻ കഴിയില്ലെന്ന് നാൻസിക്കറിയാം. പാട്ടുകൾ ഇഷ്ടപ്പെടാത്തതുകൊണ്ടല്ല. അവ ഓർമ്മയിൽ വരില്ല. മനസ്സിൽ മറ്റു പ്രധാനപ്പെട്ട കാര്യങ്ങളാണ്. രണ്ടു ദിവസം തുടർച്ചയായി കണ്ടിരുന്ന ഒരാളെ മൂന്നാം ദിവസം കാണാതിരുന്നാൽ അതിനുള്ള കാരണങ്ങൾ അന്വേഷിക്കണം. ലേഡീസ് സ്റ്റോറുകളിലെ സേയിൽസ്മാൻമാർ നല്ല ജോലികിട്ടി പോയാലുണ്ടാകുന്ന വിടവ് നികത്തണം. ഇതിനൊക്കെയിടയിൽ പാട്ടുകളോർത്തിരിക്കാൻ വിഷമമാണ്. അവൾ സിനിമ കണ്ടിരുന്നത് പുതിയ ചൂരിദാറുകളുടെയും മാലകളുടെയും ഫാഷൻ അറിയാനായിരുന്നു. പിന്നെ നായകന്മാരെ കാണാനും. പാട്ടുകൾ അവളിൽ വലിയൊരു മതിപ്പ് ഉണ്ടാക്കിയിരുന്നില്ല.

തോൽവിയുടെ ചീത്ത ചുവയും വായിൽപേറി അവൾ കമ്പാർട്ടുമെന്റിൽനിന്നു പുറത്തുകടന്നു. സ്നേഹിതകൾ കമ്പാർട്ടുമെന്റിനുള്ളിൽ മാത്രമായിരുന്നു. പുറത്ത് അവൾ ഒറ്റയ്ക്കു നടക്കാൻ ഇഷ്ടപ്പെട്ടു. അവളുടെ സ്വകാര്യതയിൽ കൈകടത്താൻ അവളാരെയും അനുവദിച്ചില്ല. നടുറോട്ടിലായിരുന്നു അവളുടെ സ്വകാര്യതയെന്നത് വേറെ കാര്യം. അവൾ പാലത്തിനു മീതെ പോകാതെ വണ്ടിയുടെ മുന്നിലേയ്ക്കു പ്ലാറ്റ്ഫോമിലൂടെ നടന്നു. ഡ്രൈവർ ചിരിക്കുകയാണ്. അയാളുടെ നോട്ടത്തിൽ ചോദ്യമുണ്ട്. എന്താണ് പാലത്തിന്മേൽ കയറാതെ പാളങ്ങൾ മുറിച്ചു കടക്കുന്നതെന്ന ചോദ്യം. അവൾക്കും ചോദ്യമുണ്ടായിരുന്നു. കഴിഞ്ഞ മൂന്നു മാസക്കാലം എവിടെയായിരുന്നു? ചോദിക്കാത്ത ചോദ്യങ്ങൾ മനസ്സിൽ കിടന്ന് വിങ്ങിയപ്പോൾ അവൾക്ക് ദ്വേഷ്യം പിടിച്ചു. അവൾ ഒന്നും പറയാതെ തലവെട്ടിച്ചു നടന്നു റെയിൽപാളങ്ങൾ മുറിച്ചുകടക്കാൻ തുടങ്ങി. വിലങ്ങനെയിട്ട രണ്ടു വണ്ടികളിൽ കയറിയിറങ്ങിയതു ലാഭം. ദിവസത്തിന്റെ ലാഭനഷ്ടക്കണക്കുകളുടെ പേജിൽ അതു കുറിച്ചിട്ടുകൊണ്ട് അവൾ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലെത്തി.

ഷോപ്പിൽ മാലതി കമ്പ്യൂട്ടറിനു മുമ്പിൽ ജോലി തുടങ്ങിയിരുന്നു. ചേമ്പറിൽ, മുകളിൽ നിന്നുള്ള സ്പോട്ട് ലൈറ്റ് ഭാസ്കരൻ നായരുടെ കഷണ്ടിത്തലയിൽ ഒരു നിലവിളക്കു കൊളുത്തിവച്ച പ്രതീതിയുണ്ടാക്കി. ആദ്യമുണ്ടായ വികാരം മുമ്പിൽ പോയി ഒരു ശ്രീകോവിലിലെന്ന പോലെ തൊഴാനാണ്. അവൾ പള്ളിയിൽ പോകുന്ന പോലെത്തന്നെ അമ്പലത്തിലും പോയിരുന്നു. ചേച്ചി അവളെ ശാസിക്കാറുണ്ട്. നമ്മുടെ മതത്തിന് പറ്റിയതല്ല അമ്പലത്തിൽ പോക്കും മറ്റും. നമുക്ക് നമ്മുടെ വിശ്വാസങ്ങൾ, അവർക്ക് അവരുടേതും. നാൻസി പക്ഷേ, കൂടുതൽ ചിന്തിച്ചിരുന്നു. ദൈവമുണ്ടോ ഇല്ലയോ എന്നവൾക്കു നിശ്ചയമില്ല. ചില കാര്യങ്ങൾ കാണുമ്പോൾ തോന്നും ദൈവമില്ല എന്ന്. ഉദാഹരണമായി മോഹൻലാലിന്റെ പുതിയ സിനിമ കാണാൻ ആർത്തി പിടിച്ച് പോകുമ്പോൾ ടിക്കറ്റ് കിട്ടാതിരിക്കുക, ബോസ് പുറത്തുപോയ തക്കം നോക്കി ആൺപിള്ളേരെ ആരെയെങ്കിലും ഫോണിൽ വിളിച്ചു കൊണ്ടിരിക്കെ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയുന്ന നിർണ്ണായകഘട്ടത്തിൽ അദ്ദേഹം തിരിച്ചുവരിക തുടങ്ങിയ ദുരന്തങ്ങൾ വരുമ്പോൾ അവൾക്കു തോന്നും ദൈവമില്ല എന്ന്. എങ്കിലും ഒരു റിസ്ക് എടുക്കാൻ അവൾ ശ്രമിച്ചില്ല. ദൈവമില്ലെങ്കിൽ കുഴപ്പമില്ല. പക്ഷേ, ഉണ്ടെങ്കിലോ? ഉണ്ടെങ്കിൽ അത് പള്ളിയിലെന്നപോലെ അമ്പലങ്ങളിലും ഉണ്ടാവാനാണ് സാധ്യത. ഇത് മുൻകൂട്ടിക്കണ്ട് അവൾ അമ്പലത്തിലും പോയി. മാത്രമല്ല ചെറുപ്പക്കാരനും സുമുഖനുമായ ശാന്തിക്കാരന്റെ അർദ്ധനഗ്നദേഹം അവൾക്കിഷ്ടമായിരുന്നു. വെളുത്ത് വിരിഞ്ഞ മാറിൽ നിറയെ രോമങ്ങൾ. ആകെ പുതച്ചുമൂടിയ പള്ളീലച്ചന്റെ ദേഹവുമായി അവൾ താരതമ്യപ്പെടുത്തും. പള്ളീലച്ചനും ചെറുപ്പക്കാരനും സുമുഖനും തന്നെയാണ്. പക്ഷേ, വസ്ത്രധാരണത്തിലുള്ള വ്യത്യാസം ശാന്തിക്കാരന് ഒരു മാർക്ക് കൂട്ടിക്കൊടുത്തു. പ്രസാദം തരുമ്പോൾ ശാന്തിക്കാരന്റെ കണ്ണുകൾ അവളുടെ ദേഹം ആരാധനയാൽ ഉഴിഞ്ഞു അസ്വാസ്ഥ്യമുണ്ടാക്കുമ്പോൾ അവൾ അതേ കർമ്മം കൊണ്ട് ശാന്തിക്കാരനെയും വിഷമിപ്പിച്ചു. അമ്പലത്തിൽനിന്നു പുറത്തു കടക്കുമ്പോൾ ലാഭനഷ്ടക്കണക്ക് തുല്യമായിരിക്കും.

'ഇന്നെന്താ സമയത്തിനു തന്നെ എത്തിയിട്ടുണ്ടല്ലോ?' ഭാസ്കരൻ നായർ വിളിച്ചു പറഞ്ഞു.

'അദ്ഭുതങ്ങൾ സംഭവിക്കാം അല്ലേ?'

'ഞാനല്ലെങ്കിലേ ദ്വേഷ്യം പിടിച്ചിട്ടാ വരുന്നത്.' നാൻസി പറഞ്ഞു. 'ഇനി സാറും എന്നെ ദ്വേഷ്യം പിടിപ്പിക്കണ്ട.'

'എന്തു പറ്റീ മോളെ?' അയാൾ ചേമ്പറിനു പുറത്തു കടന്നുകൊണ്ട് ചോദിച്ചു.

'ഒന്നുമില്ല.'

'ഇന്ന് എഞ്ചിൻ ഡ്രൈവർ നിന്നെ നോക്കി ചിരിച്ചില്ലേ?'

'ചിരിച്ചു. അതാണ് എനിക്ക് ദ്വേഷ്യം പിടിക്കാൻ കാരണം.'

ഭാസ്കരൻ നായർ ആശയക്കുഴപ്പത്തിലായി. ഒരു ചെറുപ്പക്കാരൻ നോക്കി ചിരിച്ചില്ലെങ്കിൽ മാത്രം ദ്വേഷ്യം പിടിക്കുന്ന ആളാണ് മുമ്പിൽ നിൽക്കുന്നതു? അപ്പോൾ കുഴപ്പം മറ്റെന്തോ ആണ്. അയാൾ നാൻസിക്ക് ചെയ്യാനുള്ള ജോലി ഏൽപ്പിച്ചു കൊടുത്തു, തന്റെ ചേമ്പറിൽ പോയി. മകന്റെ കത്തുണ്ട്. 'അച്ഛൻ ഇന്റർനെറ്റെടുക്കു. ഞാൻ ഇ-മെയിലിൽ ദിവസവും ബന്ധപ്പെടാം. ഒരു ലോക്കൽ കാളിന്റെ ചിലവിൽ എനിക്ക് അമേരിക്കയിൽനിന്ന് ഇ-മെയിൽ അയക്കാം. എത്ര ചിലവു വരുമെന്ന് അറിയിക്കു, ഞാൻ ചെക്കയച്ചുതരാം.'

അവന് വട്ടാണ്!

# മൂന്നാം ദിവസം

മൂന്നാം ദിവസം? ഡയറിയിൽനിന്ന് പെന്നെടുക്കാതെ അവൾ ആലോചിച്ചു. ഇതെന്താണ് വല്ല ആട്ടക്കഥയോ മറ്റോ ആണോ? സ്ഥലത്തെ കഥകളി ക്ലബ്ബുകാർ ടൈപ്സെറ്റുചെയ്യാൻ കൊണ്ടുവരുന്ന നോട്ടീസുകളുടെ ഉള്ളടക്കം വായിച്ച് നാൻസി ഒരു കഥകളി വിദഗ്ധയായിരുന്നു. നളചരിതം രണ്ടാം ദിവസം, അല്ലെങ്കിൽ മൂന്നാം ദിവസം. നോട്ടീസ് ടൈപ്പുചെയ്യാൻ കൊണ്ടുവന്നിരുന്നത് വലിയ കണ്ണുകൾക്കുചുറ്റും കണ്ണെഴുതിയപോലെ പാടുള്ള ശിശുവിന്റെ മുഖമുള്ള ഒരാളായിരുന്നു. അയാളെ നാൻസി ആദ്യത്തെ തവണതന്നെ ഒരുതരത്തിലുള്ള ത്യാഗബോധവും നഷ്ടബോധവുമില്ലാതെ മാലതിയ്ക്കു വിട്ടുകൊടുത്തിരുന്നു. അവൾ നോട്ടീസ് ടൈപ് ചെയ്യുമ്പോൾ കഥകളിക്കാരൻ മാലതിയുമായി സംസാരിച്ചു. അതു കേട്ടുകൊണ്ടാണ് കത്തി, താടി മുതലായ വേഷങ്ങളിൽ നാൻസിക്ക് അവഗാഹമുണ്ടായത്. അയാൾ പോയിക്കഴിഞ്ഞാൽ നാൻസി പറയും. 'അയാൾ ഒരഞ്ചു മിനിറ്റ് അടുത്തിരുന്നാൽ എന്റെ മുല ചുരക്കും.'

നാൻസി പെട്ടെന്ന് തിരിച്ചുവന്നു. ഡയറി എഴുതാനാണ് ഒരുമ്പെട്ടത്. രാവിലെ വണ്ടിയിറങ്ങി മേൽപ്പാലത്തിലേയ്ക്കു കയറാതെ പ്ലാറ്റ്ഫോമിന്റെ അറ്റത്തേയ്ക്കു ശുഭാപ്തിവിശ്വാസത്തോടെ നടക്കുമ്പോഴാണതുണ്ടായത്. എഞ്ചിൻറൂമിൽനിന്ന് അയാളുടെ വക ചില ആട്ടങ്ങൾ. കൈവിരൽകൊണ്ട് മുദ്രകൾ. മുഖത്ത് ഭാവാഭിനയം. കഥകളിയിൽ അത്രതന്നെ പാണ്ഡിത്യമില്ലാത്തതുകൊണ്ട് അവൾക്ക് കാര്യം പിടികിട്ടാൻ ഷോപ്പിൽചെന്ന് മാലതിയുമായി കുറച്ചുനേരം ആലോചിക്കേണ്ടി വന്നു.

അയാൾ ആദ്യം വാച്ച് തൊട്ടുകാണിച്ചു. പിന്നെ അഞ്ചു വിരലുകളും വിടർത്തിക്കാണിച്ചു. അതുകഴിഞ്ഞ് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലേയ്ക്ക് ചൂണ്ടിക്കാട്ടി ഒരു വിരൽ മാത്രം കാണിച്ചു. പിന്നെ അയാളെയും നാൻസിയെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള അഭിനയവും. ഇതെന്തുകാര്യമാണെന്ന മട്ടിൽ അവൾ വാപൊളിച്ചു നിന്നു. എന്തോ വലിയ കാര്യമായിരിക്കും പറയുന്നത്, പക്ഷേ, മനസ്സിലാവണ്ടേ? താൻ ആയിരക്കണക്കിന് യാത്രക്കാരുടെ ഇടയിൽ പ്ലാറ്റ്ഫോമിനു നടുവിലാണ് വാപൊളിച്ച് നിൽക്കുന്നത് എന്നു മനസ്സിലായപ്പോൾ അവൾ വായ അടച്ച് കിഴിഞ്ഞുപോയ ഷോൾ തോളിലേയ്ക്കുതന്നെ തിരിച്ചിട്ട് നടന്നു നീങ്ങി.

ഈ കാര്യം പറഞ്ഞപ്പോൾ മാലതി കുറച്ചു നേരം ആലോചിച്ചു. കഥകളിക്കാരനുമായുള്ള നിരന്തര സംസർഗ്ഗം അവളെ സഹായിച്ചു. വാച്ചുതൊട്ടു കാണിച്ച മുദ്ര സമയത്തെ സൂചിപ്പിക്കാനായിരിക്കുമെന്ന് അവൾ സംശയം പറഞ്ഞു. തൊട്ടുതന്നെ അഞ്ചു വിരലുകൾ വിടർത്തിക്കാണിച്ചത് അഞ്ചുമണി എന്നു സൂചിപ്പിക്കാനായിരിക്കും. അതായത് അഞ്ചുമണിനേരത്ത് എന്നർത്ഥം. നാൻസി മാലതിയെ ആദരവോടെ അഭിനന്ദനങ്ങളോടെ വീക്ഷിച്ചു, തുടർന്നുള്ള മുദ്രകളേയും വിവർത്തനം ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. മാലതി തുടർന്നു.

'ഒന്നാം നമ്പർ പ്ലാറ്റ്ഫോമിനു നേരെ ചൂണ്ടി ഒരു വിരൽ കാണിച്ചത് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ എന്നു പറയാനായിരിക്കണം. അതു കഴിഞ്ഞ് നിന്നെയും അയാളെയും ബന്ധിപ്പിച്ചു നടത്തിയ മുദ്ര എന്തിന്റേതായിരിക്കണം?'

'ആഹ്, ആർക്കറിയാം?'

'അയാള് കണ്ണുതൊട്ട് കാണിച്ചുവോ?'

'ഇല്ലാ.'

'കണ്ണുതൊട്ടു കാണിക്ക്യാണെങ്കില് അയാൾക്ക് നിന്നെ കാണണംന്ന് പറയ്യാണ്.'

ഭാസ്കരൻ നായർ ചേമ്പറിൽനിന്ന് വന്ന് മാലതിയുടെ തൊട്ടു പിന്നിലായി നിന്നത് അപ്പോഴാണ് നാൻസി കണ്ടത്.

'ദൈവമേ!'

അയാൾ അവിടെ നിൽക്കാൻ തുടങ്ങിയിട്ട് കുറച്ചു നേരമായെന്നു തോന്നുന്നു. മുദ്രകൾ വിവർത്തനം ചെയ്യിക്കുന്ന അദ്ധ്വാനത്തിൽ നാൻസി അതു ശ്രദ്ധിച്ചില്ല. അവൾ പെട്ടെന്ന് കീബോർഡിലേയ്ക്കു തിരിഞ്ഞ് ടൈപ്പുചെയ്യാൻ തുടങ്ങി. ഭീഷണി തൊട്ടു പിന്നിൽ വന്നുനിൽക്കുന്നത് കണ്ടിട്ടില്ലാത്തതുകൊണ്ട് മാലതി തുടർന്നു.

'നീയൊരു കാര്യം ചെയ്യ്, അഞ്ചുമണിക്ക് ഒന്നു പോയിനോക്ക്. നിന്റെ വണ്ടീടെ സമയാണല്ലോ. എന്താണയാൾ പറേണത്ന്ന് നോക്കാലോ?'

നാൻസി ധൃതിയിൽ ടൈപ്പുചെയ്യുകയാണ്. എങ്ങുമില്ലാത്ത ധൃതി. പെട്ടെന്നവൾക്ക് വിഷയത്തിൽ ഒട്ടും താല്പര്യമില്ലാത്ത പോലെ. അപ്പോഴാണ് മാലതി ഭാസ്കരൻ നായരെ കാണുന്നത്.

'ദൈവമേ!'

അരമണിക്കൂറായി ഭാസ്കരൻ നായർ സംസാരിക്കുകയായിരുന്നു. നാൻസി കണക്കാക്കി. ശരിക്കും അര മണിക്കൂർ സമയം തനിക്കുവേണ്ടി അദ്ദേഹം പാഴാക്കിയിരിക്കുന്നു. നാലേകാൽ തൊട്ട് നാലേമുക്കാൽ വരെ. മനുഷ്യന്റെ സ്വഭാവം രൂപീകരിക്കുന്നതിനെപ്പറ്റിയായിരുന്നു പ്രസംഗം. ഒരിക്കലും ഒരെഞ്ചിൻ ഡ്രൈവറെ സ്നേഹിക്കരുത്. അദ്ദേഹം പറഞ്ഞു. അവരുടെ ജീവിതം ചക്രങ്ങളുടെ മേലാണ്. ഉരുളുന്ന ചക്രങ്ങൾക്ക് അധികനേരം ഒരിടത്തും ഉറച്ചു നിൽക്കാനാവില്ല. കാലക്രമത്തിൽ അതിനു മേലെ സഞ്ചരിക്കുന്ന മനുഷ്യർക്കും ആ സ്വഭാവം വന്നുചേരുന്നു. അവരുടെ രക്തത്തിൽ, മജ്ജയിൽ ഉരുളുന്ന ചക്രങ്ങൾ സ്ഥാനം പിടിക്കുന്നു. പിന്നെ വേറൊരു കാര്യമുള്ളത് അവർ ഓടുന്നത് വളവില്ലാത്ത നെടുങ്കൻ പാളങ്ങളിലാണെന്നതാണ്. ഒരു ട്രാക്കിൽ മാത്രം ചിന്തിക്കാൻ അതവരെ പ്രേരിപ്പിക്കുന്നു. അതായത് അവരുടെ കാര്യം മാത്രം. നീ പിന്നീട് ഖേദിക്കും.

പ്രസംഗം കഴിഞ്ഞപ്പോൾ സമയം നാലേമുക്കാലായിരിക്കുന്നു. അവൾ നന്ദി പറഞ്ഞ് പുറപ്പെടാൻ കുളിമുറിയിലേയ്ക്കുപോയി. നിർണ്ണായകമായ ആ അഞ്ചുമിനിറ്റിനു ശേഷം സുന്ദരിയായി പുറത്തു വന്ന അവൾ സ്റ്റേഷനിലേയ്ക്കു നടന്നു. അവിടെ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലേയ്ക്കു പ്രവേശിക്കുന്നിടത്ത് അയാൾ നിൽക്കുന്നുണ്ടായിരുന്നു. എഞ്ചിൻ ഡ്രൈവർ!

# നാലാം ദിവസം

ഇതൊരു പൈങ്കിളിക്കഥയാക്കാൻ എനിക്ക് താല്പര്യമില്ല. നാൻസി സ്വയം പറഞ്ഞു. ഉറങ്ങാൻ കിടക്കുമ്പോൾ അവൾ ദിവസഫലത്തേക്കുറിച്ച് ചിന്തിച്ചു. പാഴായ മറ്റൊരു ദിവസം മാത്രം. എഞ്ചിൻ ഡ്രൈവറുടെ പരതുന്ന കണ്ണുകൾ അവൾ ദൂരെനിന്നു തന്നെ കണ്ടതാണ്. അയാൾ നാൻസിയെ കണ്ടിട്ടില്ലെന്നു തീർച്ചയാണ്. മൂന്നോ നാലോ വണ്ടികൾ ഒരു മണിക്കൂറിന്റെ കാലയളവിൽ പുറപ്പെടുന്നുണ്ട്. അതുകൊണ്ട് വൈകുന്നേരമായാൽ സ്റ്റേഷൻ പരിസരം പെരുന്നാൾ ദിവസത്തെ പള്ളിയങ്കണം പോലെയാണ്. ആ തിരക്കിൽ ഒരാളെ കണ്ടുപിടിക്കുക എളുപ്പമല്ല. അയാൾ വിശാലമായ കവാടത്തിനു മുമ്പിൽത്തന്നെയാണ് നിന്നിരുന്നത് തന്നെ കണ്ടുപിടിക്കാൻ കാമുകിക്ക് പ്രയാസം വേണ്ടെന്നു കരുതിയായിരിക്കും. മാലതിയുടെ വിവർത്തനം ശരി തന്നെയാണ്. അഞ്ചുമണിക്ക് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ കാണണമെന്നു തന്നെയാണ് അയാൾ ഉദ്ദേശിച്ചത്. അവൾ പെട്ടെന്ന് ഗതി മാറ്റി വലത്തു വശത്തേയ്ക്കു നടന്നു, ക്ലോക്ക്റൂമിന്റെ കവാടത്തിലൂടെ പ്ലാറ്റ്ഫോമിലേയ്ക്കു കയറി മുമ്പിൽ കണ്ട വണ്ടിയിൽത്തന്നെ പൊത്തിപ്പിടിച്ചു കയറി. ഗാർഡ് പച്ചക്കൊടി വീശുന്നുണ്ടായിരുന്നു. വണ്ടി നീങ്ങി. അകത്തു കടന്നപ്പോഴാണ് വണ്ടി ഏതാണെന്ന് അന്വേഷിക്കുന്നതായിരിക്കും ബുദ്ധിയെന്ന് ഓർത്തത്. മുമ്പിൽത്തന്നെ നിൽക്കുന്ന മനുഷ്യനോടു ചോദിച്ചപ്പോൾ മറുപടികിട്ടി. 'വേണാട്ട് എക്സ്പ്രസ്സ്.'

'കർത്താവേ, തിരുവനന്തപുരത്തേയ്ക്കു പോകുന്ന വണ്ടി!'

അവൾ ചാടിയിറങ്ങി. ഇറങ്ങിയെന്നു പറയുന്നതു ശരിയാവില്ല. താഴേയ്ക്കു വീണു എന്നു പറയുന്നതായിരിക്കും ഭംഗി. ശരിക്കും തലകുത്തി നല്ല സ്റ്റൈലിൽ 'ഇതാ ഞാൻ പോകുന്നു' എന്നു പറയാനുള്ള സാവകാശത്തിൽ അവൾ പ്ലാറ്റ്ഫോമിലേയ്ക്കു വീണു. സ്ലോമോഷനിൽ വീണുകൊണ്ടിരിക്കേ തൊട്ടടുത്തുള്ള ഭാവി അവൾ മനസ്സിൽ കണ്ടു. സ്റ്റ്രെച്ചർ, ആംബുലൻസ്, ഗ്ലാമറോടെ ആശുപത്രിയിലേയ്ക്കുള്ള യാത്ര.

മനസ്സിലെ സ്വപ്നങ്ങളെയെല്ലാം തകർത്തുകൊണ്ട് അവൾ വീണത് ബലിഷ്ഠങ്ങളായ രണ്ടു കൈകളിലേയ്ക്കായിരുന്നു. അവൾ കണ്ണുതുറന്ന് ആ കൈകളുടെ ഉടമയുടെ മുഖത്തേയ്ക്കു നോക്കി. അത് ആ എഞ്ചിൻ ഡൈവറായിരുന്നു.

'ഓ, നിങ്ങളാണോ?' അവൾ അല്പം നിരാശയോടെ ചോദിച്ചു.

'മമ്മൂട്ടിയെയോ മോഹൻലാലിനെയോ പ്രതീക്ഷിച്ചു?'

അവളെ നിലത്തിറക്കിവയ്ക്കാൻ അയാൾ ധൃതിയൊന്നും കാണിച്ചില്ല.

'എന്നെ നിലത്തിറക്കിവച്ചാൽ എനിക്ക് അടുത്ത വണ്ടിക്കു പോകാമായിരുന്നു.'

'എന്താണ് ധൃതി?'

അയാൾ അവളെ ഒന്നുകൂടി അടുപ്പിച്ചു പിടിച്ചു. ചുറ്റും ആളുകൾ കൂടിയിരുന്നു. യൂനിഫോമിട്ട സ്റ്റേഷൻ മാസ്റ്റർ ഓടിവന്നു ചോദിച്ചു.

'ഒന്നും പറ്റിയിട്ടില്ലല്ലോ?'

'ആർക്ക് സാർ, എനിക്കോ?' അവളെ നിലത്തിറക്കിവച്ചുകൊണ്ട് അയാൾ ചോദിച്ചു.

അവളുടെ കാലുകൾ വിറക്കുന്നുണ്ടായിരുന്നു. ഒരഞ്ചു മിനുറ്റെങ്കിലും വേണ്ടിവരും തനിക്ക് മര്യാദയ്ക്ക് നടന്നു പോകാനെന്ന് അവൾക്കു മനസ്സിലായി.

'രാജൻ ഒരു കാര്യം ചെയ്യൂ,' സ്റ്റേഷൻ മാസ്റ്റർ പറഞ്ഞു. 'ഈ കുട്ടിയ്ക്ക് ഒരു ചായ വാങ്ങിക്കൊടുക്കു. ആള് ആകെ ഷോക്കിലാണ്.'

'ശരി സാർ.' അയാൾ നാൻസിയെ നോക്കി പറഞ്ഞു. 'വരൂ.'

ആരോ അവളുടെ ബാഗ് നിലത്തുനിന്ന് എടുത്തു കൊടുത്തിരുന്നു. അതുമായി അയാളുടെ പിന്നിൽ നടക്കുമ്പോൾ അവൾ ആലോചിച്ചു. ആദ്യ റൗണ്ടിൽ വിജയം അയാൾ തട്ടിയെടുത്തിരിക്കുന്നു. വരട്ടെ ഇനിയുമുണ്ടല്ലോ റൗണ്ടുകൾ!

'ആത്മഹത്യ ചെയ്യാൻ വേറെ എന്തൊക്കെ വഴികളുണ്ട്?' രണ്ടു കപ്പുകളിൽ ചായയുമായി വന്ന് അവൾക്കെതിരായി ഇരുന്നുകൊണ്ട് അയാൾ ചോദിച്ചു. 'അതിൽ ഇപ്പോൾ ചെയ്തതു തെരഞ്ഞെടുക്കാനെന്തെങ്കിലും കാരണം?'

'നിങ്ങളെങ്ങിനെയാണ് ഇവിടെയെത്തിയതു?' അവൾ ചോദിച്ചു.

'എന്നുവച്ചാൽ?'

'നിങ്ങൾ സ്റ്റേഷനു പുറത്താണല്ലോ നിന്നിരുന്നത്.'

'അപ്പോൾ എന്നെ ഒഴിവാക്കാനായിരുന്നു ക്ലോക്ക്റൂമിലൂടെ മുങ്ങിയത് അല്ലേ?'

'നിങ്ങൾ ബുദ്ധിമാനാണ്. ശരിയായിട്ടുള്ള ഊഹം. ഫുൾ മാർക്ക് തരുന്നു.'

'ഇത് ആദ്യം അറിഞ്ഞിരുന്നെങ്കിൽ താങ്ങുന്നതിനു പകരം കാലുകൊണ്ട് ട്രാക്കിലേക്ക് ഭംഗിയായി ഒരു തട്ടു വെച്ചുകൊടുത്തേനെ?'

'ദുഷ്ടാ!'

'തിന്നാനെന്തെങ്കിലും കൊണ്ടുവരട്ടേ? വട?'

അവൾ ലാഭനഷ്ടക്കണക്കെടുക്കുകയായിരുന്നു. ഈ മനുഷ്യനെ വെട്ടിച്ചുപോവാൻ നോക്കിയതിന്റെ ഫലമാണ് താൻ ഇപ്പോൾ അനുഭവിക്കുന്നത്. അപ്പോൾ നഷ്ടം നികത്താൻ എന്തെങ്കിലും തട്ടുകയാണ് നല്ലത്. അവൾ പറഞ്ഞു.

'മസാലദോശയാവാം?'

'അത്ര വലുതൊന്നും ഞാനുദ്ദേശിച്ചില്ല.' അയാൾ പറഞ്ഞു. 'ഒരു വട, അല്ലെങ്കിൽ പഴംപൊരി. ആട്ടെ.'

അയാൾ എഴുന്നേറ്റു പോയി. തിരിച്ചുവരുമ്പോൾ രണ്ടുപ്ലേയ്റ്റ് മസാലദോശയുണ്ടായിരുന്നു. ചട്ടിണിയും സാമ്പാറും ഓരോ കുള്ളികളിലായി വിളമ്പിയിരിക്കുന്നു.

'ഒരു ദോശ ഞാനെടുക്കുന്നതിൽ വിഷമമൊന്നുമില്ലല്ലോ?' അയാൾ പ്ലേയ്റ്റ് തന്റെ നേരെ നീക്കിക്കൊണ്ട് പറഞ്ഞു.

'വീണ കക്ഷി ഞാനാണ്. നിങ്ങൾക്ക് മസാലദോശ തിന്നേണ്ട ആവശ്യമെന്താണ്?'

നീങ്ങിപ്പോകുന്ന പ്ലേയ്റ്റ് അല്പം നിരാശയോടെ നോക്കിക്കൊണ്ട് അവൾ ചോദിച്ചു. രണ്ടെണ്ണവും അവൾക്ക് തിന്നാമെന്നു കരുതിയതാണ്. പോട്ടെ സാരമില്ല.

'ഭാരം താങ്ങിയതിനുള്ള കൂലി.' അയാൾ പറഞ്ഞു.

ദോശ തിന്നുകൊണ്ടിരിക്കെ അയാൾ ചോദിച്ചു.

'പേരു പറയാൻ വിരോധമുണ്ടോ?'

'ഇല്ല. നാൻസി.'

'ഓ, അച്ചായത്തിയാണല്ലേ? എന്നിട്ടാണോ നെറ്റിമേൽ ചന്ദനക്കുറിയൊക്കെ അണിയുന്നതു?'

'അമ്പലത്തിൽനിന്നു കിട്ടുന്നതാണ്.'

'ഓ, ഭക്തിയൊക്കെയുണ്ടോ?'

'ഇല്ല, ശാന്തിക്കാരനെ കാണാൻ പോകുന്നതാണ്. അയാള് നല്ല ഭംഗിയുണ്ട്.'

നാൻസി ഡയറി അടച്ചുവച്ചു. ചേച്ചി ഉറക്കമായിരുന്നു. തൊട്ടടുത്തു തന്നെ നെൽസൺ കിടക്കുന്നുണ്ട്. അവന്റെ തള്ളവിരൽ വായിനകത്താണ്. ഇടക്ക് പെട്ടെന്ന് ഓർമ്മ വന്നപോലെ അവൻ അത് വലിച്ചു കുടിക്കുന്നുമുണ്ട്.

മുറിയുടെ മറുവശത്തിട്ട കിടക്കയിൽ നാൻസി കിടന്നു. പൂജയല്ല പൂജാരി, അല്ലേ? എഞ്ചിൻ ഡ്രൈവർ പറഞ്ഞത് അവൾ ഓർത്തു. ഗാനമല്ല, ഗായകൻ. എഞ്ചിൻ അല്ല എഞ്ചിൻഡ്രൈവർ. അവൾ കൂട്ടിച്ചേർത്തു.

# അഞ്ചാം ദിവസം

'എഞ്ചിൻ ഡ്രൈവർക്ക് ഒരു പേരുണ്ടെന്ന് ഞാൻ കണ്ടുപിടിച്ചു.' നാൻസി പറഞ്ഞു.

ഭാസ്കരൻ നായർക്ക് അദ്ഭുതമൊന്നുമുണ്ടായില്ല. എല്ലാ എഞ്ചിൻ ഡ്രൈവർമാർക്കും പേരുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. പേരില്ലാത്തവർ എഞ്ചിൻ ഡ്രൈവർമാരാവില്ലെന്നുകൂടി അദ്ദേഹം പറഞ്ഞു. നാൻസി പറയുന്നതിൽ വലിയ കാമ്പൊന്നുമില്ല.

'ഞാൻ നിന്റെ അപ്പന് കത്തെഴുതുന്നുണ്ട്.' അദ്ദേഹം പറഞ്ഞു. 'നിന്റെ എഞ്ചിൻ പാളം തെറ്റുംമുമ്പ് നിന്നെ എവിടെയെങ്കിലും തളക്കാൻ പറയണം.'

'ഈ സാറ് അങ്ങിനെയൊക്കെ ചെയ്യുംന്ന് എനിക്കറിയാം.'

'രണ്ടുണ്ട് കാര്യം. ഒന്ന് നീ നേർവഴിക്കു നടക്കാൻ പഠിക്കും. രണ്ടാമത്, അതാണ് ഏറ്റവും പ്രധാനവും, നീ എന്റെ തലയിൽനിന്ന് ഒഴിവാകും.'

'ഞാനീ സാറിനോട്ട് കൂട്ടല.'

അവൾക്ക് ശരിക്കും ദ്വേഷ്യം പിടിച്ചിരുന്നു. താൻ ഭാസ്കരൻ നായർക്ക് ഒരു ബാദ്ധ്യതയാകുന്നുണ്ട് എന്ന തോന്നൽ ഇടക്കിടക്ക് അവൾക്കുണ്ടാവാറുണ്ട്. എന്തിനാണ് ആ മനുഷ്യൻ തനിക്ക് ശമ്പളം തന്ന് നിർത്തിയിരിക്കുന്നത്. അതിനുമാത്രമുള്ള ജോലിയൊന്നും ആ ഷോപ്പിൽ ഇല്ല, താൻ ചെയ്യുന്നുമില്ല. ഒരു സ്നേഹിതന്റെ മകളാണെന്ന ഒരേയൊരു പരിഗണനമൂലമാണ് അവളെ നിർത്തിയിരിക്കുന്നത്. മാലതി തുടക്കം തൊട്ടേ അവിടെയുണ്ടായിരുന്നു. ശരിക്കു പറഞ്ഞാൽ മാലതിക്കു ചെയ്യാനുള്ള ജോലിയേ അവിടെയുള്ളൂ. കൂടുതൽ ജോലിയുണ്ടെങ്കിൽ സാറിനു ചെയ്യാവുന്നതേയുള്ളൂ.

ട്രെയിൻ യാത്രയിൽ അന്താക്ഷരിക്കും വായിൽനോട്ടത്തിനുമിടയിൽ പെൺകുട്ടികൾ അവരവരുടെ ഓഫീസുകാര്യങ്ങളും സംസാരിച്ചിരുന്നു. അങ്ങിനെയാണ് ലതയുടെ ഓഫീസിൽ ഒരു കമ്പ്യൂട്ടർ ഓപ്പറേറ്ററെ ആവശ്യമുണ്ട് എന്നറിഞ്ഞത്. ഒരാഴ്ച മുമ്പ് പറഞ്ഞതായിരുന്നു. ഇപ്പോഴും ആ ഒഴിവ് ഉണ്ടോ എന്നറിയില്ല. ഉച്ചയ്ക്ക് ഒഴിവുസമയത്ത് പോയി നോക്കണം. നാൻസി പിന്നീടൊന്നും സംസാരിച്ചില്ല.

ഉച്ചയ്ക്ക് ഊണു കഴിച്ചു എന്നു വരുത്തി പുറത്തുകടന്നു. ബസ്സ്സ്റ്റോപ്പ് അടുത്തുതന്നെയാണ്. പത്മവഴിക്കുള്ള ബസ്സിൽ കയറിയിരിക്കുമ്പോൾ അവൾ പ്രാർത്ഥിച്ചിരുന്നത് ലത പറഞ്ഞിരുന്ന ജോലി നികത്തിയിട്ടുണ്ടാവല്ലെ എന്നാണ്. ഉച്ചച്ചൂടിൽ അവൾ ഉരുകി. എയർകണ്ടീഷൻ ചെയ്ത ഷോപ്പിൽ ചൂട് അറിഞ്ഞിരുന്നില്ല. രാവിലെ വരുമ്പോൾ ചൂട് തുടങ്ങുന്നേ ഉണ്ടാവൂ. പിന്നെ വൈകുന്നേരം പുറത്തിറങ്ങുമ്പോഴേയ്ക്ക് ചൂട് കുറഞ്ഞിട്ടുമുണ്ടാകും.

ലതയുടെ ഓഫീസ് വലുതായിരുന്നു. വലിയ ചില്ലുവാതിൽ കടന്നുചെന്ന നാൻസിയെ ആകർഷിച്ചത് ഉള്ളിലെ വിശാലതയായിരുന്നു. വിശാലമായ വിസിറ്റിങ്ങ്റൂമിൽ പതുപതുത്ത സോഫകളിൽ പത്തിരുപതുപേർക്ക് ഇരിക്കാം. ഒരു ഭാഗത്ത് റിസപ്ഷൻ കൗണ്ടർ. കൗണ്ടറിലിരിക്കുന്ന സുന്ദരിയുടെ പിന്നിൽ ചില്ലുകൾക്കപ്പുറത്ത് വിശാലമായ ഹാളിൽ നിറയെ ചെറുപ്പക്കാർ. നല്ല ഭംഗിയുള്ള ആൺപിള്ളേര്. നാൻസി ആലോചിച്ചു. ഇവരുടെ ഒപ്പം ജോലിയെടുക്കാൻ ശമ്പളം കിട്ടിയില്ലെങ്കിലും വേണ്ടില്ല.

'ഇതൊന്നും ഒന്നുമല്ല.' സോഫയിൽ നാൻസിയുടെ ഒപ്പം ഇരുന്നുകൊണ്ട് ലത പറഞ്ഞു. 'നീ വൈകീട്ട് ഒന്ന് വന്ന് കാണണം. പതിനഞ്ചു സെയ്ൽസ്മാൻമാരുണ്ട്. ഒക്കെ ഭംഗിള്ള പിള്ളേര്. ടൈകെട്ടി വെളുത്ത ഷർട്ടും ബ്രൌൺ പാന്റ്സുമായി ഓഫീസില് നിറയെ ഓടിനടക്കും. കൊതിയാവും. ഇപ്പോ എല്ലാരും പുറത്ത് സെയിൽസിനു പോയിരിക്ക്യാണ്.'

നാൻസി തീർച്ചയാക്കിക്കഴിഞ്ഞിരുന്നു.

ഇന്റർവ്യൂ തന്ന ആൾ മദ്ധ്യവയസ്കനായിരുന്നു. അയാൾക്ക് അദ്ഭുതമായി. കോറൽഡ്രോവിലും പേജ്മേക്കറിലും ജോലിയെടുത്തുകൊണ്ടിരിക്കുന്ന ഈ കുട്ടി എന്തിനാണ് കുറഞ്ഞ ശമ്പളത്തിന് ഈ അറുബോറൻ ജോലിയിൽ ചേരുന്നത്? ഡാറ്റാബേസിൽ ഇൻവെന്ററിയുണ്ടാക്കുകയാണ് ജോലി. ബുദ്ധി ആവശ്യമില്ലാത്ത, ഭാവന ആവശ്യമില്ലാത്ത മുഷിപ്പൻ ജോലി. അല്പം ഭാവനയുള്ള കുട്ടികൾ ഒന്നുകിൽ ഇതിൽനിന്ന് രക്ഷപ്പെടും, അല്ലെങ്കിൽ ഒരു കൊല്ലത്തിനുള്ളിൽ ആത്മഹത്യ ചെയ്യും. അയാൾ പറഞ്ഞു.

'നിങ്ങൾ ഗ്രാഫിക്സ് ഒക്കെ ചെയ്യുന്നുണ്ടെന്നല്ലെ പറഞ്ഞത്?'

'അതേ.'

'ഡി. ടി. പി. ഒരു കലയാണ്. പ്രത്യേകിച്ച് ഗ്രാഫിക്സ് ചെയ്യുന്നുണ്ടെങ്കിൽ. അതിന്റെ അനന്തസാധ്യതകൾ ഒഴിവാക്കി ഈ മടുപ്പൻ ജോലിയ്ക്ക് വരരുതെന്നാണ് എന്റെ അഭിപ്രായം. പോരാത്തതിന് നിങ്ങൾക്ക് ഇപ്പോൾ കിട്ടുന്ന ശമ്പളം ഈ കമ്പനിയിൽ രണ്ടുകൊല്ലം കൊണ്ടേ ആവൂ. നല്ലവണ്ണം ആലോചിച്ച് ലതയോട്ട് പറഞ്ഞാൽ മതി. തീർച്ചയാക്കിയാൽ ഒന്നാം തീയതി ജോലിക്കു ചേരാം.'

ഉച്ചഭക്ഷണം ഒഴിവാക്കി ഇന്റർവ്യൂ തന്നതിൽ നന്ദി പറഞ്ഞുകൊണ്ട് നാൻസി വിടവാങ്ങി. ബസ്സ് സ്റ്റോപ്പിലേയ്ക്കു നടക്കുമ്പോൾ അവൾ ആലോചിച്ചു. എന്റെ ഹൃദയം ഞാൻ അവിടെ മറന്നിട്ടിരിക്കയാണ്. സാരമില്ല, അവിടെത്തന്നെ കിടക്കട്ടെ.

ഭാസ്കരൻ നായർ ചാരിയിരുന്ന് ഉറങ്ങുകയാണ്. ഉച്ചയ്ക്ക് ഊണു കഴിഞ്ഞാൽ അരമണിക്കൂർ ഉറക്കം പതിവുണ്ട്. മാലതി കമ്പ്യൂട്ടറിൽ ഫ്രീസെൽ കളിക്കുന്നു. നാൻസി അവളുടെ പിന്നിൽ പോയി നിന്നു. അവൾ കളി ശ്രദ്ധിക്കുകയായിരുന്നില്ല. മനസ്സ് ശൂന്യമാണ്. മാലതിയും ഒന്നും പറയുന്നില്ല. കാർഡുകളി തുടങ്ങിയാൽ അവൾക്ക് ടെൻഷനാണ്. പിന്നെ ചോദിച്ചതിനു മറുപടി കിട്ടില്ല. അങ്ങിനെ എത്രനേരം നിന്നുവെന്നറിയില്ല. പെട്ടെന്ന് സാറിന്റെ ശബ്ദം കേട്ടാണ് അവൾ ഈ ലോകത്തേയ്ക്കു തിരിച്ചെത്തിയത്. ഭാസ്കരൻ നായർ അവളുടെ അടുത്തു നിന്നുകൊണ്ട് മാലതി കളിക്കുന്നത് ശ്രദ്ധിക്കുകയായിരുന്നു.

'ഡൈമണ്ട് ഒമ്പതെടുത്ത് സ്പേഡ് പത്തിനു താഴെ കൊണ്ടുപോയി വയ്ക്കു്.'

അയാൾ മാലതിയ്ക്കു പറഞ്ഞു കൊടുക്കുകയാണ്. ഡയമണ്ട് ഒമ്പതെടുത്തപ്പോൾ ആ കോളത്തിലെ എല്ലാ കാർഡുകളും മാറ്റിവയ്ക്കാൻ പറ്റി. ജോലിയില്ലാത്ത സമയത്ത് അവർ കളിക്കുന്നതിൽ അദ്ദേഹത്തിന് പരാതിയൊന്നുമില്ല.

കാർഡുകൾ അതാതിന്റെ കോളത്തിലേയ്ക്കു പറന്നുപോയി. മാലതി കളി നിർത്തി.

സ്വന്തം സീറ്റിലിരുന്നുകൊണ്ട് നാൻസി പറഞ്ഞു.

'സാർ, എനിക്കു വേറെ ജോലി കിട്ടി.'

'വെരി ഗുഡ്, കൺഗ്രാജുലേഷൻസ്.'

'സാറ് കളിയാക്കൊന്നും വേണ്ട.'

'ഞാൻ കളിയാക്കിയില്ലല്ലോ? ആട്ടെ ഏതു കമ്പനിയിലാണ്?'

'വലിയ കമ്പനിയാ. മാർക്ക്വെൽ ട്രേഡിങ് കോർപ്പറേഷൻ.'

'നന്നായി.'

'അതെ.' നാൻസി പറഞ്ഞു. 'ഒന്നാം തിയ്യതി ചേരാൻ പറഞ്ഞിട്ടുണ്ട്. ഞാനിനി സാറിന്റെ കഴുത്തിൽ ഭാരമാവില്ലല്ലോ?'

അയാൾ പെട്ടെന്ന് നിശ്ശബ്ദനായി. മാലതി ചോദിക്കുന്നുണ്ടായിരുന്നു. 'നീ ശരിക്കും വേറെ ജോലി കിട്ടി പോവ്വാണോ?'

ഭാസ്കരൻ നായർ ഒന്നും പറയാതെ തിരിച്ച് ചേമ്പറിൽ പോയി ഇരുന്നു. മനസ്സിൽ എവിടെയോ ഒരു നീറ്റം. മോളെ, കുത്തുവാക്കു പറയാൻ ആരാണ് നിന്നെ പഠിപ്പിച്ചത്? ആരോടാണ് നീ അതു പറയുന്നതും? അയാൾ കുറേനേരം എന്തൊക്കെയോ ആലോചിച്ചു. പഴയ കാര്യങ്ങൾ ഓർമ്മ വന്നു. വർഗ്ഗീസ് മകളേയുംകൂട്ടി വീട്ടിൽ വന്നത് അയാളുടെ ഭാര്യയുടെ ആണ്ടിന്റെ പിറ്റേന്നാണ്.

'ഞാനിവളെ സാറിനെ ഏല്പിക്ക്യാണ്.' അയാൾ പറഞ്ഞു. 'ഞങ്ങടെ വീട് വാടകയ്ക്ക് കൊടുക്ക്വാണ്. ഇവള് മൂത്തതിന്റെ ഒപ്പം താമസിക്കും. അവളുടെ കെട്ടിയോൻ ദുബായിലാണ്. ഇനി സാറാണ് ഇവളുടെ അപ്പൻ.'

വേദന സാവധാനം പടർന്നു മനസ്സിന്റെ ഓരോ കോണിലുമെത്തി വിങ്ങി.

# ആറാം ദിവസം

ക്രിസ്തുവിനു മുമ്പ് ക്രിസ്തുവിന് ശേഷം എന്നതിനു പകരം തന്റെ കണക്കുകൾ എഞ്ചിൻ ഡ്രൈവറെ കണ്ടതിനുമുമ്പ്, കണ്ടതിനു ശേഷം എന്നായി ചുരുങ്ങിയിരിക്കുന്നുവെന്ന് നാൻസി കണ്ടു. ഇ. ഡി. ആറാം ദിവസം എന്നെഴുതണം. രാജനോട്ട് ഒരു താടി വളർത്താൻ പറയണം. താടിയുണ്ടെങ്കിൽ അയാൾക്ക് ക്രിസ്തുവിന്റെ ഛായയുണ്ടാവും. ചേച്ചിയുടെ മുറിയിൽ പ്രാർത്ഥനാനിരതനായ യേശുവിന്റെ ചിത്രമുണ്ട്. അതിനുചുവട്ടിൽ ഒരു സ്വർണ്ണം പൂശിയ കുരിശും മെഴുകുതിരിത്തട്ടും. ആ ചിത്രം നാൻസിക്ക് പെട്ടെന്ന് ഇഷ്ടമായി. ഓഫീസിൽനിന്നു വന്നാൽ അതിനുമുമ്പിൽ ഒരു മെഴുകുതിരി കത്തിച്ചുവയ്ക്കുന്ന ശീലം അങ്ങിനെയാണുണ്ടായത്. മേരി അദ്ഭുതപ്പെട്ടു. പള്ളിയിലേയ്ക്ക് വലിച്ചിഴച്ച് കൊണ്ടുപോകണം കക്ഷിയെ. എന്നാൽത്തന്നെ വല്ല ആൺപിള്ളരേയും കണ്ടാൽ അവരുമായി സംസാരിച്ചു നിൽക്കും. കുർബാനയിലൊന്നും ശ്രദ്ധിക്കില്ല. ഒന്നുരണ്ടു വട്ടം വലിയിടത്തച്ചൻ മേരിയെ വിളിച്ച് ശാസിച്ചതാണ്. അനുജത്തിയുടെ മേൽ ഒരു ശ്രദ്ധവേണമെന്ന്. 'ഈ പ്രായം, മേരിക്കുഞ്ഞേ, ശ്രദ്ധിക്കുകയാണ് നല്ലത്. അവള് കുമ്പസാരിച്ചിട്ട് എത്ര കാലമായി? അവളോട്ട് പള്ളിമേടയിലേയ്ക്ക് വന്ന് എന്നെയൊന്ന് കാണാൻ പറ.'

ആ പെണ്ണാണ് ഇപ്പോൾ ഓഫീസിൽനിന്ന് വരാൻ താമസമില്ല കർത്താവിന്റെ മുമ്പിൽ മെഴുകുതിരി കത്തിച്ചു വയ്ക്കുന്നത്. മേരിക്ക് അനുജത്തിയുടെ മാനസാന്തരത്തിൽ ആശ്വാസമായി. ആശ്വാസം ഊർദ്ധശ്വാസം വലിക്കുന്നത് കാണാൻ പക്ഷേ, അധികദിവസമൊന്നും വേണ്ടിവന്നില്ല. ഞായറാഴ്ച രാവിലെ പള്ളിയിൽ പോകാൻ തയ്യാറാവുമ്പോൾ അവൾ അനുജത്തിയോട്ട് പറഞ്ഞു.

'വലിയിടത്തച്ചൻ നിന്നെ കാണണമെന്ന് പറഞ്ഞു.'

'എന്നെ കാണാനോ?'

'അതെ, നീ കുമ്പസാരിച്ചിട്ട് കുറേ നാളായി എന്നു പറഞ്ഞു.'

'അതിന് ചേച്ചീ, ഞാൻ പാപമൊന്നും ചെയ്തിട്ടില്ലല്ലോ.'

'അങ്ങിനെ പാപമൊന്നും ചെയ്യണമെന്നില്ല. നാമൊക്കെ പാപികളായിട്ടാണ് ജനിച്ചത്. കർത്താവിന്റെ തിരുരക്തമാണ് നമ്മെ പാപത്തിൽനിന്നും മോചിപ്പിച്ചത്. അപ്പോൾ ഇടക്കിടക്ക് കുമ്പസാരിച്ച് നമ്മുടെ മനസ്സും ആത്മാവും ശുദ്ധീകരിക്കണം.'

'ഞാനൊരു കാര്യം ആലോചിക്ക്യായിരുന്നു.' നാൻസി പറഞ്ഞു.

'എന്തു?'

'ചേച്ചി എന്തുകൊണ്ട് കർത്താവിന്റെ മണവാട്ടിയാകാതെ മാത്യൂചായന്റെ മണവാട്ടിയായീന്ന്.'

'നീ പോടി.'

'നന്നായി,' നാൻസി തുടർന്നു. 'അതുകൊണ്ട് കർത്താവു രക്ഷപ്പെട്ടു.'

'നീ വരുന്നുണ്ടോ? കുർബാന തുടങ്ങേണ്ട സമയായി.'

'അയ്യോ ചേച്ചീ, ഞാനിന്ന് രജനീടെ വീട്ടില് ചെല്ലാംന്ന് പറഞ്ഞിട്ട്ണ്ട്. അവള്ടെ ചേട്ടൻ ഗൾഫീന്ന് വന്നിട്ടൊണ്ട്. കൊറേ സാധനങ്ങള് കൊണ്ടന്നിട്ട്ണ്ട്. വെലകൊറച്ച് തരാംന്ന് പറഞ്ഞിട്ട്ണ്ട്.'

'അപ്പോ ഈയാഴ്ചയും നീ കുർബാനചേര്ണില്ല്യേ?'

കുർബാന! നാൻസി ആലോചിച്ചു. എല്ലാം പേരിനു മാത്രമായി മാറിയിരിക്കയാണ്. പള്ളിയിൽ സ്ഥിരം പാടുന്ന പീറ്റർ ചേട്ടന്റെ പാട്ട് നടുക്കുവച്ച് മുറിച്ചുകൊണ്ട് ചെറുപ്പക്കാരനായ വലിയിടത്തച്ചന്റെ കുർബാനക്കുള്ള എഴുന്നള്ളത്ത് അവൾ മനസ്സിൽ കണ്ടു. ശുശ്രൂഷകരായ രണ്ടു ആൺപിള്ളേരുടെ നടുവിൽ കാർമ്മികൻ അൾത്താരയിൽ വന്നുനിന്ന് കുരിശു വരക്കുന്നു.

'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും പ്രത്യാശയും എപ്പോഴും, എന്നേയ്ക്കും. ആമേൻ!'

അച്ചന്റെ വാക്കുകൾ ഇടറുന്നില്ല. വർഷങ്ങളുടെ സാധനയാണത്. ആ വാക്കുകളിൽ തന്റെ കുഞ്ഞാടുകളെ തളച്ചിടാൻ അദ്ദേഹം ആഗ്രഹിച്ചു. വാക്കുകൾ കൊണ്ട് തളച്ചിടാൻ പറ്റാത്ത കുഞ്ഞാടുകളെ തിരിച്ചു കൊണ്ടുവരുവാനൊന്നും അദ്ദേഹം ശ്രമിച്ചില്ല. കാര്യമില്ലെന്നറിയാം. കുർബാന നടന്നുകൊണ്ടിരിക്കേ അദ്ദേഹം വാച്ചു നോക്കുന്നതെന്തിനാണെന്ന് നാൻസിക്കറിയാം. കൃത്യം ഒമ്പതിന് അദ്ദേഹം കർത്താവിന്റെ മാംസവും രക്തവുമായ ഓസ്തി നൽകി കുർബാന കഴിച്ചിരിക്കും. പിന്നെ പള്ളിമേടയിലേയ്ക്ക് ഒരോട്ടമാണ്. നാൻസി ചിരിച്ചുകൊണ്ട് പറഞ്ഞു. കൃത്യം ഒമ്പതു മണിക്ക് ശ്രീകൃഷ്ണ സീരിയൽ തുടങ്ങും. അതു കാണാനുള്ള ഓട്ടമാണ്.

'ശ്രീകൃഷ്ണ സീരിയിൽ കാണാൻ!' അവൾ ആർത്തു ചിരിക്കയാണ്. ശരിക്കു പറഞ്ഞാൽ പത്തു മിനിറ്റ് പരസ്യങ്ങളാണ്. പക്ഷേ, പരസ്യങ്ങളും അച്ചന്റെ ഭാവനയെ പിടിച്ചിരുത്തി. ഒരു മാസ്മരിക ലോകമാണത്. പലതരം വേഷങ്ങൾ, വേഷങ്ങളൊന്നുമില്ലാത്ത രൂപങ്ങൾ, എല്ലാം വലിയിടത്തച്ചനെ മറ്റൊരു ലോകത്തെത്തിച്ചു. നിത്യജീവിതത്തിൽ കാണാൻ പറ്റാത്തത് ദൃശ്യമാധ്യമത്തിലൂടെ കടന്നുവന്നു. വല്ലാതെ പരിധി കടക്കുമ്പോൾ അച്ചൻ കുരിശു വരച്ചുകൊണ്ട് പ്രാർത്ഥിക്കും. കർത്താവേ സാത്താന്റെ പ്രലോഭനങ്ങൾ എന്റെമേലും എന്റെ കുഞ്ഞാടുകളുടെ മേലും ഏശല്ലേ.

ദൃശ്യമാധ്യമങ്ങൾ ആത്മീയതയിൽ അനാശാസ്യ സ്വാധീനം ചെലുത്തുന്ന കാര്യമാണ്. മേരിക്ക് ദ്വേഷ്യം പിടിച്ചിരുന്നു.

'നീ വരുന്നില്ലെങ്കിൽ വേണ്ട, നിന്റെ ഇഷ്ടം. നിന്നെ പിശാചു പിടിക്കട്ടേ. കർത്താവിന്റെ രൂപത്തിനു മുമ്പിൽ മെഴുകുതിരി കത്തിക്കണതു കണ്ടപ്പോൾ ഞാൻ വിചാരിച്ചു...'

അവൾ കുട്ടിയെയുമെടുത്ത് യാത്രയാവും.

നാൻസി രാജനെ ഓർത്തു. ചേച്ചി അവളെക്കൊണ്ട് ഓർമ്മിപ്പിച്ചു എന്നു പറയുന്നതാവും ശരി. അഞ്ചു മണിക്ക് അയാൾ സ്റ്റേഷൻ കവാടത്തിൽ കാത്തുനിൽക്കുന്നു. നീണ്ടു നിവർന്ന ആ രൂപം അവൾക്ക് ദൂരെനിന്നു തന്നെ കാണാം. അവൾ അടുത്തു ചെന്നാൽ അയാളുടെ അല്പം നീണ്ട മുഖത്ത് ചിരി വിടരും.

'നിങ്ങളെ കണ്ടാൽ ഗിരിപ്രഭാഷണം കഴിഞ്ഞ് തിരിച്ചെത്തിയ യേശുവിന്റെ മട്ടുണ്ട്.' അവൾ പറയും.

'എന്നുവച്ചാൽ എന്റെ മുഖത്ത് ആത്മീയ തേജസ്സ് വഴിഞ്ഞൊഴുകുന്നു എന്നർത്ഥം.'

അയാൾ നാൻസിയുടെ ഒപ്പം സംസാരിച്ചുകൊണ്ട് നടക്കും.

'അതുകൊണ്ടല്ലെ ഞാൻ നിങ്ങളെ രക്ഷകനെന്നു വിളിക്കണതു?'

'അല്ലാതെ തീവണ്ടിയുടെ അടിയിൽനിന്ന് രക്ഷിച്ചതുകൊണ്ടല്ല?'

'രണ്ടും ഒന്നുതന്നെ. ഒറിജിനൽ രക്ഷകൻ എന്റെ ആത്മാവിനെ രക്ഷിക്കുന്നു. ഈ ഡ്യൂപ്ലിക്കേറ്റ് രക്ഷകൻ എന്റെ ജീവനെ രക്ഷിക്കുന്നു. അത്രമാത്രം! രണ്ടു രക്ഷകന്മാർക്കിടയിൽ നിന്ന് ഞാൻ വലയുന്നു.'

'ഇതിലെന്താണ് വലച്ചിലുള്ളതു?'

'വീട്ടിൽ ചേച്ചിയുടെ വക ആത്മീയ പീഡനങ്ങളാണ്. ഇവിടെ രണ്ടാം രക്ഷകൻ എന്നും പിന്നാലെ നടന്ന് പീഡിപ്പിക്കുന്നു.'

'ഞാൻ നിന്റെ ഒപ്പം നടക്കുന്നത് പീഡിപ്പിക്കാനല്ല.' രാജൻ പറഞ്ഞു. 'റെയിൽവേയുടെ വിശ്വസ്ത ശമ്പളക്കാരനെന്ന നിലയിൽ ആരെങ്കിലും റെയിൽവേ മുതൽ നശിപ്പിക്കുകയാണെങ്കിൽ തടയേണ്ട ബാധ്യത എനിക്കുണ്ട്.'

'ആരാണ് റെയിൽവേയുടെ മുതൽ നശിപ്പിക്കുന്നതു?'

'നീതന്നെ. അന്ന് പ്ലാറ്റ്ഫോം കേടുവരുത്താതെ നോക്കാൻ എനിക്കു പറ്റി. അതുകൊണ്ട് ഞാൻ നിന്റെ ഒപ്പം, പിന്നാലെയല്ല, നടക്കുന്നു. നിന്നെ വണ്ടികയറ്റി അയക്കുന്നു. പൊതുമുതൽ നശിപ്പിക്കാതെ സംരക്ഷിച്ചതിലുള്ള സംതൃപ്തിയോടെ ക്വോർട്ടേഴ്സിലേയ്ക്കു തിരിച്ചുപോകുന്നു.'

'അത്രയേ ഉള്ളൂ?'

'അതെ!'

അവൾ ഡയറി മുമ്പിൽ വച്ചുകൊണ്ട് ആലോചിച്ചു. ഞാനിനി ദിവസങ്ങളുടെ കണക്ക് വെക്കുന്നില്ല. ഇതെന്തൊരു മനുഷ്യനാണ്! പരിചയപ്പെട്ടിട്ട് ദിവസങ്ങളായി. വെറുതെ സംസാരിച്ചുകൊണ്ട് ഒപ്പം നടക്കുകയല്ലാതെ പ്രേമത്തെപ്പറ്റിയോ, അല്ലെങ്കിൽ വേണ്ട ഒന്നിച്ച് ഒരു റസ്റ്റോറണ്ടിൽ പോകുന്നതിനെപ്പറ്റിയോ ഒന്നും സംസാരിക്കുന്നില്ല. മറ്റു പയ്യന്മാരിൽനിന്ന് ഈ മനുഷ്യൻ വേറിട്ടു നിൽക്കുന്നുവെന്നത് ശരി. മറ്റു പയ്യന്മാരാണെങ്കിൽ ഒരു ചിരി മുഖത്തു കണ്ടാൽ മതി. അതിന്മേൽ പിടിച്ചു കയറും. രണ്ടു ദിവസത്തിനുള്ളിൽ എത്തുക വല്ല റസ്റ്റോറണ്ടിലോ പാർക്കിലോ ആയിരിക്കും. മൂന്നാം ദിവസം... ഇല്ല, അതിന് നാൻസിയെ കിട്ടാറില്ല. പയ്യന്മാരിൽനിന്ന് വഴുതി രക്ഷപ്പെടാൻ അവൾക്കറിയാം. ഇതിനു രണ്ടിനുമിടയിൽ ഒരു വഴിയില്ലേ?

'നിങ്ങൾ ഒരദ്ഭുത മനുഷ്യനാണ്?' അവൾ ഒരു ദിവസം പറഞ്ഞു. 'ഇത്രയും സുന്ദരിയായ ഒരു പെൺകുട്ടിയെ പരിചയപ്പെട്ടു അവളെ ഒരു പാർക്കിൽ കൊണ്ടുപോകാൻ തോന്നുന്നില്ലല്ലോ?'

'പാർക്കിലെന്താണിരിക്കുന്നതു?'

'നിങ്ങൾ തീരെ റൊമാന്റിക്കല്ല. ശരിയാണ്, പാർക്കിനെപ്പറ്റി എനിക്കും നല്ല അഭിപ്രായമില്ല. പക്ഷേ, റസ്റ്റോറണ്ടുകൾ. അവയെന്നെ വല്ലാതെ ആകർഷിക്കുന്നു.'

'എന്നെ തീരെ ആകർഷിക്കാത്ത സ്ഥലമാണത്.' രാജൻ പറഞ്ഞു.

'പണം ചെലവാകുമോ എന്ന ഭയം, അല്ലേ?'

'നിന്റെ ബുദ്ധിശക്തി ശ്ലാഘനീയംതന്നെ!'

ഇക്കണക്കിന് ഡയറി എഴുതാതിരിക്കയാണ് നല്ലത്, കാരണം പത്തറുപതു വയസ്സായി ഈ ഡയറിയെങ്ങാൻ തുറന്നുനോക്കാനിടയായാൽ അതിന്റെ അർത്ഥശൂന്യതകൊണ്ട് ആത്മഹത്യ ചെയ്യേണ്ടിവന്നിരിക്കും. അവൾ ഡയറി അടച്ചുവച്ച് ഉറങ്ങാൻ കിടന്നു. ചേച്ചി പ്രാർത്ഥിക്കുകയാണ്. കുമ്പിട്ടിരുന്ന് കാര്യമായിത്തന്നെ പ്രാർത്ഥിക്കുന്നു. പ്രാർത്ഥന കഴിഞ്ഞ് കുരിശുവരച്ചശേഷം അവൾ പറഞ്ഞു.

'വലിയിടത്തച്ചൻ നിന്നെ അന്വേഷിച്ചു.'

'ഞാൻ കൃതാർത്ഥയായി!' നാൻസി പറഞ്ഞു.

അനുജത്തിയുടെ സ്വരത്തിലുള്ള പരിഹാസം അവൾ കണ്ടില്ലെന്നു നടിച്ചു. അവർ തുടർന്നു.

'നീ ഓഫീസിൽ പോണവഴിക്ക് പള്ളിമേടയിൽ കയറിയാൽ മതി. നാളെ പൊയ്ക്കൂടെ?'

അരുമയായ കുഞ്ഞാട്ട് വഴിതെറ്റിപ്പോകുന്നതു കാണുന്ന നല്ലിടയന്റെ വേദനിക്കുന്ന മനസ്സ് നാൻസിയുടെ ഉറക്കം കളഞ്ഞു. ആരെങ്കിലും അവളെപ്പറ്റി അച്ചനോട്ട് പറഞ്ഞു കൊടുത്തിട്ടുണ്ടാവും. റെയിൽവേ പ്ലാറ്റ്ഫോം അടച്ചിട്ട മുറിയല്ല. ആയിരക്കണക്കിന് ആൾക്കാർ. താൻ രാജന്റെ ഒപ്പം നടക്കുന്നത് കണ്ട ആരെങ്കിലും അച്ചനോട്ട് പറഞ്ഞു കൊടുത്തതായിരിക്കും. അവൾക്ക് വലിയിടത്തച്ചനെ ഇഷ്ടമായിരുന്നു. ഇത്രയും സുന്ദരനായ ഒരു മനുഷ്യൻ എന്തിന് വൈദികപട്ടം കെട്ടിയെന്നവൾ അദ്ഭുതപ്പെടാറുണ്ടായിരുന്നു. ളോഹ അഴിച്ചുവച്ച് നല്ല ഗ്ലാമറുള്ള വസ്ത്രങ്ങളണിഞ്ഞാൽ വല്ല ഫിലിം സ്റ്റാറിനെപ്പോലെ തോന്നും. എന്തായാലും നാളെ രാവിലെത്തന്നെ പള്ളിമേടയിൽച്ചെന്ന് അച്ചനെ കാണണമെന്നവൾ തീർച്ചയാക്കി. മനസ്സിൽ ആത്മീയമായ ഒരു നിർവൃതി വഴിഞ്ഞൊഴുകുകയും അതിന്റെ അന്ത്യത്തിൽ അവൾ ഉറക്കത്തിലേയ്ക്ക് വഴുതിവീഴുകയും ചെയ്തു.

# ഏഴാം ദിവസം

വലിയിടത്തച്ചൻ പള്ളിയിൽനിന്നിറങ്ങുമ്പോഴാണ് നാൻസി എത്തിയത്. അച്ചൻ ഒരു നിമിഷം ശങ്കിച്ചുനിന്നു. പിന്നെ തിരിഞ്ഞ് പള്ളിയിലേയ്ക്കുതന്നെ നടന്നു. നാൻസി അപ്പോഴേയ്ക്കും മുൻവശത്തെ വാതിൽ കടന്ന് പള്ളിയിലെത്തിയിരുന്നു. ഒഴിഞ്ഞ അങ്കണം ഒരു പ്രാചീന ദിനോസറിന്റെ വായപോലെ തന്നെ വിഴുങ്ങുന്നത് നാൻസി കണ്ടു. ദൂരെ, വളരെ ദൂരെ അൾത്താരയിൽ വലിയിടത്തച്ചൻ നിൽക്കുന്നു. നടന്നെത്താൻ എത്ര ദൂരമാണ്.

അച്ചൻ കുമ്പസാരക്കൂടിനുനേരെ ചൂണ്ടിക്കാട്ടുകയാണ്. നാൻസി ഒരു നിമിഷം സംശയിച്ചുനിന്നു, പിന്നെ അങ്ങോട്ടു നടക്കുകയും ചെയ്തു. വലയിട്ട കിളിവാതിലിനപ്പുറം അച്ചൻ പരുങ്ങുന്ന ശബ്ദം കേട്ടു. താമസിയാതെ ചോദ്യവും.

'നീ കുമ്പസാരിച്ചിട്ട് എത്രകാലമായി?'

അവൾക്ക് ഓർമ്മയില്ല. ആറു മാസം? ഒരുകൊല്ലം? രണ്ടുകൊല്ലം?

'ഓർമ്മയില്ല.'

'ഓർമ്മയില്ല?' വലിയിടത്തച്ചന്റെ ശബ്ദം പരുഷമായിരുന്നു. 'സത്യകൃസ്ത്യാനികൾ മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കണമെന്ന് അറിയില്ലേ?'

'അതിന് അച്ചോ ഞാൻ പാപമൊന്നും ചെയ്തിട്ടില്ലല്ലോ.'

'കുഞ്ഞേ,' അച്ചന്റെ ശബ്ദം ഉയർന്നു, 'പാപത്തിന്റെ കണക്കെടുക്കുന്നത് നീയോ അതോ കർത്താവോ?'

അവൾ ഒന്നും പറഞ്ഞില്ല. അവൾക്ക് അച്ചന്റെ പൗരുഷം നിറഞ്ഞ ശബ്ദം ഇഷ്ടമായിരുന്നു. ഈ ശബ്ദം കേൾക്കാനെങ്കിലും കുമ്പസാരിക്കാൻ വരാമായിരുന്നു.

'നീ ഒരു ചെറുപ്പക്കാരന്റെ കൂടെ നടക്കുന്നുണ്ടെന്ന് ഞാനറിഞ്ഞിരിക്കുന്നു.'

'അതൊരു പാപമാണോ അച്ചോ?'

'അവൻ ഒരു വിശ്വാസിയല്ലെന്നും ഞാൻ മനസ്സിലാക്കുന്നു.'

'പക്ഷേ, അച്ചോ, അയാൾ കർത്താവിന്റെ മാതിരിയുണ്ട്.'

'അതെല്ലാം സാത്താന്റെ പ്രലോഭനങ്ങളാണ്. അതിലൊന്നും വീഴാതെ നോക്കണം. നിനക്ക് കുമ്പസാരിക്കാനുണ്ടോ?'

'ഒന്നും ഓർമ്മയിൽ വരുന്നില്ലച്ചോ.'

'അവൻ നിന്നെ തൊട്ടിട്ടില്ലേ?'

'ഒരിക്കൽ.'

'ഹാ, അതാണ് ഞാൻ പറയുന്നത് നിനക്ക് കുമ്പസാരിക്കാനുണ്ടാവുമെന്ന്.'

'അച്ചൻ കാര്യം മനസ്സിലാക്കാതെയാണ് പറയുന്നത്.'

'എന്തേ?'

'ഞാനൊരിക്കൽ ട്രെയിനിൽനിന്ന് വീണപ്പോൾ അയാളാണ് താങ്ങിയത്. അയാൾ താങ്ങിയിരുന്നില്ലെങ്കിൽ ഞാൻ ട്രെയിനിന്റെ അടിയിൽ പെട്ടുമായിരുന്നു. അങ്ങിനെയാണയാൾ എന്നെ തൊട്ടുവെന്ന് പറഞ്ഞത്.'

'താങ്ങിയപ്പോഴോ?'

'അതെ.'

'ഓ.'

താങ്ങിയശേഷം കുറച്ചുനേരം തന്നെ അയാളുടെ കൈകളിൽ അയാളുടെ ദേഹത്തോട്ടു ചേർത്തു പിടിച്ചുവെന്നത് നാൻസി പറഞ്ഞില്ല. അതൊരു പാപമാണോ? ആണെങ്കിൽത്തന്നെ അതു ചെയ്തത് താനല്ലല്ലോ.

'നമ്മുടെ സമുദായത്തിൽപ്പെടാത്തവരുമായി മാനസികമായി അടുക്കുന്നത് നന്നല്ല. അപ്പൻ എന്നാണ് വരുന്നത്?'

'അറിയില്ല. അച്ചോ, ഞാൻ പോയ്ക്കോട്ടെ, ട്രെയിനിനു സമയമായി.'

മറുപടിയൊന്നുമുണ്ടായില്ല. അവൾ പുറത്തിറങ്ങിയിട്ടും വലിയിടത്തച്ചൻ കുമ്പസാരക്കൂടിനുള്ളിൽത്തന്നെ ഇരുന്നു. അദ്ദേഹം പ്രലോഭനങ്ങളെപ്പറ്റിയായിരുന്നു ആലോചിച്ചിരുന്നത്. സാത്താന്റെ പ്രലോഭനങ്ങൾ. അത് ഏതെല്ലാം രൂപത്തിൽ വരുമെന്ന് ആർക്കറിയാം. അല്ലെങ്കിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നതിനെപ്പറ്റി നമുക്കൊക്കെ എന്തറിയാം?

എഞ്ചിൻറൂമിൽനിന്ന് തലപുറത്തിട്ട് ചിരിക്കുന്ന ഡ്രൈവറെ കണ്ടപ്പോൾ അന്നവൾക്ക് ദ്വേഷ്യമാണുണ്ടായത്. അവൾ മുഖം വെട്ടിച്ചുകൊണ്ട് തിരിഞ്ഞു നടന്നു. അന്താക്ഷരി അലമ്പായി. കമ്പാർട്ടുമെന്റ് മുഴുവൻ അരിച്ചു പെറുക്കിയിട്ടും കാണാൻ കൊള്ളാവുന്ന ഒരൊറ്റ പയ്യനെപ്പോലും കണ്ടുകിട്ടിയില്ല. ദിവസം ഫലമായിരിക്കണം. അവൾ ആലോചിച്ചു. ഇനി ഓഫീസിൽ പോയാൽ എന്തായിരിക്കും സ്ഥിതിയാവോ?

അവൾ പ്ലാറ്റുഫോമിന്റെ അറ്റത്തേയ്ക്കു നടക്കാതെ മേൽപ്പാലം കയറാൻ തുടങ്ങി. രാജൻ എഞ്ചിൻ റൂമിൽനിന്ന് തന്നെ അദ്ഭുതത്തോടെ നോക്കുന്നുണ്ടെന്നവൾക്കറിയാം. നോക്കട്ടെ!

മാലതിയാണ് പ്രശ്നമുണ്ടാക്കിയത്. അവൾ ചോദിച്ചു. 'പുതിയ ജോലി കിട്ടിയിട്ട് സ്വീറ്റ്സൊന്നും കൊണ്ടുവന്നില്ലേ?'

ഭാസ്കരൻ നായർ ചേമ്പറിൽത്തന്നെയായിരുന്നു. അയാൾ പുറത്തു വന്നില്ല. കമ്പ്യൂട്ടർ ബൂട്ടുചെയ്തിട്ടുണ്ടായിരുന്നില്ല. നാൻസി ഒന്നും പറയാതെ കമ്പ്യൂട്ടർ ഓണാക്കി. ശനിയാഴ്ച പോകുമ്പോൾ പകുതി തീർത്ത ജോലിയുണ്ടായിരുന്നു. അതു തപ്പിയെടുത്ത് ടൈപ്പുചെയ്യാനാരംഭിച്ചു.

'എന്താണൊന്നും പറയാത്തതു?' മാലതി വീണ്ടും ചോദിച്ചു. സാധാരണ പതിവില്ലാത്തതാണ്. ഒരിക്കൽ ചോദിച്ചു മറുപടികിട്ടിയില്ലെങ്കിൽ പിന്നീടവൾ ചോദിക്കാറില്ല. മധുരപലഹാരങ്ങൾ കിട്ടിയേ അടങ്ങുവെന്ന മട്ടിലാണവൾ. പെട്ടെന്ന് നാൻസിക്കൊരു ഭൂതോദയമുണ്ടായി. തന്റെ പുതിയ ജോലിയെപ്പറ്റി മാലതിയും ഭാസ്കരൻനായരും തമ്മിൽ സംസാരമുണ്ടായിട്ടുണ്ട്. സംസാരിച്ചുകൊണ്ട് തന്നിൽനിന്ന് കൂടുതൽ വിവരങ്ങൾ അടിച്ചെടുക്കാനുള്ള സൂത്രമാണത്. മാലതി ഒരിക്കലും മധുരപലഹാരങ്ങളുടെ ആരാധികയായി നാൻസിക്കനുഭവപ്പെട്ടിട്ടില്ല.

'സാറ് ദാ വിളിക്ക്ണ്.' മാലതി പറഞ്ഞു. നാൻസി എഴുന്നേറ്റു ചേമ്പറിലേയ്ക്കു പോയി.

ചേമ്പറിനുള്ളിലെ അന്തരീക്ഷം കനത്തതായിരുന്നു. ആകെ വിങ്ങുന്നപോലെ. പെട്ടെന്ന് താനും സാറും തമ്മിലുള്ള ബന്ധം പൊട്ടിത്തകർന്ന് കഷ്ണങ്ങളായി തെറിച്ചപോലെ അവൾക്കു തോന്നി.

'ഇരിക്കു.' ഭാസ്കരൻ നായർ തികച്ചും ഔപചാരികമായി പറഞ്ഞു. നാൻസി ഇരുന്നു.

'മാർക്വെല്ലിലെ തോമസ് വിളിച്ചിരുന്നു.'

അയാൾ നിർത്തി. നാൻസിയുടെ മുഖത്തു നോക്കി; അവളുടെ പ്രതികരണം പഠിക്കാനെന്നപോലെ. അവൾ ഒന്നും പറയുന്നില്ല.

'അയാൾക്കറിയേണ്ടത് രണ്ടു കാര്യമാണ്. ഒന്ന് നിന്റെ സ്വഭാവത്തെപ്പറ്റി. രണ്ട്, നീയെന്തിനാണ് കൂടുതൽ ശമ്പളമുള്ള ജോലി ഉപേക്ഷിച്ച് കുറച്ചു ശമ്പളത്തിന് അവിടെ ചേരുന്നതെന്ന്.'

അയാൾ വീണ്ടും നിർത്തി. മുമ്പിൽനിന്ന് പ്രതികരണമൊന്നുമില്ലെന്നു കണ്ട് തുടർന്നു.

'ഒന്നാമത്തെ ചോദ്യത്തിന് ഞാൻ മറുപടി കൊടുത്തു. രണ്ടാമത്തേത് എനിക്കറിയില്ലെന്നും പറഞ്ഞു. നിനക്ക് അറിയാമെങ്കിൽ കേൾക്കാമെന്നുണ്ട്.'

നാൻസി ഒന്നും പറയുന്നില്ല.

'ഒരു കാര്യം നീ ആലോചിച്ചില്ല. തോമസിന് എന്റെ പ്രായമറിയില്ല. പത്തറുപതു വയസ്സായ ഒരാളാണ് ഞാനെന്നയാൾക്കറിയില്ല. പിന്നെ ഞാനും നിന്റെ അപ്പനും തമ്മിലുള്ള സ്നേഹബന്ധവും അയാൾക്കറിയില്ല. അപ്പോൾ പത്തിരുപതു വയസ്സായ പെൺകുട്ടി ഒരു കാരണവുമില്ലാതെ കുറഞ്ഞ ശമ്പളത്തിന് ഒരു ജോലി ഇട്ടെറിഞ്ഞു പോകയാണെങ്കിൽ അതയാളെ അദ്ഭുതപ്പെടുത്തിയിട്ടുണ്ടാവും. അതിനുള്ള കാരണങ്ങളെപ്പറ്റി അയാൾ കുറെയേറെ ഊഹങ്ങൾ നടത്തിയിട്ടുണ്ടാവും. ചിലപ്പോൾ എന്നെയായിരിക്കും അയാൾ സംശയിക്കുക.'

നാൻസിയുടെ മുഖം വിളറി. അവൾ അങ്ങിനെയൊന്നും ചിന്തിച്ചിരുന്നില്ല. അവളുടെ മനസ്സ് വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു. അവൾ തമാശകൾ പറയുന്നുണ്ടെങ്കിലും ഒരിക്കലും സന്തോഷവതിയായിരുന്നില്ല. ഭാസ്കരൻ നായർക്ക് താൻ ഒരധികപ്പറ്റാണെന്ന ബോധം കുറച്ചുകാലമായി അവളെ അലോസരപ്പെടുത്തുന്നു. അതിനിടയ്ക്കാണ് തമാശയായിട്ടെങ്കിലും അവൾ കഴുത്തിൽ തൂങ്ങുന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞത്. അതത്ര കാര്യമാക്കേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. തന്റെ അന്നത്തെ മൂഡ് അങ്ങിനെയായിരുന്നു. അവൾക്ക് വിഷമമായി.

'ഞാൻ നിന്നെ പിടിച്ചു നിർത്തില്ല. നിനക്കു പോകാം. പക്ഷേ, പോകുന്നതിനുമുമ്പ് നീ എനിക്ക് കുറച്ചു വല്ലായ്മ തന്നുവെന്നു മാത്രം.' അദ്ദേഹം തുടർന്നു. 'ഞാൻ തരുന്നതിനേക്കാൾ കുറച്ചു ശമ്പളത്തിനാണ് നീ പോകുന്നതെന്ന് തോമസ് വിളിച്ചു പറഞ്ഞപ്പോഴേ മനസ്സിലായുള്ളൂ. നിന്റെ ഇഷ്ടം നടക്കട്ടെ. ആട്ടെ അപ്പന് കത്തെഴുതിയോ?'

നാൻസി ഒന്നും പറയാതെ തലയും കുമ്പിട്ട് ഇരിക്കയാണ്. കണ്ണുകൾ തുളുമ്പാനൊരുങ്ങുന്നു. അവൾ പെട്ടെന്ന് എഴുന്നേറ്റു പുറത്തേയ്ക്കു കടന്നു.

എന്നെ ആരും മനസ്സിലാക്കുന്നില്ല. അവൾ സ്വയം പറഞ്ഞു. ആരും. മോണിറ്ററിലെ അക്ഷരങ്ങൾ ശിഥിലമായി. അരികിൽ മഴവില്ലിന്റെ വർണ്ണരാജി തെളിഞ്ഞു.

'നിനക്കെന്തു പറ്റീ?' രാജൻ ചോദിച്ചു. അയാൾ എന്നത്തേയുംപോലെ സ്റ്റേഷൻ കവാടത്തിൽ കാത്തുനിൽക്കുകയായിരുന്നു. രാവിലെ അങ്കമാലിയിൽനിന്നും പിന്നെ ഇവിടെ പ്ലാറ്റ്ഫോമിൽനിന്നും അയാളെ അവഗണിച്ചതൊന്നും അയാൾക്ക് പ്രശ്നമില്ല. നാൻസി ഒന്നും പറയുന്നില്ല. അവളുടെ മുഖം വാടിയിരുന്നു. അയാൾ ചോദിച്ചു.

'എന്തുകൊണ്ട് നമുക്കൊരു മസാലദോശ തിന്നുകൂടാ?'

അവൾ വീണ്ടും ഒന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ അയാൾ അവളുടെ കൈപിടിച്ചുകൊണ്ട് പറഞ്ഞു.

'വരൂ.'

അവൾ കൈ വലിച്ചില്ല. പ്ലാറ്റുഫോമിലേയ്ക്കു നടക്കുമ്പോൾ അവൾ പറഞ്ഞു.

'നമുക്ക് പുറത്ത് ഏതെങ്കിലും റെസ്റ്റോറണ്ടിൽ പോകാം.'

'നിനക്ക് നേരം വൈകേണ്ട എന്നു കരുതിയാണ് ഞാൻ റെയിൽവേ റെസ്റ്റോറണ്ടിൽ പോകാമെന്നു വച്ചത്.'

'സാരമില്ല, ഞാൻ ബസ്സിൽ പോവാം. ഒരു ദിവസമല്ലേ.'

അവർ പുറത്തേയ്ക്കു നടന്നു.

'ഒരു മസാലദോശ തരാമെന്നു പറഞ്ഞാൽ ആർക്കും എന്നെ പിടിച്ചുകൊണ്ടുപോകാമെന്ന സ്ഥിതിയാണ്.' നാൻസി പറഞ്ഞു.

'മസാലദോശ അത്ര ഇഷ്ടമാണോ?'

'ശരിക്കു പറഞ്ഞാൽ ഐസ്ക്രീം വാങ്ങിത്തരാമെന്നു പറഞ്ഞാലും ഞാൻ ഒപ്പം പോകും.'

'ആഹാ.' രാജൻ ചോദിച്ചു. 'മറ്റെന്തൊക്കെയാണ് താങ്കൾക്ക് ഇഷ്ടപ്പെട്ട തീറ്റസ്സാധനങ്ങൾ?'

'എനിക്ക് ഇഷ്ടമില്ലാത്ത സാധനങ്ങൾ പറയുകയാവും എളുപ്പം.'

'എനിക്ക് തോന്നിയിട്ടുണ്ട്.'

റെസ്റ്റോറണ്ടിൽ അടുക്കളകൗണ്ടറിൽ നിന്ന് രണ്ടു പ്ലെയ്റ്റിൽ മസാലദോശ കൊണ്ടുവന്ന് വച്ചശേഷം അയാൾ ചോദിച്ചു.

'ഐസ്ക്രീം ഇപ്പോൾ കൊണ്ടുവരണോ, അതോ ദോശ തിന്നുകഴിഞ്ഞിട്ട് മതിയോ?'

'എനിക്ക് ഒരു ദോശകൂടി വേണ്ടിവരും.' നാൻസി പറഞ്ഞു.

'തമാശ പറയുകയാണല്ലേ?'

'നിങ്ങളെന്റെ മൂഡ് കേടുവരുത്താൻ കൊണ്ടുവന്നതാണോ?'

'ആട്ടെ, ചോദിക്കട്ടെ, എന്താണ് ഭവതിയുടെ മൂഡ് തേങ്ങയുടെ മൂടായതു? രാവിലെ എന്നെ നോക്കിയതേയില്ല. പിന്നെ ഇറങ്ങിപ്പോകുമ്പോഴെങ്കിലും കടാക്ഷിക്കുമെന്നു കരുതി. അതും ഉണ്ടായില്ല. ഞാനായതുകൊണ്ട് പിന്നേയും പിന്നാലെ നടക്കുന്നു.'

'ഞാൻ എല്ലാവരുമായി ഒടക്കാൻ പോവ്വാണ്.'

'എന്റെ കർത്താവേ എന്താണീ കേക്കണതു?' രാജൻ അവളെ അനുകരിച്ചു.

'എന്തിനാണ് കർത്താവിനെ വിളിക്കുന്നത്. കർത്താവ് ഇതിലൊന്നും പാർട്ടിയല്ലല്ലോ. പിന്നെ പീറനായന്മാര് കർത്താവിനെ വിളിക്കുന്നത് അങ്ങേർക്കിഷ്ടമാവില്ല.'

'ഞാൻ നായരാണെന്ന് ആരു പറഞ്ഞു?'

'കണ്ടാലറിഞ്ഞുകൂടെ? വല്ല അച്ചായന്മാരാണെങ്കിൽ ഇങ്ങിനെ പണം ചെലവാക്കുമോ? നാലു കാശുണ്ടാക്കാൻ നോക്കുകയല്ലാതെ?'

'എന്നാൽ ഐസ്ക്രീം വേണ്ടെന്നു വയ്ക്കാം.'

'ഞാൻ ഒന്നുകൂടി ചോദിക്കുന്നു, എന്റെ മതവികാരങ്ങൾ വ്രണപ്പെടുത്താൻ കൊണ്ടുവന്നതാണോ?'

വീട്ടിലെത്തിയപ്പോൾ എട്ടുമണിയായിരുന്നു. ചേച്ചി കാത്തുനിൽക്കുകയായിരുന്നു.

'എന്താണ് നീയിത്ര നേരം വൈകീതു? ഞാൻ പേടിച്ചു.'

'ഞാൻ ക്ഷീണിച്ചു ചേച്ചീ. രണ്ട് മസാല ദോശ, ഒരു കോക്ടെയ്ൽ ഐസ്ക്രീം. എനിക്കിന്ന് ഭക്ഷണമൊന്നും വേണ്ട.'

'ഓഫീസിൽ പാർട്ടിയുണ്ടായിരുന്നോ?'

'ഇല്ലാ, ഞാനൊരാളുടെ ഒപ്പം പോയി. ഒരു എഞ്ചിൻ ഡ്രൈവറുടെ ഒപ്പം.'

'എഞ്ചിൻ ഡ്രൈവറോ?'

'അതേ ചേച്ചീ, നല്ല ഗ്ലാമറുള്ള പയ്യനാണ്.'

'നോക്ക് നീയെന്നെക്കൊണ്ട് പറയിപ്പിക്കണ്ട. അപ്പച്ചന് ഞാൻ നാളെത്തന്നെ എഴുതുന്നുണ്ട്.'

'വേണ്ട ചേച്ചീ, ഞാൻ തമാശ പറഞ്ഞതാ.'

'എന്താണയാളുടെ പേര്?'

'രാജൻ.'

'രാജൻ? മുഴുവൻ പേരെന്താ?'

'അറിയില്ല ചേച്ചീ.'

'എന്താണയാള്ടെ ജാതി?'

'അറിയില്ല ചേച്ചീ, ഞാൻ ചോദിച്ചപ്പോ ജാതി ചോദിക്കരുത്, പറയരുത് എന്നാണ് പറഞ്ഞത്.'

'അയാള്ടെ അപ്പന്റെ പേര് ചോദിക്കായിര്ന്നില്ലേ.'

'ചോദിച്ചു. പേര് നാരായണൻ നായര്ന്നാ.'

ചിരിക്കയാണോ ശകാരിക്കയാണോ വേണ്ടതെന്നു മനസ്സിലാവാതെ മേരി കുഴങ്ങി.

നെൽസൻ അവളുടെ സഞ്ചി തപ്പി മിട്ടായിയെടുത്ത് തിന്നാൻ തുടങ്ങിയിരുന്നു.

# എട്ടാം ദിവസം

നല്ല ദിവസം. നാൻസി ആലോചിച്ചു. ചേച്ചി പിട്ടിനു പകരം പൂരിയാണുണ്ടാക്കിയത്. എന്തു പറ്റിയാവോ? തന്റെ ലിപ്സ്റ്റിക്കിട്ട ചുണ്ടിൽ വലിയ ഡാമേജില്ലാതെത്തന്നെ നെൽസണ് ഒരുമ്മ കൊടുക്കാൻ പറ്റി. പുറത്ത് കിളികളുടെ ശബ്ദം, നേരിയ കാറ്റിൽ മരങ്ങളുടെ ഇലകളും ചില്ലകളും ആടുന്നു. തിരുവാതിരക്കാറ്റ് പോകുന്ന പോക്കിൽ തന്നെ അനുഗ്രഹിക്കുകയാണ്. കവിതയെഴുതാൻ പറ്റിയ അന്തരീക്ഷം. അവൾ പക്ഷേ, കവിതയെഴുതാൻ മിനക്കെടാതെ അമ്പലത്തിലേയ്ക്കു നടന്നു. നല്ല ദിവസം നല്ലതായിത്തന്നെ നിൽക്കണമെങ്കിൽ കുറച്ച് ദൈവാനുഗ്രഹംകൂടി വേണമെന്ന് അവൾക്കറിയാം. ശാന്തിക്കാരൻ നമ്പൂതിരിയുടെ കയ്യിൽ നിന്ന് പ്രസാദവും ചിരിക്കുന്ന കണ്ണുകൾകൊണ്ടുള്ള ഉഴിച്ചിലും അനുഗ്രഹവും വാങ്ങി ചന്ദനക്കുറി തൊട്ട് അവൾ റെയിൽവേ സ്റ്റേഷനിലേയ്ക്കു നടന്നു.

സ്റ്റേഷനിൽനിന്ന് ഓഫീസിലേയ്ക്കു നടക്കുമ്പോൾ അവൾ ഓർത്തത് ഭാസ്കരൻ നായരെപ്പറ്റിയായിരുന്നു. ദിവസത്തിന്റെ നന്മ കവിഞ്ഞൊഴുകുക കാരണം അവൾക്ക് ഒരുതരം മുൻവിധിയും കൂടാതെ കാര്യങ്ങളെ സമീപിക്കാൻ കഴിഞ്ഞു. ഇന്ന് എന്താണ് തീയ്യതി? പതിനഞ്ച്. പെട്ടെന്നവൾക്ക് താൻ ഈ ഓഫീസിൽ ചേർന്നിട്ട് കൃത്യം ഒരു വർഷമായെന്ന് ഓർമ്മ വന്നു. ജനുവരി 15-നാണ്. വ്യാഴാഴ്ച. പതിനാലാം തീയ്യതിയാണ് അപ്പന്റെ ഒപ്പം സാറിന്റെ വീട്ടിൽ ചെന്നത്. കുറെനേരം സംസാരിച്ചു. ഉച്ചയ്ക്ക് അവിടെനിന്നുതന്നെ ഊണുകഴിച്ചു. അന്നവൾ കമ്പ്യൂട്ടർ പഠിക്കാൻ തുടങ്ങുന്നേയുള്ളു. മൂന്നു മാസത്തെ കോഴ്സിൽ ഒരു മാസം കഴിഞ്ഞു. ഡോസും വേഡ്സ്റ്റാറും കഴിഞ്ഞു. ഡീബേസിൽ കൈവയ്ക്കുന്നേയുള്ളു. പിറ്റേന്നുതന്നെ ഓഫീസിൽ ചേർന്നുകൊള്ളാൻ ഭാസ്കരൻ നായർ ആവശ്യപ്പെട്ടു.

ഓഫീസിൽ കമ്പ്യൂട്ടറിനു മുമ്പിലിരുന്നപ്പോഴാണ് അവൾക്കു മനസ്സിലായത് ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്പ്യൂട്ടർ സിസ്റ്റം എത്ര പ്രാകൃതമായിരുന്നുവെന്ന്. അവിടെ ഒരു കൊല്ലം പഠിച്ചാലും തനിക്ക് ഒരാഫീസിൽ ജോലിചെയ്യാനുള്ള ധൈര്യമുണ്ടാവില്ല. ഭാസ്കരൻ നായർ അവളെ പഠിപ്പിച്ചു; ക്ഷമയോടെ, ആത്മവിശ്വാസം കൊടുത്തുകൊണ്ട്. തെറ്റുകൾ ചെയ്യുമ്പോൾ, അവ ആവർത്തിക്കുമ്പോൾ അയാൾ ക്ഷമയോടെ അവളെ തിരുത്തും. മേൽക്കൈയ്യിനു പിന്നിൽ പിച്ചലില്ല, തലയിലിട്ടു കിഴുക്കലില്ല. ഇൻസ്റ്റിറ്റ്യൂട്ടിലെ സാറിനെ അവൾ വെറുത്തിരുന്നു. അവളുടെ മേൽക്കൈയ്യിനു പിന്നിൽ നിറയെ പിച്ചി ചോരകക്കിയ കറുത്ത പാടുകളായിരുന്നു. വീട്ടിൽ വന്ന് കണ്ണാടിനോക്കി നീറുന്ന പാടുകളിൽ തടവുമ്പോൾ അവളുടെ കണ്ണുകൾ നിറയും. ഇവിടെ ഭാസ്കരൻ നായരുടെ ഒപ്പമിരുന്ന് പഠിക്കുമ്പോൾ പിച്ചലിന്റെ നീറ്റമില്ല. മണ്ടിയെന്ന സ്നേഹമുള്ള വിളി മാത്രം. പേജ്മേക്കറും കോറൽഡ്രോവും മലയാളം സോഫ്റ്റ്വെയറും അദ്ഭുതമല്ലാതായി. ചിത്രം വരയ്ക്കാൻ താല്പര്യമുള്ളതുകൊണ്ട് ഗ്രാഫിക്സ് എളുപ്പമായി. ഒന്നാം തീയ്യതി അവളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അയാൾ പകുതി മാസത്തെ ശമ്പളം കൊടുത്തു. അവൾ അപ്പോഴും പഠിക്കുന്നേ ഉണ്ടായിരുന്നുള്ളു.

ആ മനുഷ്യനെയാണ് താൻ വേദനിപ്പിച്ചത്. അവൾ തൊട്ടടുത്തുള്ള ബേക്കറിയിൽ പോയി മൂന്ന് ചോക്കളേറ്റ്ബാറുകൾ വാങ്ങി സഞ്ചിയിലിട്ടു.

അവൾ നേരെ ഭാസ്കരൻ നായരുടെ മുറിയിലേയ്ക്കാണ് പോയത്. അദ്ദേഹം അവളെ ചോദ്യഭാവത്തിൽ നോക്കി. ചിരി ആ മുഖത്തുനിന്ന് അപ്രത്യക്ഷമായിരുന്നു. അവൾ ഒന്നും പറയാതെ മേശക്കെതിരെയുള്ള കസേലയിൽ ഇരുന്നു.

'ഇന്ന് ഒരു വിശേഷ ദിവസാണ്.' നാൻസി പറഞ്ഞു. 'എന്താന്നു പറഞ്ഞാൽ ഒരു സമ്മാനം തരാം.' താനും സാറും തമ്മിൽ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ലെന്നു വരുത്താനായി അവൾ ശ്രമിക്കയാണ്.

'ഇന്ന് ഒരു ദുരന്ത ദിവസമാണ്. നീ ഈ ഓഫീസിൽ ചേർന്ന ദിവസം' അയാൾ പറഞ്ഞു.

'പിന്നെ, എനിക്ക് നിന്റെ സമ്മാനം വേണ്ടെങ്കിലോ?'

അവളുടെ മുഖം വിളറി. തമാശയിലൂടെ, ചോക്കളേറ്റ് നൽകുക വഴി സാറുമായി സാധാരണ നിലയിലാകാമെന്ന് കരുതിയതാണ്. സാറ് തണുത്തില്ലെന്ന് മനസ്സിലായി. അവൾ എഴുന്നേറ്റ് പുറത്തു കടന്നു. സ്വന്തം കസേലയിൽ പോയി കുറച്ചുനേരം വെറുതെയിരുന്നു. മനസ്സ് കലുഷമായി. കണ്ണുകൾ ഈറനായി. സഞ്ചി ഉള്ളിൽ വയ്ക്കാനായി മേശയുടെ വലിപ്പ തുറന്നു. അതിൽ ഒരു സമ്മാനപ്പൊതിയുണ്ടായിരുന്നു. ഗിൽട്ടുകടലാസിൽ പൊതിഞ്ഞ ഒരു പെട്ടി. ബേക്കറിയുടെ പേരുണ്ടായിരുന്നതുകൊണ്ട് അത് കേയ്ക്കായിരിക്കുമെന്നവൾ ഊഹിച്ചു. പെട്ടിയുടെ മുകളിലുള്ള കടലാസെടുത്ത് അവൾ വായിച്ചു.

'ഒരു കൊല്ലമായി എന്റെ ജീവിതം ധന്യമാക്കിയ മകൾക്ക്—വളർത്തച്ഛൻ.'

കമ്പ്യൂട്ടറിൽ മനോഹരമായ ലിപികളിൽ ചിത്രപ്പണികളോടെ ഉണ്ടാക്കിയ ആ കാർഡ് ഒരിക്കൽക്കൂടി അവൾ വായിച്ചു. നെഞ്ചിനുള്ളിൽ വീർപ്പുമുട്ടിച്ചുകൊണ്ടു വന്ന തേങ്ങലടക്കാൻ അവൾക്കു കഴിഞ്ഞില്ല. മേശമേൽ നെറ്റിവച്ച് അവൾ തേങ്ങിക്കരഞ്ഞു.

ഭാസ്കരൻ നായർ അവളുടെ തലമുടി തടവുകയായിരുന്നു. അയാൾ അവളെ ആശ്വസിപ്പിക്കാൻ എന്തോ പറയുന്നുണ്ട്. അവസാനം അയാൾ ചോദിച്ചു. 'എവിടെ നിന്റെ സമ്മാനം. ഞാൻ ശരിയുത്തരം തന്നില്ലേ?'

'ഞാൻ ഈ സാറിനോട് കൂട്ടല.' അവൾ പറഞ്ഞു.

മാലതി ചിരിക്കുകയാണ്. നാൻസിക്ക് കുറച്ചാശ്വാസം തോന്നി. അവൾ സഞ്ചി തുറന്ന് മൂന്ന് ചോക്കളേറ്റ് ബാറുകൾ പുറത്തെടുത്തു ഭാസ്കരൻ നായർക്കു കൊടുത്തു. അയാൾ ഓരോന്ന് അവൾക്കും മാലതിയ്ക്കും കൊടുത്തു.

'നമുക്കിത് ഇപ്പോൾതന്നെ തിന്നാം എന്താ?'

'സാറ് എന്താണ് എനിക്കുവേണ്ടി വാങ്ങിച്ചതു?'

'നീ തുറന്ന് നോക്ക്.'

അതൊരു ചോക്കളേറ്റ് ക്രീം കേക്കായിരുന്നു. ഉച്ചയ്ക്ക് മുറിക്കാമെന്ന് അവൾ തീരുമാനിച്ചു.

അയാൾ രണ്ടുപേരുടെയും ജന്മദിനം ഓർത്തുവച്ചു. ആ ദിവസം കേയ്ക്കു വാങ്ങിവയ്ക്കും. പക്ഷേ, താൻ ജോലിക്കു ചേർന്ന ദിവസം ഓർത്തിരിക്കുമെന്ന് നാൻസി ഒരിക്കലും കരുതിയില്ല. വല്ലാത്തൊരു സാറ്!

'നീയെന്നാണ് പുതിയ കമ്പനിയിൽ ചേരുന്നതു?' ഭാസ്കരൻ നായർ ചോദിച്ചു.

'ഞാനോ, പുതിയ കമ്പനിയിലോ?' ഒരു ടി. വി. പരസ്യത്തെ അനുകരിച്ചുകൊണ്ട് അവൾ ചോദിച്ചു. 'ഞാനീ സാറിനെ വിട്ട് എങ്ങും പോവത്തില്ല. സാറിന്റെ കഴുത്തിൽത്തന്നെ തൂങ്ങും.'

'എനിക്കറിയാമായിരുന്നു എനിക്കത്ര ഭാഗ്യമൊന്നുമില്ലെന്ന്.' ഭാസ്കരൻ നായർ പറഞ്ഞു. 'അല്ലെങ്കിൽ എത്ര വഴിപാടു നേർന്നതാണ്!'

വൈകുന്നേരം ഇതെല്ലാം വിവരിച്ചുകൊടുത്തപ്പോൾ രാജൻ പറഞ്ഞു.

'ഭാസ്കരൻ നായർ ഒരപൂർവ്വ സ്പീഷീസിൽ പെട്ടയാളാണ്. അടുത്തുതന്നെ നാമാവശേഷമാകാവുന്ന ഒരു വർഗ്ഗം. പണമെന്ന ഒരേയൊരു പരിഗണനയിൽ സ്നേഹമെന്ന വികാരത്തിന് ഏറ്റവും പിന്നിലെ സീറ്റുകൊടുക്കുന്ന വർഗ്ഗമാണിപ്പോഴുള്ളത്. അങ്ങിനെയല്ലാത്ത ആരെയെങ്കിലും കണ്ടാൽ അവരെ പ്രത്യേകം പരിരക്ഷിക്കണം. വർഗ്ഗനാശമുണ്ടാവാതെ നോക്കണം.'

'നമുക്ക് സാറിനെ വല്ല വന്യമൃഗ സംരക്ഷണകേന്ദ്രത്തിലും ആക്കിയാലോ?'

# ഒമ്പതാം ദിവസം

ആരാണ് തന്നെ ആറു വെള്ളിക്കാശിന് അപ്പന് ഒറ്റിക്കൊടുത്തതു? ചേച്ചിയാണോ? സാറാണോ? അതോ വലിയിടത്തച്ചനോ? ആരായാലും മിന്നൽ വേഗത്തിൽ കാര്യങ്ങൾ നടന്നു. ഞായറാഴ്ച പെണ്ണുകാണാൻ വരുമെന്ന് പറഞ്ഞതു് ചേച്ചിയാണ്. ആലുവക്കാരനാണത്രെ. വരന് അവിടെ സ്റ്റേഷനറി കച്ചവടമാണ്.

'വല്ല ബേക്കറിയോ ഐസ് ക്രീം പാർളറോ ആണെങ്കിൽ ഞാനുടനെ സമ്മതിച്ചേനെ.' അവൾ ചേച്ചിയോടു പറഞ്ഞു.

'ഐക്രീം മേണം.' നെൽസൺ ആവശ്യമുന്നയിച്ചു.

'കൊച്ചമ്മ ഒരു ഐസ് ക്രീം പാർളറുകാരനെ കെട്ടട്ടെ. എന്നിട്ട് മോന് ദിവസ്യം ഐസ്ക്രീം കൊണ്ടുവരാം കേട്ടോ.' നാൻസി അവനെ സമാധാനിപ്പിച്ചു.

നാൻസി വളരെ സന്തോഷത്തിലായിരുന്നു. ആദ്യമായി ഒരാൾ തന്നെ കാണാൻ വരുന്നു. അവൾ അങ്ങോട്ടു പോയി ആൺപിള്ളേരെ കാണുകയല്ലാതെ ആണൊരുത്തൻ അവളെമാത്രം കാണാനായി വരുന്നതു് ത്രില്ലുണ്ടാക്കുന്ന സംഭവമാണ്.

അവൾ രാജനോടു പറഞ്ഞു.

'നാളെ എന്നെ കാണാൻ ആൾ വരുന്നു.'

'ആരാണ് ആ ധൈര്യശാലി?' അയാൾ എഞ്ചിൻറൂമിൽനിന്നിറങ്ങാതെ സംസാരിക്കയാണ്.

'ഇരുപത്താറു വയസ്സുള്ള ഒരു ചെറുപ്പക്കാരൻ. നല്ല സുന്ദരൻ.'

'നീ ആളെ മുമ്പ് കണ്ടിട്ടുണ്ടോ?'

'ഇല്ലാ.'

'ഫോട്ടോ കണ്ടിട്ടുണ്ടാവും അല്ലേ?'

'അതും ഇല്ല.'

'പിന്നെ എങ്ങിനെ മനസ്സിലായി അയാൾ സുന്ദരനും സുശീലനുമാണെന്ന്?'

'നേരിട്ടു കാണുന്നതുവരെ എന്തിനാണ് കുറയ്ക്കുന്നതു?'

'അയാളെന്തു ചെയ്യുന്നു.'

'ആലുവായിൽ സ്റ്റേഷനറിക്കച്ചവടമാണ്.'

'നന്നായി വരട്ടെ!'

'ഞാനയാളെ കണ്ടശേഷം പറഞ്ഞാൽ മതി.' അവൾ നടന്നുനീങ്ങി.

പെണ്ണുകാണാൻ വരുന്ന വിവരം പറഞ്ഞപ്പോൾ ഭാസ്കരൻനായരുടെ മുഖത്ത് ഒരു ചിരി വിടർന്നുവോ എന്നവൾ സംശയിച്ചു. സാറാണോ വില്ലനെന്നറിയാനെന്തു വഴി? അവൾ നുണ പറഞ്ഞു.

'സാറിന്റെ കത്തു കിട്ടിയെന്ന് അപ്പൻ എഴുതിയിട്ടുണ്ട്?'

'എന്റെ കത്തോ? അയക്കാത്ത കത്തെങ്ങിനെയാണ് നിന്റെ അപ്പന് കിട്ടുക?'

അവൾ ആശയക്കുഴപ്പത്തിലായി. ഭാസ്കരൻ നായരായിരിക്കില്ല തന്നെ ഒറ്റിക്കൊടുത്തതു്. ഒന്നുകിൽ ചേച്ചി, അല്ലെങ്കിൽ വലിയിടത്തച്ചൻ. ആരായാലും കണ്ടുപിടിച്ചാൽ ഉടനെ കൊന്നുകളയണമെന്നവൾ തീർച്ചയാക്കി.

'ഞാനിന്ന് കുറച്ചു നേരത്തെ പൊയ്ക്കോട്ടെ?' നാൻസി ചോദിച്ചു.

'എന്തിനാണ്?'

'കോൺവെന്റ് ജങ്ക്ഷനിൽ പോണം. കുറച്ചു സൗന്ദര്യവസ്തുക്കൾ വാങ്ങണം. കാണാൻ വരുന്നതു് നല്ല പയ്യനാണെങ്കിൽ എന്നെ പിടിക്കാതെ പോണ്ട.'

'കുറച്ചധികം സാധനങ്ങൾ വാങ്ങേണ്ടിവരും.'

'എന്തേ?'

'ഇല്ലാത്ത ഒന്ന് ഉണ്ടാക്കലല്ലേ?'

'ഈ സാറിനോട്ട് ഞാൻ കൂട്ടലാ കേട്ടോ!'

അവൾക്കറിയാം ഭാസ്കരൻ നായർ കളിപ്പിക്കയാണെന്ന്. അവൾ ശരാശരിയിലും മീതെയായിരുന്നു. വെളുപ്പിനോടടുത്ത ഇരുനിറം. മിസ്സ് ഇന്ത്യയ്ക്ക് അസൂയയുണ്ടാക്കുന്ന വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്. നീണ്ട വിരലുകളിൽ ഭംഗിയുള്ള നീണ്ട നഖങ്ങൾ. സ്വപ്നങ്ങൾ മയങ്ങുന്ന വലിയ കണ്ണുകൾ. ചേച്ചിയുടെ നിറംകൂടി കിട്ടിയിരുന്നെങ്കിൽ തന്നെ പിടിച്ചാൽ കിട്ടില്ലെന്നാണ് അവൾ പറയാറ്. കർത്താവുമായി കണക്കുതീർക്കേണ്ട ഒരു കാര്യമായി അതവൾ കുറിച്ചിട്ടിരിക്കയാണതു്.

കോൺവെന്റ് ജങ്ക്ഷൻ യാത്ര ഒരു ദുരന്തമായിരുന്നു. പരിചയമുള്ള സെയിൽസ്മാൻമാരെല്ലാം അപ്രത്യക്ഷരായിരിക്കുന്നു. പുതിയ മുഖങ്ങൾ. കാണാൻ കൊള്ളാവുന്ന ഒരു മുഖത്തിനു വേണ്ടി അവൾ കടകൾ കയറിയിറങ്ങി. ഒരൊറ്റ എണ്ണം? അവരൊക്കെ എവിടെപ്പോയി?

സ്റ്റേഷനിലെത്തിയപ്പോഴേയ്ക്ക് അവൾ ക്ഷീണിച്ചിരുന്നു.

'എന്തുപറ്റീ നിനക്ക്?' രാജൻ ചോദിച്ചു.

'ഞാൻ ആത്മഹത്യ ചെയ്യാൻ തീർച്ചയാക്കി.'

നല്ല കാര്യമെന്നമട്ടിൽ രാജൻ അവളെ അഭിനന്ദിച്ചുകൊണ്ട് നോക്കി.

'ആത്മഹത്യക്ക് സ്റ്റേഷൻ പരിസരം ഒഴിവാക്കാൻ എന്താണ് വേണ്ടതു?'

'ഒരു ഐസ്ക്രീം.'

'അത്രയേ വേണ്ടൂ?' അവർ പ്ലാറ്റ്ഫോമിലെ കൗണ്ടറിലേയ്ക്കു നടന്നു.

ഐസ്ക്രീം കഴിച്ചുകൊണ്ടിരിക്കേ രാജൻ പറഞ്ഞു.

'ഞാൻ രണ്ടു ദിവസം ലീവിലായിരിക്കും.'

'എന്താ കാരണം?'

'അമ്മയ്ക്കു സുഖമില്ല. ഡോക്ടറെ കാണിക്കണം. ഒരു പക്ഷേ, ആശുപത്രിയിൽ രണ്ടു ദിവസം കിടക്കേണ്ടിവരും.'

'ഐസ്ക്രീം വെറുതെയായി.'

'എന്തേ?'

'ഞാൻ ഇപ്പോൾ തന്നെ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു.'

രാത്രി കിടക്കുന്നതിനുമുമ്പ് അവൾ മേരിയോടു ചോദിച്ചു.

'ആരുടെ ഐഡിയയാണ് ഈ പെണ്ണുകാണൽ?'

'അപ്പൻ ചിറ്റപ്പന് എഴുതിയതാണ്. ചിറ്റപ്പനാണ് ഈ ആലോചന കൊണ്ടുവന്നതു്. എന്തേ?'

'ഒന്നുമില്ല, ഭംഗിയായി എന്നു പറഞ്ഞതാ.'

ഡയറിയിൽ ഒരു ദിവസത്തെ സ്ഥലം ഒഴിഞ്ഞു കിടന്നു. ഇനിയും രണ്ടോ മൂന്നോ ദിവസങ്ങൾ അങ്ങിനെ കിടക്കാനാണ് യോഗമെന്നു തോന്നുന്നു.

# പതിമൂന്നാം ദിവസം

അവൾ ഡയറി കൈയ്യിലെടുത്തു. ഇന്നെങ്കിലും എഴുതിയില്ലെങ്കിൽ നാളെ ചരിത്രം തന്നിൽ പഴിചാരും. ഇത്രയും വലിയ ഒരു വിടവ് വിശദീകരിക്കാനാവാതെ കിടക്കും. ശരിക്കും പറഞ്ഞാൽ രാവിലെ എഴുന്നേറ്റ ഉടനെതൊട്ട് അരമണിക്കൂർ കൂടുമ്പോൾ ഡയറിയെഴുതണമെന്നു തോന്നിയതാണ്. എഴുതാനുള്ള കോപ്പുമുണ്ടായിരുന്നു. ചേച്ചിയുടെ ഒപ്പം പള്ളിയിൽ പോക്കും വലിയിടത്തച്ചന്റെ ആശീർവാദങ്ങളും, അതിനുശേഷം പെണ്ണുകാണാൻ വരുന്നവർക്ക് വിരുന്നൊരുക്കാനുള്ള ശ്രമങ്ങളും. ചിറ്റപ്പനും ആന്റിയും നേരത്തെത്തന്നെ വന്ന് വീട്ട് കൈയ്യേറിയിരിക്കുന്നു. എന്തോ മഹത്തായ കാര്യം നടക്കാൻ പോകുന്നുവെന്ന പ്രതീതിയാണ്.

കൃത്യം പതിനൊന്നിനുതന്നെ പയ്യൻ ഒരു ഡസൻ ആൾക്കാരുമായി എത്തി. ഒരമ്പാസിഡർ കാറിൽ ഇത്രയധികം ആൾക്കാരെ കൊള്ളുമെന്നത് അവൾ അപ്പോഴാണ് അറിയുന്നത്. ഓരോരുത്തരായി ഇറങ്ങുമ്പോൾ കാർ ഓരോ ഇഞ്ചായി പൊന്തുന്നത് അവൾ ജനലിലൂടെ നോക്കിനിന്നു. എല്ലാവരേയും ഇറക്കിവിട്ടശേഷം കാർ കോട്ടുവായിട്ടു മൂരി നിവർന്നു. വന്ന ആൾക്കൂട്ടത്തിൽനിന്ന് പയ്യനെ കണ്ടുപിടിക്കാൻ ശ്രമിക്കയായിരുന്നു നാൻസിയും മേരിയും.

ആന്റി വന്നു വിളിച്ചപ്പോൾ മേരി ഒപ്പം പോയി. നാൻസി തനിച്ചായി. തെരച്ചിൽ രണ്ടു സ്ഥാനാർത്ഥികളിലേയ്ക്ക് ഒതുങ്ങി. ഒരുപക്ഷേ, ജേഷ്ഠാനുജന്മാരായിരിക്കണം. രണ്ടായാലും ആകെപ്പാടെ കൊള്ളാം. പാന്റ്സും മുഴുവൻ കൈയ്യുള്ള വരയുള്ള ഷർട്ടുമാണ് വേഷം. നിറം കുറവാണ്. കറുപ്പിനോട് കൂടുതൽ അടുത്തു നിൽക്കുന്നു. അവർ നടന്ന് ഉമ്മറത്തേയ്ക്കു കയറി.

ആന്റിയുടെ ഒപ്പം ചെന്ന മേരി അവരെ സ്വാഗതം ചെയ്തു. രണ്ടുപേരിൽ മൂത്തവൻ മേരിയെ നല്ലവണ്ണം നോക്കുന്നുണ്ടായിരുന്നു. കല്ല്യാണപ്പെണ്ണാണെന്നു കരുതിയായിരിക്കണം. മേരിയെ കണ്ടാൽ പെറ്റുവെന്നൊന്നും തോന്നില്ല. അനിയൻ ഏട്ടനോട് എന്തോ അടക്കം പറഞ്ഞു. നല്ലവണ്ണം നോക്കിക്കോ എന്നായിരിക്കും. ആ നിമിഷത്തിലാണ് നെൽസൺ ഓടി ഉമ്മറത്തേയ്ക്കു വന്നതും, 'അമ്മച്ചീ ന്നെ എടുക്ക്' എന്നു പറഞ്ഞതും. പയ്യന്റെ മുഖത്തെ ചിരി ചമ്മിയ ചിരിയായി മാറി. അവൻ അനുജനെ രൂക്ഷമായി ഒന്ന് നോക്കി. നിനക്കു ഞാൻ വെച്ചിട്ടുണ്ടെടാ എന്ന മട്ടിൽ.

അകത്ത് ജനലിലൂടെ നോക്കി ആസ്വദിക്കുന്ന നാൻസിക്ക് ചിരിപൊട്ടി. ചായകുടിച്ചുകഴിഞ്ഞ ശേഷമാണ് നാൻസി ഉമ്മറത്തേയ്ക്കു പോയത്. സിനിമയിലും ടിവി സീരിയലിലും ഉള്ളപോലെ ചായയുടെ ട്രേയുമായി തന്നെ ഉമ്മറത്തേയ്ക്കു തള്ളിവിട്ടാൽ അതിന്റെ ഫലം വന്നവരും ഇവിടെയുള്ളവരും അനുഭവിക്കേണ്ടിവരുമെന്ന താക്കീതു നിലവിലുള്ളതുകൊണ്ടാണ് ആന്റിയും ചിറ്റപ്പനും നിർബ്ബന്ധിച്ചിട്ടും മേരി അനിയത്തിയെ പറഞ്ഞയക്കാതിരുന്നത്.

'എന്നാൽ പെണ്ണിനെ ഒന്ന് വിളിക്ക്യാ.' ആരോ പറഞ്ഞു. അത് ചെക്കന്റെ മൂത്ത പെങ്ങളാണെന്ന് പിന്നീടു മനസ്സിലായി. നാൻസി ഉമ്മറത്തേയ്ക്കു വന്ന് ഒരു തൂണു ചാരിനിന്നു പയ്യനെ നല്ലവണ്ണം ഒന്നു നോക്കി. നോട്ടത്തിന്റെ ശക്തിയിൽ പയ്യൻ നാണിച്ചു തലതാഴ്ത്തി. ഭസ്മമാവാതിരുന്നത് പയ്യന്റെ മുജ്ജന്മസുകൃതമെന്നു പറയാം. പിന്നീടങ്ങോട്ട് വിചാരണയായിരുന്നു. വാദിഭാഗം വക്കീൽ പെങ്ങൾ തന്നെ.

'എന്താ പേര്?'

'നാൻസി. ചിറ്റപ്പൻ പറഞ്ഞില്ലേ?'

'നാൻസി എവിട്യാണ് ജോലിയെടുക്കണതു?' പെങ്ങൾ അടിതെറ്റാതിരിക്കാൻ ശ്രമിച്ചുകൊണ്ട്, പതറാതെ ചോദിച്ചു.

'എറണാകുളത്ത്.'

'എന്തു ജോലിയാ?'

'ടൈപ്പ്സെറ്റിങ്.'

'ടൈപ്പിങ്ങിന്റെ ജോലിയാണല്ലേ? അപ്പോ നിങ്ങടെ ആൾക്കാര് പറഞ്ഞത് കമ്പ്യൂട്ടറിലാ ജോലീന്നാണല്ലോ?' അങ്ങിനെ പറ്റിക്കാൻ നോക്കേണ്ട എന്ന ഭാവത്തിൽ പെങ്ങൾ പറഞ്ഞു.

'കമ്പ്യൂട്ടറിലാണ് ടൈപ്പ്സെറ്റു ചെയ്യുക.' നാൻസി ശാന്തമായി പറഞ്ഞു. ചിരി വരുമെന്നു ഭയന്ന് അവൾ ചേച്ചിയുടെ തുറിച്ചുനോക്കുന്ന കണ്ണുകൾ ഒഴിവാക്കാൻ ശ്രമിക്കയായിരുന്നു. ഒരിക്കൽ ചിരി പൊട്ടിയാൽ പിന്നെ അടക്കാൻ കഴിഞ്ഞില്ലെന്നു വരും.

'ശമ്പളം എന്തു കിട്ടും?'

നാൻസി മറുപടി പറയുന്നതിനുമുമ്പ് പയ്യൻ പറഞ്ഞു.

'അത് സാരല്ല്യ ചേച്ചി.'

ശമ്പളമെന്താണെന്നറിയണമെന്ന് അയാൾ ചേച്ചിയോട്ട് അവശ്യപ്പെട്ടിട്ടുണ്ടായിരുന്നില്ല. തന്റെ ഭാര്യയുടെ ശമ്പളം ചേച്ചി അറിയണമെന്നില്ല അയാൾക്ക്. അറിഞ്ഞാൽ കുഴപ്പമാണ്.

'പാട്ടുപാടാനൊക്കെ അറിയ്യോ?' പെങ്ങൾ വീണ്ടും ചോദിച്ചു.

'ഉം, പീറ്റർ ചേട്ടന്റെ ഒപ്പം പാടാറുണ്ട്.'

'ആരാണ് പീറ്റർ ചേട്ടൻ?' പയ്യൻ ആകാംക്ഷയോടെ ചോദിച്ചു. നാൻസി ഒരു ചെറുപ്പക്കാരന്റെ ഒപ്പം ദ്വന്ദഗാനവും പാടി പാർക്കുകളിലും ഫോർട്ടുകൊച്ചി ബീച്ചിലുമൊക്കെ നടക്കുന്നത് അയാൾ മനസ്സിൽ കണ്ടു.

'ഞങ്ങടെ ഇടവകപള്ളീല് പാട്ട് പാടണ ആളാണ്.' ചിറ്റപ്പൻ കൂട്ടിച്ചേർത്തു. 'വയസ്സായ ഒരു കാരണവര്.'

പയ്യനു സമാധാനമായി. അയാൾ അളിയനുമായി എന്തോ സംസാരിക്കയാണ്. അളിയൻ എഴുന്നേറ്റ് ചിറ്റപ്പനെ വിളിച്ചു മുറ്റത്തേക്കിറങ്ങി സംസാരിക്കാൻ തുടങ്ങി. പെങ്ങൾ നാൻസിയെ വെറുതെ നോക്കിനിന്നു. ചോദ്യങ്ങൾ അവരുടെ കണ്ണുകളിലും മുഖത്തെ പേശികളിലും സംതൃപ്തിയില്ലാതെ ഉടക്കിനിന്നു. അളിയനും ചിറ്റപ്പനും കൂടി സംസാരിച്ച് പടിക്കലെത്തി. നാൻസി തിരിച്ച് അകത്തേയ്ക്കുതന്നെ നടന്നു.

അരമണിക്കൂറിനുള്ളിൽ അവർ പോയപ്പോൾ എല്ലാവരും ചിറ്റപ്പന്റെ അടുത്തു ചെന്നു.

'ചെക്കന് പെണ്ണിനെ ഇഷ്ടായിരിക്കുന്നു.' അയാൾ പറഞ്ഞു. 'അല്ലെങ്കിൽ എന്റെ മോക്ക് എന്താണൊരു കുറവ്?'

'അവര് മറ്റെ കാര്യൊക്കെ എന്താ പറഞ്ഞതു?' ആന്റി അക്ഷമയോടെ ചോദിച്ചു.

'മൂന്നുലക്ഷോം നാൽപ്പതു പവനും. അപ്പോ ഞാൻ പറഞ്ഞു അവള്ടെ ചേച്ചിക്ക് കൊടുത്തത് രണ്ടുലക്ഷോം ഇരുപതു പവനുമാണ്. തറവാട് നാൻസിക്കാണ് കിട്ടുക. അതുകൊണ്ട് ഒരു ലക്ഷോം ഇരുപതു പവനും തരാമെന്നു പറഞ്ഞു. ആലോചിക്കട്ടേന്ന് പറഞ്ഞിരിക്ക്യാ.'

'എന്താത്ര ആലോചിക്കാന്ള്ളതു?' അമ്മായി ചോദിച്ചു.

'അവന്റെ കടേടെ അടുത്ത്ള്ള കട വില്ക്കാനിട്ടിരിക്ക്യാത്രെ. അതു വാങ്ങണംന്ന്ണ്ട്. ഇപ്പഴ്ള്ള കട അവനും അനിയനുംകൂടിള്ളതാ. അതിനാണ് പണം.'

'നമ്മടെ അപ്പൻ അദ്ധ്വാനിച്ചുള്ള കാശോണ്ട് അയാക്ക് കടയെടുക്കണംന്ന്, അല്ലേ? അയാക്ക് അപ്പനൊന്നും ഇല്ലേ?' നാൻസി ചോദിച്ചു.

'നീ മിണ്ടാതിരിയെടി.' മേരി ശാസിച്ചു.

'ആട്ടെ നിനക്കയാളെ ഇഷ്ടപ്പെട്ടോടീ?' ആന്റി ചോദിച്ചു.

'കൊള്ളാം.' നാൻസി പറഞ്ഞു. 'എനിക്കറിയേണ്ടത് നമ്മടെ അപ്പൻ കൊടുക്കണതല്ലാതെ അയാള്ടെ കയ്യില് മറ്റു കോപ്പെന്തുണ്ട്ന്നാ. നമ്മടെ പണം മാത്രം എടുത്ത് കളിക്ക്യാണെങ്കില് ശരിയാവത്തില്ല.'

ഡയറി മടക്കിവച്ചുകൊണ്ട് നാൻസി ചിരിച്ചു. അയാളുടെ കയ്യിലെ കോപ്പ് അറിയണമെങ്കിൽ കല്യാണരാത്രിതന്നെ വേണ്ടിവരും. വലിയ പ്രതീക്ഷകളൊന്നും ഇല്ലാതിരിക്കുന്നതാവും നല്ലത്.

അനിയത്തിയെ ഉപദേശിച്ച് തളർന്ന് മേരി ഉറക്കമായിരുന്നു.

# പതിനാലാം ദിവസം

പ്ലാറ്റ്ഫോമിൽ പുഷ്പൾ കിതച്ചുനിന്നു. അവൾ എഞ്ചിൻ റൂമിലേയ്ക്കു നോക്കി. കഴിഞ്ഞ മൂന്നുനാലു ദിവസമായി പ്രഭയറ്റു കിടന്ന എഞ്ചിൻ മുറി വീണ്ടും പ്രഭാപൂരം പൊഴിക്കുന്നതായി അവൾ കണ്ടു. വീണ്ടും വസന്തം, വീണ്ടും പൂക്കളുടെ പ്രളയം. സുഗന്ധം പരത്തുന്ന മന്ദമാരുതൻ. ഞാൻ പറഞ്ഞില്ലേ? അവൾ ആലോചിച്ചു. എനിക്ക് കവിതയെഴുതാൻ കഴിയും.

'എന്താ കേറ്ണില്ലേ?' എന്ന് രാജൻ ആംഗ്യം കാണിച്ചപ്പോഴാണ് പരിസരബോധമുണ്ടായത്. ചുറ്റും വസന്തമല്ല, തലയ്ക്കു മുകളിൽ മൊട്ട വെയിലാണെന്നും, ഇപ്പോൾ കവിതയെഴുതാനിരുന്നാൽ ശരിയാവില്ലെന്നും അവൾക്കു ബോധ്യമായി. അവൾ ധൃതിയിൽ വണ്ടിയിൽ കയറി. അന്താക്ഷരിയിൽ അവൾ ആദ്യമായി ജയിച്ചു. വയലാറിന്റേയും ഒ. എൻ. വി.-യുടെയും പാട്ടുകൾ അവളുടെ നാവിൻതുമ്പിൽ അനായാസം വന്നുചേർന്നു. അവൾ കുട്ടിക്കാലംതൊട്ട് കേൾക്കാറുള്ളതാണാ പാട്ടുകൾ. അപ്പൻ വൈകുന്നേരം അല്പം കുടിക്കും. കുടിച്ചു കഴിഞ്ഞാൽ സിനിമാഗാനങ്ങൾ നല്ല ഈണത്തിൽ പാടും. അതുകേട്ടുകൊണ്ടാണവൾ വളർന്നത്. ഇപ്പോൾ അവളുടെ ജീവിതത്തിലും ആ പാട്ടുകൾക്ക് അർത്ഥമുണ്ടായി വരുന്നതവൾ അദ്ഭുതത്തോടെ, ആഹ്ലാദത്തോടെ കണ്ടു.

സൗത്ത് സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ അവൾ പ്ലാറ്റ്ഫോമിലൂടെ നടന്ന് എഞ്ചിന്റെ അടുത്തെത്തി. രാജൻ പുറത്തേയ്ക്കു തലയിട്ട് നിൽക്കുകയാണ്.

'അമ്മയ്ക്ക് എങ്ങിനെയുണ്ട്?' നാൻസി ചോദിച്ചു.

'മാറി.' അയാൾ പറഞ്ഞു. പനിപിടിച്ചു കിടന്ന ഒരു ചെറിയ കുട്ടി കളിക്കാൻ പോകാനായി 'ഊവ്വ് മാറി' എന്നു പറയുന്നതുപോലെയാണയാൾ പറഞ്ഞത്.

'ഇന്നലെ എന്നെ പെണ്ണുകാണാൻ വന്നിരുന്നു.'

'എങ്ങിനെയുണ്ട് പയ്യൻ?'

'നല്ല സുന്ദരൻ. രാജകുമാരനെപ്പോലെയുണ്ട്.'

'ഉും, എന്നെ അസൂയപ്പെടുത്താൻ പറയ്യാണ്. കുട്ടപ്പല്ലും കോങ്കണ്ണും ഉള്ള ആരെങ്കിലുമായിരിക്കും.'

'ആയ്ക്കോട്ടെ.' അവൾ കോക്കിരി കാട്ടിക്കൊണ്ട് നടന്നുപോയി.

പെണ്ണുകാണാൻ വന്ന കാര്യം പറഞ്ഞപ്പോൾ ഭാസ്കരൻ നായർ ചോദിച്ചു.

'എന്താണവരുടെ ഡിമാന്റ്?'

'മൂന്നുലക്ഷവും നാല്പതു പവനും മാത്രം. ഇത്ര കുറച്ചു ചോദിക്കുന്ന ഒരാളുടെ ഒപ്പം ഞാൻ പോവില്ലെന്ന് പറഞ്ഞിരിക്കയാണ്. എന്റെ വില കളയാനോ?'

ഭാസ്കരൻ നായരും മാലതിയും ചിരിക്കയാണ്.

'ഞാൻ നിന്നെക്കൊണ്ട് തോറ്റു. ആട്ടെ പയ്യനെങ്ങിനെണ്ട്?'

'ശരാശരി. പയ്യന്റെ അനിയനാണെങ്കിൽ ഒരു കൈ നോക്കായിരുന്നു. ഗ്ലാമറുള്ള പയ്യനാണ്.'

രാജനെ അസൂയപ്പെടുത്താമെന്നാണ് കരുതിയത്. അയാളുടെ മുഖത്ത് അസൂയപോയിട്ട് അസഹിഷ്ണുതയുടെ ലാഞ്ചനപോലുമുണ്ടായിരുന്നില്ല. ശാന്തമായ മുഖം, പ്രസന്നമായ മുഖം. അവൾ അദ്ഭുതപ്പെട്ടു. ഈയ്യാൾ യേശുതന്നെ വേഷം മാറിവന്നതായിരിക്കുമോ? അവൾ ഐസ്ക്രീം നുണയുകയാണ്.

'ഇങ്ങിനെ ദിവസവും ഐസ്ക്രീമും മസാലദോശയും വാങ്ങിത്തന്നാൽ മുതലാകുമോ?'

'ഇല്ല.'

'പിന്നെ എന്തിനാണ് ഇങ്ങിനെ പണം ചെലവാക്കുന്നതു?'

'അതെല്ലാം ഞാൻ സ്ത്രീധനത്തുകയിൽ കൂട്ടിയിടാം.'

'നിങ്ങൾ നായന്മാർക്ക് സ്ത്രീധനം വാങ്ങുന്ന ഏർപ്പാടില്ലല്ലോ.'

'എന്റെ അച്ഛൻ വാങ്ങിയിട്ടില്ല. ഇങ്ങനെ പോയാൽ ഞാനായിട്ട് അതു തുടങ്ങേണ്ടി വരുമെന്നാണ് തോന്നുന്നത്.'

'അങ്ങിനെയാണെങ്കിൽ എനിക്കു യാതൊരു താല്പര്യവുമില്ല. ഞാൻ സ്ത്രീധനമൊന്നും കൊടുക്കാതെ ഒരു പയ്യനെ അടിച്ചെടുക്കാമെന്നു കരുതിയാണ് നിങ്ങളുമായി അടുത്തത്.'

'അച്ചായത്തിയുടെ മനസ്സിലിരിപ്പ് എനിക്കു നല്ല വണ്ണം അറിയാം. ആട്ടെ മൂന്നു ലക്ഷവും നാല്പതു പവൻ പണ്ടങ്ങളും ചോദിക്കുന്ന ആ വിദ്വാന്റെ കയ്യിലെന്തുണ്ട്?'

'ജനിക്കുമ്പോൾ ദൈവം തമ്പുരാൻ കല്പിച്ചുകൊടുത്ത സാധനങ്ങൾ മാത്രം. അതും പ്രവർത്തനക്ഷമമാണെന്ന് വലിയ ഉറപ്പൊന്നുമില്ല.'

'തങ്കംപോലെയുള്ള ഒരു പെൺകുട്ടിയെ കെട്ടിച്ചയക്കണമെങ്കിൽ ടൺകണക്കിന് സ്വർണ്ണം വേണമെന്നത് വലിയൊരു പ്രശ്നംതന്നെയാണ്. ഇവരെയൊക്കെ ചാട്ടവാറുകൊണ്ടടിക്കുകയാണ് വേണ്ടത്.'

അവൾ പെട്ടെന്ന് യോഹന്നാന്റെ സുവിശേഷത്തിലെ വാക്യങ്ങളോർത്തു.

'അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ദേവാലയത്തിൽനിന്നു അടിച്ചു പുറത്താക്കി...'

രാജന്റെ മുഖത്ത് താടി വളർന്നുവെന്ന് താൻ ഭാവനയിൽ കാണുകയാണോ? കൈയ്യിലുള്ള ചാട്ടവാർ അദ്ദേഹം ചുഴറ്റിയടിക്കുകയാണ്. ആനന്ദഹർഷത്തോടെ അവൾ ആ രംഗം നോക്കി നിന്നു.

'എന്താണാലോചിക്കുന്നതു?' രാജൻ ചോദിച്ചു.

'ഒന്നുമില്ല.' അവൾ പറഞ്ഞു. 'ഞാൻ നന്മതിന്മകളെപ്പറ്റി ആലോചിക്കയായിരുന്നു.'

രാത്രി ഊണു കഴിക്കുമ്പോഴാണ് മേരി പറഞ്ഞത്.

'വൈകീട്ട് ചിറ്റപ്പൻ വന്നിരുന്നു.'

നാൻസി ചോദ്യഭാവത്തിൽ ചേച്ചിയെ നോക്കി.

'അവർക്ക് നിന്നെ ഇഷ്ടപ്പെട്ടുത്രെ.'

'വലിയ കാര്യമായി!'

'പയ്യന് നിന്നോടൊന്നു സംസാരിക്കണംത്രെ. നാളെ നിന്റെ ഓഫീസിലു് വന്നാൽ സൗകര്യാവ്വോന്ന് ചോദിച്ചു.'

'ഈവക അലവലാതികളെയൊന്നും ഓഫീസിലേയ്ക്ക് വിടേണ്ട. എന്റെ ഗ്ലാമർ പോവും. ആ പരിസരത്തൊക്കെ എനിക്ക് നല്ല ഗ്ലാമറാ.'

'പിന്നെ എവിടെവച്ചാ കാണാൻ പറ്റുക?' അനിയത്തിയുടെ സ്വഭാവം നല്ലവണ്ണം അറിയാവുന്നതുകൊണ്ട് മേരി ഏറെ സംയമനം പാലിച്ചിരുന്നു. കുട്ടിക്കാലംതൊട്ട് പരിശീലിച്ചുണ്ടാക്കിയ സിദ്ധിയാണത്.

'അയാൾക്ക് ഉച്ചയ്ക്ക് രണ്ടുതൊട്ട് മൂന്നുമൂന്നരമണിവരെള്ള സമയത്തേ പറ്റൂന്ന് പറഞ്ഞു.'

'നല്ല സമയമാണ്. ഞാൻ നാളെ ലഞ്ചു കൊണ്ടുപോകുന്നില്ല. ഏതെങ്കിലും റെസ്റ്റോറണ്ടിൽവച്ചു കാണാം.'

'റെസ്റ്റോറണ്ടിൽ വച്ചോ?'

'അതെ. അയാൾ എത്ര അർക്കീസാണെന്നും മനസ്സിലാക്കാലോ? എനിക്ക് ഒരു നല്ല ലഞ്ചും തരാവ്വും!' അവൾ നിർത്തി വീണ്ടും പറഞ്ഞു. 'നല്ല ലഞ്ച് എന്നു ഞാൻ പറഞ്ഞോ? എന്റെ പ്രതീക്ഷകൾ കാടുകയറ്വാണോ?'

'ഞാൻ ചിറ്റപ്പനോടു പറയാം.'

ഡയറി അടച്ചുവച്ചപ്പോൾ നാൻസി ഓർത്തു. എല്ലാ ദിവസവും അവസാനിക്കുന്നത് ഒരുപോലെയാണ്. രാത്രിയുടെ ഇരുട്ട് വന്നു വലയം ചെയ്ത് ബോധമണ്ഡലത്തെ പതുക്കെ കാർന്നു തിന്നുന്നു. യാഥാർത്ഥ്യങ്ങൾ ഭ്രമാത്മകതയ്ക്ക് വഴി മാറിക്കൊടുക്കുന്നു. അതു മറ്റൊരു ലോകം. അതാണ് തന്റെ സത്ത. അതിലാണ് താൻ ജീവിക്കുന്നത്.

അവൾ സ്വയം പറഞ്ഞു. കർത്താവേ ഇതിന്റെ പൊരുളെന്താണ്?

# പതിനാറാം ദിവസം

‘ഇന്നല്ലേ മഹത്തായ ലഞ്ചിന്റെ ദിവസം?’ എഞ്ചിൻ ഡ്രൈവർ ചോദിച്ചു. ലഞ്ചിനെപ്പറ്റി അവൾ തലേന്നു വൈകുന്നേരം പറഞ്ഞിരുന്നു. നാൻസി ചിരിച്ചു. ‘ഞാൻ എന്താണ് ആശംസിക്കേണ്ടതു?’ അയാൾ വീണ്ടും ചോദിച്ചു.

‘രക്ഷപ്പെടട്ടേ എന്ന്?’

‘എന്തിൽനിന്ന്? ലഞ്ചിൽനിന്നോ, ലഞ്ചുതരുന്ന ആളിൽനിന്നോ?’

‘എല്ലാറ്റിൽനിന്നും. എനിക്കു മടുത്തു.’

‘തമാശ കള.’

‘കാര്യമായിട്ടു പറയ്യാണ്. എനിക്കുവേണ്ടി ഒരുപകാരം ചെയ്യാമോ?’

‘പറയൂ.’

‘ആ റസ്റ്റോറണ്ടിലേയ്ക്കു ഒന്നു വരാമോ?’

‘റസ്റ്റോറണ്ടിലേയ്ക്കോ, ഞാനോ? സ്വർഗ്ഗത്തിലേയ്ക്ക് കട്ടുറുമ്പിനെ ക്ഷണിക്കുന്നതെന്തിന്?’

‘വരാൻ പറ്റുമോ? ഒരു ധാർമ്മിക പിന്തുണയ്ക്കാണ്. എന്നെ പരിചയമുണ്ടെന്നു ഭാവിക്കേണ്ട. അടുത്തെവിടെയെങ്കിലും ഇരുന്നാൽ മതി.’

‘രണ്ടുമണിക്ക് എന്റെ ഉച്ചയുറക്കത്തിന്റെ സമയമാണ്. വലിയൊരു ത്യാഗമായിരിക്കും. പോരാത്തതിന് ഞാൻ ഉച്ചയ്ക്ക് ഉറങ്ങിയില്ലെങ്കിൽ രാത്രി വണ്ടിയോടിക്കുമ്പോൾ ഉറങ്ങും. അപകടമുണ്ടാവും.’

‘എങ്കിൽ വേണ്ട.’ അവൾ നടന്നുനീങ്ങി. അവളുടെ സ്വരത്തിൽ പരിഭവമുണ്ടായിരുന്നില്ല. എന്തുകൊണ്ടോ അവൾക്ക് രാജൻ ആ റസ്റ്റോറണ്ടിൽ ചെല്ലണമെന്നുണ്ടായിരുന്നു. സാരമില്ല.

അവൾ ഉച്ചക്കിരുന്ന് ജോലിയെടുക്കുന്നതു കണ്ടപ്പോൾ ഭാസ്കരൻ നായർ ചോദിച്ചു.

‘ഇന്ന് നാൻസിക്ക് വിശക്കുന്നില്ലേ?’

‘ഇന്ന് എനിക്ക് ഉഗ്രൻ ഒരു ലഞ്ച് കിട്ടാൻ പോകുന്നു.’

‘ആരുടെ വക?’

‘ആലുവായിലെ ഒരു സ്റ്റേഷനറി മുതലാളിയുടെ വക.’

‘അപ്പോൾ നിന്റെ കല്യാണം ഉറപ്പിച്ചുവോ?’

‘അതിനുള്ള പ്രാരംഭശ്രമങ്ങളാണ്. ആശയവിനിമയം നടത്തി രണ്ടു മനസുകളും ഒരേ തരംഗത്തിലാണോ ആവർത്തിക്കുന്നത് എന്നു കണ്ടുപിടിച്ച് ഹൃദയങ്ങളെ യോജിപ്പിക്കുന്ന ജോലി കർത്താവിന് എളുപ്പമാക്കിക്കൊടുക്കുക.’

‘ഊഹ്. ഭാസ്കരൻ നായർ പറഞ്ഞു. ‘ഏതു പുസ്തകത്തിൽ നിന്നാണ് നീ ഈ പറഞ്ഞതെല്ലാം ചൂണ്ടിയതു?’

‘അതു രഹസ്യമാണ്. ഇതു ആധുനികോത്തരമാണ്. ഒരിജിനൽ പറഞ്ഞുതന്നാൽ എന്റെ പുസ്തകം ചെലവാവില്ല.’

കൃത്യം രണ്ടു മണിക്ക് നാൻസി റെസ്റ്റോറണ്ടിലെത്തിയപ്പോൾ വാതിൽക്കൽ ഹീറോ കാത്തുനിന്നിരുന്നു. ഒരു ലഞ്ചിനുവേണ്ടി രണ്ടു മണിക്കുള്ള വെയിലത്തെ നടത്തം വിഫലമാകുമോ എന്ന ഭയാശങ്കകളോടെ അവൾ നടന്നു.

‘ഞാൻ ഓഫീസിൽ വരാമെന്നാണ് കരുതിയതു?’ അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

അയ്യട! അവൾ മനസ്സിൽ കരുതി.

അവർ ചില്ലുവാതിൽ കടന്ന് ഉള്ളിലേയ്ക്കു പ്രവേശിച്ചു. ഉള്ളിൽ മങ്ങിയ വെളിച്ചത്തിൽ കണ്ണുകൾ പഴകാൻ കുറച്ചു സമയമെടുത്തു. അവൾ മറ്റൊരു മുഖത്തിനു വേണ്ടി തിരയുകയായിരുന്നു. വരില്ലെന്നറിയാം എങ്കിലും...

അവർ മേശക്കിരുവശത്തും ഇരിപ്പുറപ്പിച്ചു. വെയ്റ്റർ വന്ന് മെന്യൂ കാർഡ് രണ്ടു പേരുടേയും മുമ്പിൽവച്ചു. മെന്യൂ തുറക്കുമ്പോൾ നാൻസി ശ്രദ്ധിച്ചിരുന്നത് മുമ്പിലിരിക്കുന്ന ആളുടെ മുഖമായിരുന്നു. എവിടെ വച്ചാണ് അതു കണ്ടതു്. മുമ്പെങ്ങോ കണ്ടു മറന്ന മുഖം. പെണ്ണുകാണാൻ വന്ന ദിവസവും ആ മുഖം അവളെ അലട്ടിയിരുന്നു. അയാൾ ചോദിച്ചു.

‘എന്താണ് കഴിക്കുന്നതു?’

അവൾക്കു സംശയമുണ്ടായിരുന്നില്ല. മസാലദോശ എന്നു പറയുവാൻ വാ തുറന്നതാണ്. പെട്ടെന്നവൾ വേണ്ടെന്നു തീരുമാനിച്ചു. ഈ മനുഷ്യന്റെ ഒപ്പം താൻ മസാലദോശ കഴിക്കുന്നില്ല. അവൾ മെന്യൂ കാർഡ് എടുത്തു മറിച്ചുനോക്കി. ബിരിയാണി, പൊറാട്ട, ചിക്കൻ കറി. അവൾ പറഞ്ഞു.

‘എനിക്ക് വെറും ഐസ്ക്രീം മാത്രം മതി.’

‘ഐസ്ക്രീം പിന്നെ കഴിക്കാം. ആദ്യം ചിക്കൻ ബിരിയാണിയാവാം അല്ലെ?’

അവൾ ഒന്നും പറയുന്നില്ല. അവൾക്ക് വിശപ്പുണ്ട്. എന്തെങ്കിലും അവട്ടെ. അവൾ വീണ്ടും മുമ്പിലിരിക്കുന്ന മനുഷ്യന്റെ മുഖത്തെപ്പറ്റി ആലോചിക്കുകയാണ്. എവിടെയാണതു കണ്ടിട്ടുള്ളത്. പെട്ടെന്ന് ഓർമ്മകൾ, വർഷങ്ങളുടെ മയിൽക്കുറ്റികൾ താണ്ടി, പുറകോട്ട് വാങ്ങി. സ്കൂൾ ആനിവേർസറിയുടെ നാടകം. ‘അവസാനത്തെ തിരുവത്താഴം’. പ്രിൻസിപാൾ മൈക്കലച്ചൻ തന്നെ എഴുതിയുണ്ടാക്കിയ നാടകമാണ്.

യേശു അപ്പക്കഷ്ണം മുക്കി യൂദാസിനു കൊടുത്തുകൊണ്ടു പറഞ്ഞു:

‘നീ ചെയ്യാനിരിക്കുന്നതു് വേഗം ചെയ്യുക.’

യൂദാസായി അഭിനയിച്ചതു് നാൻസിയുടെ സഹപാഠിയായിരുന്ന ആന്റണിയായിരുന്നു. ആ മുഖമാണ് താനിപ്പോൾ മുമ്പിൽ കാണുന്നതു്. അവൾക്ക് ആന്റണിയെ ഇഷ്ടമായിരുന്നില്ല.

‘എന്റെ പേരു് ഷാജീന്നാണ്.’

നാൻസി യേശുവിന്റെ മുഖത്തിനുവേണ്ടി ചുറ്റും നോക്കുകയായിരുന്നു. യൂദാസിന്റെ ചതിക്കുന്ന മുഖത്തിനുമപ്പുറത്ത് അവൾ കണ്ടു, മറ്റൊരു മേശക്കുപിന്നിൽ ചിരിക്കുന്ന മുഖം.

‘കല്യാണം ഒറപ്പിക്കണതിനു മുമ്പ് ഒന്നു സംസാരിക്കാംന്ന് വിചാരിച്ച് വിളിച്ചതാ.’

നാൻസി സന്തോഷവതിയായിരുന്നു. രാജൻ വരില്ലെന്നുതന്നെയാണ് വിചാരിച്ചതു്. ഇപ്പോൾ ഇതാ തൊട്ടടുത്ത മേശക്കു പിന്നിൽ...

പ്രതിശ്രുതവധുവിന്റെ മുഖം പെട്ടെന്നു തെളിഞ്ഞതിന്റെ പിന്നിലെ ചേതോവികാരങ്ങളൊന്നും വരന് മനസ്സിലായില്ല. അയാൾ അതൊരു അനുകൂലപ്രതികരണമാണെന്നു കരുതി തുടർന്നു.

‘നാൻസിക്കും എന്തെങ്കിലുമൊക്കെ സംസാരിക്കാനുണ്ടാവൂലോ?’

‘എനിക്കൊന്നും സംസാരിക്കാനില്ല.’ അവൾ നുണ പറഞ്ഞു. അവൾക്ക് ശരിക്കു പറഞ്ഞാൽ ഒരു നൂറു കാര്യങ്ങൾ സംസാരിക്കാനുണ്ടായിരുന്നു. അതു കഴിഞ്ഞാൽ പിന്നെ അവിടെനിന്നു ഒറ്റത്തടിയായി രക്ഷപ്പെടുന്ന കാര്യത്തിൽ മാത്രമായിരുന്നു സംശയം.

‘നാൻസിക്ക് എന്നെ ഇഷ്ടായില്ലേ?’

‘പിന്നേ?’ അവൾ സത്യം പറഞ്ഞു. ശരാശരിക്കു മീതെയുള്ള ഏതു ആൺപിള്ളരേയും അവൾക്കിഷ്ടമായിരുന്നു. ശരാശരിക്കു താഴെയാണെങ്കിൽ മാത്രം അവൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗിക്കും. മുമ്പിലിരിക്കുന്ന പുരുഷൻ ലക്ഷണമൊത്ത ആളാണ്. കട്ടിയുള്ള പുരികങ്ങൾ, കട്ടിയുള്ള മീശ, നിറം കുറഞ്ഞ മുഖത്ത് രാവിലെ ഷേവുചെയ്തിട്ടും മാഞ്ഞുപോയിട്ടില്ലാത്ത താടിയുടെ കറുത്ത ഭൂപടം. ചുവപ്പിൽ വെള്ളവരയുള്ള ടെറികോട്ട് ഷർട്ടിനടിയിലൂടെ പ്രത്യക്ഷപ്പെടുന്ന ഉറച്ച പേശികളുള്ള ദേഹം. മുഖത്തെ ഭാവം മാത്രമാണ് അവൾക്കിഷ്ടപ്പെടാത്തതു്. യൂദാസിന്റെ മുഖം!

പിന്നിൽ യേശു വെയ്റ്റർക്ക് എന്തോ ഓർഡർ കൊടുത്ത് ചിരിച്ചുകൊണ്ട് ഇരിക്കയാണ്. അവൾക്ക് പെട്ടെന്ന് മേശ മാറിയിരിക്കാൻ തോന്നി.

‘നാൻസി എന്തു ജോലിയാണ് ചെയ്യണതു? കമ്പ്യൂട്ടറിലാണെന്നറിയാം.’

‘ഡി. ടി. പി. ചെയ്യാണ്.’

ഷാജിക്ക് മതിപ്പുണ്ടായി. ആലുവായിലും ഡി. ടി. പി. സെന്ററുകളുണ്ട്. ചില്ലിട്ട് എയർകണ്ടീഷൻ ചെയ്ത വാതിലുകൾക്കപ്പുറത്ത് സുന്ദരികളായ പെൺകുട്ടികൾ കമ്പ്യൂട്ടറിനു മുമ്പിൽ ഇരുന്ന് ജോലിയെടുക്കുന്നതു് അയാൾ കണ്ടിട്ടുണ്ട്. തന്റെ ഭാവിവധുവും അങ്ങിനെയൊരു സ്ഥലത്താണ് ജോലിയെടുക്കുന്നതു്. ഒരു കച്ചവടക്കാരനായിരുന്ന അയാൾക്ക് ഓഫീസുകളും അതിൽ ജോലിയെടുക്കുന്നവരും ആദരണീയരായിരുന്നു. അപ്പന്റെ കാലത്തു് തുടങ്ങിയ കച്ചവടമാണ്. ഇപ്പോൾ താനും അനുജനുംകൂടി നടത്തുന്നു. രണ്ടു പേരും പ്രീഡിഗ്രിവരെ മാത്രമേ പഠിച്ചിട്ടുള്ളൂ. കച്ചവടം നടത്താൻ അത്രതന്നെ പഠിത്തം ആവശ്യമില്ലെന്ന അപ്പന്റെ നിലപാടിനോട് പഠിക്കാൻ മടിയനായ ഷാജി പെട്ടെന്നു യോജിച്ചു. അനുജനാണ് പിന്നേയും പഠിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നതു്. പഠിക്കാൻ പോയാൽ നിലവിലുള്ള ബിസിനസ്സ് ചേട്ടനു മാത്രമായി കൊടുക്കേണ്ടിവരുമെന്ന് മനസ്സിലായപ്പോൾ അവനും പഠിത്തം വേണ്ടെന്നു വച്ചു.

‘ആരാ അത് നടത്തണതു?’

‘ഒരു സാറാണ്.’

‘ചെറുപ്പക്കാരനാണോ?’

‘ഉം. അറുപത്തഞ്ചു വയസ്സേ ആയിട്ടുള്ളൂ.’

അയാൾ ചിരിച്ചു. അയാളുടെ കഴുത്തിൽ കെട്ടിയ സ്വർണമാല അപ്പോഴാണവൾ കാണുന്നതു്. അറ്റത്തൊരു കുരിശും തൂങ്ങിക്കിടന്നിരുന്നു. അതു നോക്കിക്കൊണ്ട് നാൻസി ചോദിച്ചു.

‘ഭക്തിയൊക്കെ ഉള്ള ആളാണല്ലോ.’

‘എന്താ നാൻസിക്കു ഭക്തിയൊന്നുമില്ലേ?’

‘ഉണ്ടല്ലോ, ഞാൻ യേശുവിൽ വിശ്വസിക്കുന്നു.’ പക്ഷേ, പള്ളിയിൽ പോകാറില്ല എന്നു പറയാൻ ഓങ്ങിയതായിരുന്നു. അവൾ പറഞ്ഞില്ല. യേശു അവളെ സംബന്ധിച്ചേടത്തോളം ഒരു സ്വകാര്യസ്വത്തായിരുന്നു.

‘ധ്യാനത്തിനൊക്കെ കൂടാറുണ്ടോ?’ അയാൾ വീണ്ടും ചോദിച്ചു.

‘ഇല്ല, എനിക്കതിലൊന്നും വിശ്വാസമില്ല.’

‘എന്തേ? ധ്യാനകേന്ദ്രത്തിൽ പല അദ്ഭുതങ്ങളും സംഭവിക്കുന്നുണ്ടല്ലോ?’

‘ഒരദ്ഭുതം മാത്രം സംഭവിച്ചുകാണാറില്ല. അതു സംഭവിച്ചുകണ്ടാൽ ഞാൻ എല്ലാ മാസവും ഓരോ ആഴ്ച ധ്യാനത്തിനു കൂടും.’

‘എന്തദ്ഭുതം?’

‘പിന്നെ പറയാം.’

ഭക്ഷണമെത്തിയിരുന്നു. ബിരിയാണിയും, കറികളും സാലഡും അച്ചാറുകളും നിറച്ച പ്ലെയ്റ്റുകളും പാത്രങ്ങളും രണ്ടുപേരുടെയും മുമ്പിൽ ഭവ്യതയോടെ നിരത്തിവച്ച് വെയ്റ്റർ സ്ഥലം വിട്ടു. രാജന്റെ മുമ്പിലും ഇതേ വിഭവങ്ങളാണെന്ന് അദ്ഭുതത്തോടെ, ആഹ്ലാദത്തോടെ നാൻസി മനസ്സിലാക്കി. അവൾ ചിരിച്ചു. രാജനും ചിരിക്കുന്നുണ്ടായിരുന്നു.

തന്റെ മുഖത്തു കണ്ട സന്തോഷത്തിന്റെ കാരണമറിയാതെ താനൊരു ആർത്തിപ്പണ്ടാരമാണെന്ന് ഷാജി മനസ്സിൽ കരുതിയിട്ടുണ്ടാവാമെന്ന് നാൻസി ഊഹിച്ചു. സാരമില്ല. താനൊരു ആർത്തിപ്പണ്ടാരം തന്നെയായാണല്ലോ. അവൾ ആത്മീയചിന്തകളെ മനസ്സിൽനിന്നകറ്റി മുമ്പിൽ വച്ച ബിരിയാണിയോടു നീതി പുലർത്താൻ തുടങ്ങി. യാതൊരു ഖേദവുമില്ലാതെ ഡയറിയിൽ കുറിച്ചിടാൻ ഒരു കാര്യമായല്ലോ.

ബിരിയാണിക്കും ഐസ്ക്രീമിനുമിടയ്ക്കു സമയത്തിന്റെ അപാരമായ വിടവു സംസാരംകൊണ്ടു നികത്താൻ അവൾ തീർച്ചയാക്കി. അവൾ ചോദിച്ചു.

‘എത്രയാണ് സ്ത്രീധനം ആവശ്യപ്പെട്ടിട്ടുള്ളതു?’

ഷാജി അല്പം അസ്വസ്ഥനായി. ഈ വക കാര്യങ്ങൾ സംസാരിക്കാനല്ലായിരുന്നു അയാൾ അവളെ വിളിച്ചതു്.

‘ആവക കാര്യങ്ങളിൽ നമ്മൾ ഇടപെടേണ്ട. മൂത്തവർ തീർച്ചയാക്കട്ടെ.’

‘മൂത്തവർക്കു വേണ്ടിയാണോ പണം വാങ്ങുന്നതു?’

അയാൾ ഒന്നും പറയുന്നില്ല.

‘നിങ്ങൾക്ക് കടയെടുക്കാനാണെന്നാണല്ലോ പറഞ്ഞുകേട്ടതു?’

‘അതെല്ലാം നമ്മുടെ സമുദായത്തിലെ സമ്പ്രദായങ്ങളല്ലേ? എന്താ ഇഷ്ടമായില്ലേ?’

‘പിന്നേ, നമുക്ക് വരവല്ലേ? ഇത്ര കുറച്ചു ചോദിച്ചതു മാത്രം എനിക്കിഷ്ടായില്ല. മൂന്നു ലക്ഷല്ലേ ചോദിച്ചുള്ളൂ.’

‘തല്ക്കാലം അതു മതി.’ അയാൾ തുടർന്നു. ‘പിന്നെ ആവശ്യമായി വര്വാണെങ്കിൽ ചോദിക്കാലോ.’

‘അപ്പന്റെ കയ്യില് പൂത്ത പണം ഇരിക്കിണ്ണ്ട്. ചോദിച്ചാൽ എടുത്തുതരും.’

പയ്യൻ വിഷണ്ണനായി. മൂന്നുലക്ഷം മാത്രം ചോദിച്ചതു് വലിയ വിഡ്ഢിത്തമായെന്നയാൾക്കു തോന്നി. സാരമില്ല. അതിൽ ഒട്ടും കുറക്കേണ്ട.

അടുത്ത മേശക്കരികെ ഇരുന്ന് ചിരിച്ചുകൊണ്ട് എഞ്ചിൻ ഡ്രൈവർ സംഭാഷണം ആസ്വദിക്കുന്നുണ്ടായിരുന്നു. ഐസ്ക്രീം വന്നു.

ഐസ്ക്രീമിന്റെ ഗ്ലാമറിൽ വൈവാഹികചിന്തകൾ അപ്രത്യക്ഷമായി. രാജനും ഐസ്ക്രീം ഓർഡർ ചെയ്തിരുന്നു. ഓർഡർ ചെയ്തില്ലായിരുന്നുവെങ്കിൽ താൻ അയാളെ കൊല്ലുമായിരുന്നുവെന്ന് അവൾ മനസ്സിൽ കരുതി. അപ്പുറത്തെ മേശമേലാണെങ്കിലും താൻ കഴിക്കുന്നതുതന്നെ അയാളും കഴിക്കണം.

ഐസ്ക്രീം കഴിച്ചുകൊണ്ടിരിക്കേ ഷാജി ചോദിച്ചു.

‘എന്നെ ഇഷ്ടമായോ?’

‘ഇഷ്ടമായില്ലെങ്കിൽ ഞാൻ വരില്ലായിരുന്നു.’

‘എന്നോട് എന്തെങ്കിലും ചോദിക്കാനുണ്ടോ?’

അവൾ ഒരു നിമിഷം ആലോചിച്ചു. വേണോ? കാര്യമുണ്ടോ? ചോദിക്കാതിരിക്കുന്നതു കൊണ്ട് ഗുണമൊന്നുമില്ല എന്നതുകൊണ്ട് ചോദിക്കാൻ തന്നെ അവൾ തീർച്ചയാക്കി.

‘ധ്യാനകേന്ദ്രത്തിൽ പല അദ്ഭുതങ്ങളും നടക്കാറുണ്ടു് എന്നു പറഞ്ഞല്ലോ.’

‘അതേ?’

‘അവിടെ ധ്യാനം കൂടാൻ വരുന്ന ഏതെങ്കിലും ചെറുപ്പക്കാർ സ്ത്രീധനമില്ലാതെ കല്ല്യാണം കഴിക്കാൻ തയ്യാറായി എന്ന അദ്ഭുതം സംഭവിച്ചിട്ടുണ്ടോ? നമ്മുടെ സമുദായത്തിൽനിന്ന് സ്ത്രീധനം എന്ന വ്യവസ്ഥ നീങ്ങിക്കിട്ടുക എന്ന അദ്ഭുതം സംഭവിച്ചാൽ ഞാൻ മാസത്തിലൊരിക്കലെങ്കിലും ധ്യാനം കൂടാൻ വരാം.’

ഷാജി ഒന്നും പറയുന്നില്ല. അയാൾ ശരിക്ക് ആശയക്കുഴപ്പത്തിലായിരിക്കയാണ്. എന്താണിവളുടെ മനസ്സിൽ?

‘അദ്ഭുതം സൃഷ്ടിക്കുന്ന കർത്താവെന്തേ ഈയൊരദ്ഭുതം നടത്താതിരുന്നതു?’

അവൾ ശരിക്കും രോഷാകുലയായിരുന്നു. ട്രെയിൻ യാത്രയിൽ അവളുടെ കൂട്ടുകാരികളുടെ കദനകഥകൾ നിത്യേനയെന്നോണം കേൾക്കാറുണ്ട്. സ്ത്രീധനം കൊടുക്കാൻ പറ്റാതെ മുടങ്ങിയ കല്യാണങ്ങൾ. സ്ത്രീധനം കൊടുത്തിട്ടും പോരാതെ വീണ്ടും വീണ്ടും പണമാവശ്യപ്പെട്ട് കൊടുക്കാൻ കഴിയാതെവരുമ്പോൾ ഭാര്യയെയും കുട്ടികളേയും വീട്ടിൽ കൊണ്ടുവിട്ട സംഭവങ്ങൾ. പീഡനകഥകൾ. അദ്ഭുതം കാട്ടേണ്ടതു് ഈയൊരു കാര്യത്തിലാണെന്നവൾ ഉറച്ചു വിശ്വസിച്ചു. ദൈവത്തിന് അവന്റെ സൃഷ്ടികളിൽ വലിയ സ്വാധീനമൊന്നുമില്ലെന്നായിരുന്നു അവളുടെ അനുഭവം.

വൈകുന്നേരം രാജനെ കാണുന്നതുവരെ അവൾ വളരെ ചീത്ത മൂഡിലായിരുന്നു. ഷാജി ബൈക്കിലായിരുന്നു വന്നതു്. ഓഫീസിൽ വിടാമെന്നു പറഞ്ഞപ്പോൾ അവൾ ഒഴിഞ്ഞുമാറി.

‘ഗിരിപ്രഭാഷണം നന്നായിരുന്നു.’ രാജൻ പറഞ്ഞു.

‘എന്നെ ഇനിയും ദ്വേഷ്യം പിടിപ്പിക്കണ്ട.’

‘തണുക്കാൻ എന്തെങ്കിലും?’

‘ഐസ്ക്രീം മതിയാവും.’

ഐസ്ക്രീം കഴിച്ചുകൊണ്ടിരിക്കേ രാജൻ ചോദിച്ചു.

‘നിങ്ങടെ വീട്ടിൽ പണത്തിലെ പൂപ്പൽ കളയാൻ എന്താണുപയോഗിക്കുന്നതു?’

‘എന്തിനാ?’

‘ഞങ്ങടെ വീട്ടിലും കുറെ പൂത്ത പണമിരിക്കുന്നുണ്ട്. അതൊന്നു വൃത്തിയാക്കി എടുക്കാനാ.’

‘അയാള് ശരിക്കും വിചാരിക്കണതു് അപ്പന്റെ കയ്യില് പൂത്ത പണം ഇരിക്കുന്നുണ്ടെന്നാണ്.’ അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

‘ഇല്ലേ, എന്നിട്ട്?’

‘ഇൽ...ല്യാ...!?’

‘ഞാൻ ആലോചിക്യായിരുന്നു.’

‘എന്തു?’

‘എത്ര ഐസ്ക്രീമുകളും മസാലദോശകളും നഷ്ടമായെന്ന്.’

‘അത്രയല്ലേ ഉള്ളൂ!’

# പതിനേഴാം ദിവസം

തലേന്ന ഡയറി എഴുതാനുള്ള മൂഡുപോലും ഉണ്ടായിരുന്നില്ല. എങ്കിലും എഴുതാതെ പറ്റില്ലല്ലോ. അവളുടെ ചരിത്രബോധം ഏതു പ്രതികൂല കാലാവസ്ഥയിലും ഡയറിയെഴുതാൻ അവളെ പ്രേരിപ്പിച്ചു. ഒരായിരം കൊല്ലം കഴിഞ്ഞ് ഒരു ചരിത്ര വിദ്യാർത്ഥിക്ക് രാഷ്ട്രീയച്ചുവയില്ലാതെ നിഷ്പക്ഷമായി ചരിത്രമെഴുതണമെങ്കിൽ തന്റെ ഡയറിമാത്രമേ ഒരു സഹായമുണ്ടാവൂ. പക്ഷേ, തന്റെ ഡയറി വായിച്ചശേഷം ചരിത്രമെഴുതുന്നതിനു പകരം റെയിലിൽ തലവയ്ക്കുകയോ പൊട്ടക്കിണറ്റിൽ ചാടുകയോ ചെയ്താൽ താൻ ഉത്തരവാദിയായിരിക്കില്ല എന്ന് അവൾ ആദ്യത്തെ പേജിൽത്തന്നെ ചുവന്ന സ്കെച്ച്പെൻകൊണ്ട് എഴുതിവച്ചിട്ടുണ്ട്.

ഷാജിയുമായി ലഞ്ചുകഴിഞ്ഞ് തിരിച്ച് ഓഫീസിലെത്തിയപ്പോൾ ഭാസ്കരൻ നായരുണ്ടായിരുന്നില്ല. മാലതിയോടു ലഞ്ചിനെപ്പറ്റി വിവരിച്ചപ്പോൾ അവൾ പറഞ്ഞു.

'നാൻസിക്ക് നല്ല ധൈര്യമുണ്ട്. അതിന്റെ പകുതി ധൈര്യം കിട്ടിയിരുന്നെങ്കിൽ ഞാൻ രക്ഷപ്പെട്ടുപോയേനേ.'

സ്ത്രീധനത്തെപ്പറ്റി പറഞ്ഞതു നന്നായെന്ന് മാലതി പറഞ്ഞു. രണ്ടു മാസംമുമ്പ് അവൾക്കും ഒരു ആലോചന വന്നിരുന്നു. ചെക്കനും വീട്ടുകാർക്കും അവളെ ഇഷ്ടമായി. കല്യാണം ഉറപ്പിക്കുമെന്നു തന്നെ കരുതിയതായിരുന്നു. അപ്പോഴാണവർ പണത്തിന്റെ കാര്യം കൊണ്ടു വന്നത്.

'ഞങ്ങൾ സ്ത്രീധനായിട്ടൊന്നും ചോദിക്കിണില്ല. പയ്യന് ഒരു ടാക്സിക്കാറ് വാങ്ങിയ വകയില് കുറച്ച കടംണ്ട്. അത് വീട്ടണം. ഒരു ലക്ഷം രൂപ വേണം. പിന്നെ അവന്റെ ചേട്ടൻ കെട്ടിയ പെണ്ണ് മുപ്പതു പവന്റെ ആഭരണങ്ങളായിട്ടാ വന്നത്. അതും വേണം.'

ആഭരണങ്ങളെങ്ങിനെയെങ്കിലും കൊടുക്കാം പക്ഷേ, പണം കൊടുക്കാൻ പറ്റില്ലെന്ന് അവളുടെ അച്ഛൻ അറിയിച്ചു. അതോടെ ആലോചന അലസിപ്പോയി.

'ഞങ്ങടെ ജാതീലുംണ്ട് സ്ത്രീധനം ചോദിക്കലും കൊടുക്കലും ഒക്കെ.' അവൾ പറഞ്ഞു.

വൈകുന്നേരം, ലഞ്ചുവിശേഷങ്ങൾ പറഞ്ഞപ്പോൾ മേരി പറഞ്ഞു.

'നീയെന്തിനാണ് അങ്ങിനെയൊക്കെ സംസാരിക്കാൻ പോയതു? അതെല്ലാം മൂത്തവർ തീർച്ചയാക്കിക്കോട്ടെ.'

'അങ്ങിനെ മൂത്തവർക്കുമാത്രായിട്ട് വിട്ടുകൊടുത്താൽ ശരിയാവില്ല.'

'ആട്ടെ അയാളെന്തു പറഞ്ഞൂ?'

'മൂന്നു ലക്ഷത്തിൽത്തന്നെ ഉറച്ചു നിൽക്കും. പിന്നെ ആവശ്യം വരുന്നതിനനുസരിച്ച് പിന്നീടു ചോദിച്ചു വാങ്ങാലോന്ന് പറഞ്ഞു. അപ്പന്റെ കയ്യില് പൂത്ത പണംണ്ട്ന്നാ ഞാൻ പറഞ്ഞിരിക്കണത്.'

മേരി മൂക്കത്തു വിരൽവച്ചുകൊണ്ട് അനിയത്തിയെ നോക്കി. അവൾക്ക് ചിരിക്കയാണോ ദ്വേഷ്യം പിടിക്കുകയാണോ വേണ്ടതെന്നറിയാതായി. അനിയത്തിയുമായുള്ള ഓരോ ഏറ്റുമുട്ടലിന്റെയും അന്ത്യം ഇങ്ങിനെയായിരുന്നു.

മേശപ്പുറത്ത് അപ്പന്റെ ഫോട്ടോ ഉണ്ടായിരുന്നു. നാൻസി അപ്പനെക്കുറിച്ചാലോചിച്ചു. കഴിഞ്ഞ പ്രാവശ്യം ലീവിൽ വന്നപ്പോഴാണ് ആ ഫോട്ടോ കൊണ്ടുവന്നത്. കാക്കിയൂനിഫോമിൽ കനത്ത നരച്ച മീശയും നരച്ചുതുടങ്ങിയ പുരികങ്ങൾക്കു താഴെ ക്ഷീണിച്ച കണ്ണുകളുമായി ആ അറുപതുകാരൻ മക്കളെ വാത്സല്യത്തോടെ നോക്കി.

'ഇതാണ് മക്കളെ അപ്പന്റെ ഒഫീഷ്യൽ യൂനിഫോം.'

മുംബെയിൽ കഞ്ജൂർമാർഗ്ഗിലെ ക്രൂറ്റൻ ഫാക്ടറിയിലെ സെക്യൂരിറ്റി ഓഫീസർ. അയാൾക്കു കീഴിൽ ഇരുപത്തഞ്ചു സെക്യൂരിറ്റി ഗാർഡുകൾ ജോലി ചെയ്യുന്നു. എങ്കിലും കമ്പനി എക്സിക്യൂട്ടീവുകൾ കാറിൽ വരുമ്പോൾ അയാൾതന്നെ ഔട്ട്പോസ്റ്റിൽ നിന്നു പുറത്തിറങ്ങി സല്യൂട്ട് ചെയ്യുന്നു. അയാൾ പറയാറുണ്ട്.

'ഇത് മക്കളേ, ഒരു നായയുടെ ജന്മമാണ്. ഒരു നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞാനിതേറ്റത്.'

പട്ടാളത്തിൽ മേലധികാരികളെ സല്യൂട്ട് ചെയ്തിരുന്നതുപോലെയല്ല കമ്പനിയിലെ ചെറുപ്പക്കാരായ ഉദ്യോഗസ്ഥരെ സല്യൂട്ട് ചെയ്യുന്നത്. പട്ടാളത്തിൽ അതിന്റേതായ അച്ചടക്കവും മേലാളിത്തവുമുണ്ട്. മേലുദ്യോഗസ്ഥർ അവരുടെ സ്ഥാനംകൊണ്ടും ബഹുമതികൾകൊണ്ടും ബഹുമാന്യരാകുന്നു. ഇവിടെ അതല്ല സ്ഥിതി.

അവിടെ കമ്പനി ക്വാർട്ടേഴ്സിൽ ഈ വയസ്സുകാലത്ത് സ്വന്തം വെപ്പും തീനുമായി അപ്പൻ കഴിഞ്ഞുകൂടുന്നു. എനിക്കുവേണ്ടി. നാൻസി ആലോചിച്ചു. എല്ലാം എനിക്കുവേണ്ടി. അവൾക്ക് ലോകത്തോട് അമർഷം തോന്നി. വിലപേശുന്ന ജന്തുക്കൾ. പട്ടികൾ...

മനുഷ്യരെ പട്ടികളുമായി ഉപമിച്ചതു വേണ്ടിയിരുന്നില്ല എന്നവൾക്കു തോന്നി. പട്ടികൾ മാനനഷ്ടക്കേസുകൊടുത്താൽ പ്രശ്നമാണ്. കുറേ ചീത്തവിളിച്ചപ്പോൾ അവൾ സ്വയം പറഞ്ഞു.

'എനിക്കിപ്പോൾ കുറേ ആശ്വാസം തോന്നുന്നു.'

കിടപ്പറയിൽ കർത്താവിന്റെ ചിത്രത്തിനുമുമ്പിൽ അവൾ ഓഫീസിൽനിന്നു വന്ന ഉടനെ കത്തിച്ചുവച്ച മെഴുകുതിരി കത്തിക്കെടാറായിരിക്കുന്നു. അവൾ രാജനെ ഓർത്തു.

രക്ഷകൻ!

'പെണ്ണുകാണാൻ വന്ന വിവരൊക്കെ ഞാൻ അപ്പന് എഴുതിയിരുന്നു.' മേരി പറഞ്ഞു. 'ഒരുപക്ഷേ, നിന്നെ ഫോണിൽ വിളിക്കും. നീ വേണ്ടാത്തതൊന്നും പറഞ്ഞ് അപ്പനെ വിഷമിപ്പിക്കണ്ട.'

'ഞാനൊന്നും പറയിണില്ല്യ.' ഒരു നിമിഷം യേശുവിന്റെ ചിത്രത്തിലേയ്ക്കു നോക്കിയിട്ട് അവൾ പറഞ്ഞു. 'എന്തു ഗ്ലാമറാണല്ലേ ചേച്ചീ!'

മേരി ഒന്നും പറഞ്ഞില്ല. തലക്കിട്ട് ഒന്നു കൊടുക്കാനാണ് തോന്നിയത്.

'എനിക്ക് നാളെത്തന്നെ ഒന്ന് കുമ്പസാരിക്കണം.' നാൻസി പറഞ്ഞു.

'കുമ്പസാരിക്ക്യേ?'

'അതെ, ഞാൻ ഒരുപാടു പാപം ചെയ്തിട്ടുണ്ട്.'

'എന്തു പാപം?' മേരി ഉദ്വേഗത്തോടെ ചോദിച്ചു.

'അതൊക്കെ കുമ്പസാരിക്കാനെ പാടൂ. കർത്താവിന്റെ മുമ്പിൽമാത്രം മനസ്സു തുറക്കുക, കുറ്റം ഏറ്റു പറയുക, മാപ്പിനപേക്ഷിക്കുക.'

കർത്താവേ! മേരി മനസ്സിൽ കുരിശുവരച്ചുകൊണ്ട് പറഞ്ഞു. ഈ പെണ്ണ് കുഴപ്പമൊന്നുമുണ്ടാക്കിയിട്ടില്ലല്ലോ?

രാവിലെ അമ്പലത്തിൽപോയി ശാന്തിക്കാരനെ കാണാനുള്ള ആഗ്രഹം മനസ്സിലൊതുക്കി നാൻസി പള്ളിയിൽ പോയി. അച്ചൻ പള്ളിമേടയിലായിരുന്നു.

'ഈശോ മിശിഹായ്ക്കു സ്തുതിയായിരിക്കട്ടേ അച്ചോ.' നാൻസി പറഞ്ഞു.

'എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടേ!' അച്ചൻ അവളെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞു. കുമ്പസാരിക്കണമെന്നു കേട്ടപ്പോൾ അച്ചന് ഉത്സാഹം കയറി. വഴിതെറ്റിപ്പോയ കുഞ്ഞാട് തനിയെ തിരിച്ചുവരുന്നു!

'നീ നടന്നോ, ഞാൻ വരികയായി.'

കുമ്പസാരക്കൂട്ടിനടുത്ത് നാൻസി കാത്തുനിന്നു. വലിയിടത്തച്ചൻ വിശുദ്ധപുസ്തകവുമായി വാതിൽ കടന്ന് വരുന്നതു കണ്ടപ്പോൾ അവൾ അകത്തു കയറി.

'സർവ്വശക്തനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു...'

മറുവശത്തുനിന്ന് നിശ്ശബ്ദതമാത്രം. അച്ചൻ ശ്വാസമടക്കിയിരിക്കയാണെന്ന് നാൻസിക്കു മനസ്സിലായി.

'ഞാൻ ഇന്നലെ ഒരാളോട് കള്ളം പറഞ്ഞു, അയാളെ വഴിതെറ്റിച്ചു അച്ചോ.'

വഴിതെറ്റിക്കയോ? അതത്ര വലിയ തെറ്റായി വലിയിടത്തച്ചനു തോന്നിയിട്ടില്ല. ഒരാൾ കള്ളം പറഞ്ഞുവെന്നതു കൊണ്ട് മറ്റൊരാൾ വഴിതെറ്റിയാൽ അവനൊന്നും ജീവിക്കാൻ കൊള്ളില്ലെന്നേ അർത്ഥമുള്ളൂ. അദ്ദേഹം പറഞ്ഞു.

"നീ തെളിയിച്ചു പറ."

"എനിക്കൊരു ആലോചന വന്നിരുന്നു. ആ പയ്യന് എന്നോട് സംസാരിക്കണമെന്നു പറഞ്ഞു."

"എന്നിട്ട്?"

"അയാള് മൂന്നു ലക്ഷവും നാല്പതു പവനുമാണ് ചോദിച്ചത്. ഞാൻ പറഞ്ഞു അതു വളരെ കുറവായിയെന്ന്. അപ്പന്റെ കയ്യില് പൂത്ത പണംണ്ട് ചോദിച്ചാൽ ഉടനെയെടുത്തുതരും എന്നും പറഞ്ഞു."

"കുഞ്ഞേ നീയെന്തിനാണ് അങ്ങനെയൊക്കെ പറഞ്ഞതു?"

"അച്ചോ, ഞാനച്ചനോട് ഒരു കാര്യം ചോദിക്കട്ടെ?"

വലിയിടത്തച്ചൻ പെട്ടെന്ന് മൂളിയില്ല. ഈ പെൺകുട്ടിയെ അച്ചന് അറിയാം. അവളുടെ ചോദ്യങ്ങൾ തന്നെ എന്തൊക്കെ കുഴപ്പത്തിലേയ്ക്കു ചാടിക്കുമെന്നുള്ള ഭയവുമുണ്ട്. താൻ ഇടയനാണെന്നും വഴിതെറ്റിപ്പോകുന്ന ഒരു കുഞ്ഞാടാണ് തന്റെ മുമ്പിലെന്നും ഓർത്തപ്പോൾ അച്ചൻ പറഞ്ഞു.

"ചോദിക്ക്."

"അച്ചോ, ഈ സ്ത്രീധനം ചോദിക്കാംന്ന് വിശുദ്ധപുസ്തകത്തില് എവിട്യാണ് പറഞ്ഞിട്ടുള്ളതു?"

അച്ചൻ ഓർത്തു നോക്കി. ഇല്ല, പഴയ നിയമത്തിലുമില്ല, ഈശോമിശിഹാ കനിഞ്ഞരുളിയ പുതിയ നിയമത്തിലുമില്ല സ്ത്രീധനം ചോദിക്കാമെന്ന്. അദ്ദേഹം പറഞ്ഞു.

"എവിടെയും പറഞ്ഞിട്ടില്ല കുഞ്ഞേ."

"അപ്പോൾ സ്ത്രീധനം വാങ്ങുന്നത് പാപമല്ലേ?"

"അതിന് കൊച്ചേ, സ്ത്രീധനം വാങ്ങരുതെന്നും വിശുദ്ധപുസ്തകത്തിൽ എവിടെയും പറഞ്ഞിട്ടില്ല."

"അപ്പോൾ അച്ചൻ പറയുന്നത് അത് പാപമല്ലെന്നാണോ?"

"കുഞ്ഞേ," അച്ചൻ കനത്ത ശബ്ദത്തിൽ ചോദിച്ചു. "ആരാണ് കുമ്പസാരിക്കുന്നതു? നീയോ, അതോ ഞാനോ?"

സ്ത്രീധനം മുതലായ പ്രശ്നങ്ങളിലിടപെട്ടാൽ കുറച്ചു കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ താനും തന്റെ നിഴലും മാത്രമേ കാണൂ എന്ന് വലിയിടത്തച്ചന് അറിയാം. കുഞ്ഞാടുകൾ അവരുടെ വഴിക്ക് പച്ചപ്പുതേടി പോകും. വൃദ്ധനായി, നരച്ച തലമുടിയും താടിയുമായി ഇടയന്റെ വടിയുമേന്തി ഏകനായി നടന്നുപോകുന്ന സ്വന്തം രൂപം മനസ്സിൽ വന്നപ്പോൾ വലിയിടത്തച്ചൻ വിചാരിച്ചു. അതിനിടയാക്കരുത്.

നാൻസി പോയിട്ടും വലിയിടത്തച്ചൻ കുമ്പസാരക്കൂട്ടിൽത്തന്നെ ഇരുന്നു. വെറുതെ വിശുദ്ധ പുസ്തകം പകുത്തെടുത്തു തുറന്നു. സങ്കീർത്തനങ്ങളുടെ പുസ്തകമായിരുന്നു.

> 'കർത്താവേ,
> വ്യാജം പറയുന്ന അധരങ്ങളിൽ നിന്നും
> വഞ്ചന നിറഞ്ഞ നാവിൽ നിന്നും
> എന്നെ രക്ഷിക്കണമേ!'

ദാവീദിന് സങ്കീർത്തനരചന എളുപ്പമായിരുന്നിരിക്കണം.

പള്ളിയങ്കണം ശൂന്യമായിരുന്നു. അൾത്താരയിൽ ദൈവപുത്രൻ കുരിശിൽ. തന്റെ വായിൽ തോൽവിയുടെ കയ്പുരസമുള്ളത് അച്ചൻ അപ്പോഴാണ് അറിഞ്ഞത്. 'കർത്താവേ, ഞാനിതെന്തിനു സഹിക്കണം?'

# പതിനെട്ടാം ദിവസം

ഇന്ന് നല്ല ദിവസമാവില്ലെന്ന മുന്നറിവ് അവളുടെ ഓരോ സിരകളിലും നിറഞ്ഞുനിന്നു. അപ്പന്റെ ഫോൺ വിളി അവൾ പ്രതീക്ഷിച്ചിരുന്നു. അവൾക്ക് ആകെ പേടിയുണ്ടായിരുന്നത് അപ്പനെയാണ്. അതാകട്ടെ ആ മനുഷ്യന്റെ സ്നേഹം കാരണമായിരുന്നു താനും. സ്നേഹത്തെ അവൾ എക്കാലവും ഭയപ്പെട്ടിരുന്നു. കർത്താവേ സ്നേഹത്താൽ നീയോ അല്ലെങ്കിൽ ഏതെങ്കിലും അലവലാതി പയ്യന്മാരോ എന്നെ കെട്ടിയിടാൻ ഇടയാക്കല്ലേ, എന്നായിരുന്നു അവളുടെ പ്രാർത്ഥന. അപ്പന്റെ കാര്യം പോക്കാണെന്നവൾക്കറിയാം. ആ മനുഷ്യൻ തനിക്കുവേണ്ടി ഒഴുകാൻ പോകുന്ന കണ്ണീരിന്റെ കണക്ക് അവൾക്കറിയാം. ആ കണ്ണീരിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് തന്നെ ഒഴിവാക്കി മാപ്പുതരേണമെന്ന് അവൾ എപ്പോഴും പ്രാർത്ഥിക്കാറുണ്ട്. ഒരുതരം മുൻകൂർ ജാമ്യം തേടലാണത്.

ഫോണടിച്ചപ്പോൾ അവളുടെ ഉള്ളിൽ ഒരാന്തലുണ്ടായത് ഈ പശ്ചാത്തലത്തിലാണ്. അവളുടെ ഊഹം ശരിയായിരുന്നു. ഭാസ്കരൻ നായർ ചില്ലിന്മേൽതട്ടി അവളെ മാടിവിളിച്ചു.

"വർഗ്ഗീസെ ഇതാ മകള് വന്നിട്ട്ണ്ട്. സംസാരിച്ചോ. എസ്. ടി. ഡി.-യാ സമയം കളയല്ലേ."

"എന്താ അപ്പച്ചാ?" അവൾ ഫോണെടുത്തു കൊണ്ട് ചോദിച്ചു.

"മോളെ, ആന്റണി കൊണ്ടന്ന ആലോചന നല്ലതാ. മോൾക്ക് ഇഷ്ടായില്ലേ?"

"അപ്പച്ചാ..." എന്താണ് പറയേണ്ടതെന്നറിയാതെ അവൾ പരുങ്ങി. "അവര് കണ്ടമാനം സ്ത്രീധനം ചോദിക്ക്ണ്ണ്ട്."

"അതൊക്കെ നാട്ടുനടപ്പനുസരിച്ച് കൊടുക്കാം. ആന്റണി പറഞ്ഞുറപ്പിച്ചോളും. മോള് അതൊന്നും അന്വേഷിക്കണ്ട. മോക്ക് ഇഷ്ടായോ?"

"ഞാനൊന്നുംകൂടി ആലോചിക്കട്ടേ അപ്പച്ചാ. ഒരു ജീവിതകാലം മുഴുവൻ ഒപ്പം ജീവിക്കണ്ടതാ. പിന്നെ വേണ്ടീര്ന്നില്ല്യാന്നാവര്ത്."

"നല്ല ആലോചന്യാന്നാ ആന്റണി പറേണത്. കളയണ്ടാ."

"അപ്പച്ചൻ എന്നാ വരണതു?"

"മോളടെ കല്യാണം ഒറപ്പിച്ചാൽ ഒടനെ വരാം."

"ഞാൻ കത്തെഴുതാം."

അവൾ ഫോൺ വച്ചു. ഫോൺ തിരിച്ചുവച്ച് ആലോചനാമഗ്നനായി നിൽക്കുന്ന അപ്പന്റെ മുഖം മനസ്സിൽ വന്നപ്പോൾ അവൾ പറഞ്ഞു.

"പാവം അപ്പൻ!"

രാജനും അതുതന്നെയാണ് പറഞ്ഞത്. "പാവം മനുഷ്യൻ."

അവർ കുറേ നേരം ഒന്നും സംസാരിച്ചില്ല. അവൾ ആലോചിക്കുകയായിരുന്നു. ഭാസ്കരൻസാറ് ചോദിച്ചപ്പോൾ അവൾക്ക് ഒന്നും പറയാനില്ലായിരുന്നു. അവൾ എന്തെങ്കിലും തീർച്ചയാക്കിയോ? അവൾക്കു തന്നെ അറിയില്ലായിരുന്നു. ഷാജിക്ക് യൂദാസിന്റെ മുഖമുണ്ടെന്നത് ഒരു കുഴപ്പമായി അവൾ കരുതിയില്ല. പക്ഷേ, അയാൾക്കവളെ സ്നേഹമുണ്ട് എങ്കിൽ അവൾ തീർച്ചയായും സമ്മതിച്ചേനേ. 'എനിക്ക് നിന്നെ ഇഷ്ടമാണ്, നിന്നെ സ്വന്തമാക്കാൻ ഞാൻ സ്ത്രീധനംപോലും ഉപേക്ഷിക്കുന്നു എന്നയാൾ പറയുകയാണെങ്കിൽ അവൾ എന്നേ സമ്മതം മൂളിയേനേ? മറിച്ച് ഇതൊരു കച്ചവടം പോലെയാണവൾക്കു തോന്നിയത്. ഒരു ദാമ്പത്യ ജീവിതം ഇങ്ങിനെയാണോ തുടങ്ങേണ്ടതു?

അവൾ മുമ്പിലിരിക്കുന്ന ചെറുപ്പക്കാരനെ നോക്കി. യേശുവിന്റെ മുഖഛായയുള്ള ഈ മനുഷ്യൻ ആരാണ്? എന്താണ് താനുമായുള്ള ബന്ധം? രാജൻ ആലോചനയിലായിരുന്നു. മുമ്പിലിരുന്ന ഐസ്ക്രീം ഉരുകുന്നത് നാൻസി വല്ലായ്മയോടെ കണ്ടു. അവൾ ചോദിച്ചു.

"എന്താണ് ആലോചന?"

അയാൾ ഒന്നും പറയുന്നില്ല.

"ഐസ്ക്രീം ആവശ്യമില്ലെങ്കിൽ പറയണം. ഇവിടെ ആവശ്യക്കാരുണ്ട്."

അയാൾ ചിരിച്ചുകൊണ്ട് രണ്ടു സ്പൂൺ മാത്രം കഴിച്ച ഐസ്ക്രീം അവളുടെ അടുത്തേയ്ക്ക് നീട്ടിവച്ചു. ഒരു ത്യാഗം ചെയ്യുന്ന മനോഭാവത്തോടെ നാൻസി അതു കഴിക്കാൻ തുടങ്ങി. ത്യാഗത്തിന്റെ കാര്യത്തിൽ അവൾ ഒരിക്കലും പിന്നിലായിരുന്നില്ല. രാജന്റെ ചിരി ക്ഷണികമായിരുന്നു. അയാൾ വീണ്ടും ആലോചനയിലാണ്ടു.

രാത്രി. ഡയറിയും മുമ്പിൽവച്ച് നാൻസി ഒരുപാടു നേരം ഇരുന്നു. തന്റെ ഡയറിയിൽ നന്മയുടെ അംശം കാണണമെങ്കിൽ മസാല ദോശയും ഐസ്ക്രീമും കഴിച്ച ദിവസങ്ങൾ എണ്ണിയാൽ മതിയെന്ന് അവൾ കണ്ടു. നന്മയുടെ ദിവസങ്ങൾ ഏറിവരുന്നത് അവൾ സംതൃപ്തിയോടെ നോക്കി. റസ്റ്റോറണ്ടിൽ നിന്ന് പുറത്തു കടക്കുന്നതിനു മുമ്പാണയാൾ ചോദിച്ചതു?

"എന്റെ ഒപ്പം ഒരു ജീവിതം എങ്ങിനെയാവുമെന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?"

അവൾ ഉടനെ പറഞ്ഞു. "ഉണ്ട്?"

"പറയൂ."

"മത്തായിയുടെ സുവിശേഷത്തിൽ പറയുന്നുണ്ട്. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി. അതായത് നരകം."

"നിനക്ക് ബുദ്ധിയില്ലെന്നാണ് ഞാൻ വിചാരിച്ചിരുന്നത്."

"ബുദ്ധിയുണ്ട്. അതല്ലെ ഒരു നായരെ കല്യാണം കഴിക്കുമെന്ന് തീർച്ചയാക്കിയതു?"

"നായരെ? ഹിന്ദുവിനെയെന്നല്ല നീ പറഞ്ഞത്."

"അല്ല നായരെ മാത്രം. കാരണം നായന്മാർ പാവങ്ങളാണ്. ഭാര്യമാർ പറയുന്നതു കേട്ടു ഹെൻപെക്ഡ് ആയി നടന്നുകൊള്ളും."

"അച്ചായത്തിയുടെ ആകാശക്കോട്ടകൾ കൊള്ളാമല്ലോ!"

ഡയറിയും മുമ്പിൽവച്ച് അവൾ ചിരിച്ചു. സമയം പതിനൊന്ന്. ഇനിയും കിടന്നില്ലെങ്കിൽ രാവിലെ എഴുന്നേൽക്കാൻ വൈകും. അവൾ ഡയറി അടച്ചുവച്ചു.

കിടന്നുകൊണ്ട് അവൾ അപ്പനെ ഓർത്തു. അപ്പൻ ഫോണിൽ വിളിച്ചത് അവൾ ഡയറിയിൽ ചേർത്തിരുന്നില്ല. ഇപ്പോൾ അതവളെ നോവിപ്പിച്ചു. രാത്രിയുടെ ശബ്ദങ്ങൾ അവളെ കുറ്റപ്പെടുത്തുകയാണ്. എന്താണ് ഇതിനൊക്കെ അർത്ഥം?

# ഇരുപത്തിയൊന്നാം ദിവസം

ശനിയാഴ്ച സംഭവങ്ങളൊന്നുമില്ലാതെ കടന്നുപോയി. എഞ്ചിൻ ഡ്രൈവറുടെ മുറിയിൽനിന്ന് പുറത്തേയ്ക്ക് നീണ്ടത് ഒരു വയസ്സന്റെ മുഖമായിരുന്നു. ഒന്നുകിൽ രാജന്ന് ഒരു രാത്രികൊണ്ട് വയസ്സായിക്കാണണം. അല്ലെങ്കിൽ അത് വേറെ ഡ്രൈവറായിരിക്കണം. രണ്ടാമത്തേതായിരിക്കണം ശരിയെന്നവൾ അനുമാനിച്ചു. എറണാകുളം സൗത്തിൽ വണ്ടിയിറങ്ങിയപ്പോൾ ഒരിക്കൽക്കൂടി നിജസ്ഥിതി അറിയാൻ അവൾ മുമ്പിലേയ്ക്കു നടന്നു. ഒരു വയസ്സൻതന്നെ. നരച്ച കുറ്റിരോമങ്ങൾ ചൊറിഞ്ഞുകൊണ്ട് അയാൾ താൻ വലിച്ചുകൊണ്ടുവന്ന ജനങ്ങളെ ആശീർവ്വദിക്കാനെന്നപോലെ നിൽക്കുന്നു. ആശിക്കാനൊന്നുമില്ല. നാളെ ഞായർ. ഡ്രൈവറില്ലാതെ തന്റെ വണ്ടി രണ്ടു ദിവസം ഓടിക്കണം.

ഞായറാഴ്ച രാവിലെ പള്ളിയിൽക്കൂടി പോകാതെ ഓടിയെത്തിയ ചിറ്റപ്പൻ തന്ന വിവരം തീരെ ആശാവഹമായിരുന്നില്ല. പയ്യന് നാൻസിയെത്തന്നെ വേണമത്രെ. സ്ത്രീധനം കുറക്കാനൊന്നും പറ്റില്ല, അതുപോലെ നാല്പതു പവന്റെ പണ്ടങ്ങളും വേണം. രണ്ടാമത്തേതു മാത്രമാണ് കുറച്ച് ആശയ്ക്കു വഴിതന്നത്. സ്ത്രീധനം കുറക്കാൻ പറ്റില്ലെന്നു പറഞ്ഞാലെങ്കിലും അപ്പൻ ഈ കല്യാണത്തിന് സമ്മതം കൊടുത്തില്ലെങ്കിലോ? ഞായറാഴ്ച രാത്രി അവൾ ഡയറിക്കു പകരം എഴുതിയത് അപ്പച്ചനുള്ള കത്തായിരുന്നു. അത് മടക്കി ബാഗിലിട്ട ശേഷം അവൾ സുഖമായി ഉറങ്ങി.

രാവിലെ പുറത്തിറങ്ങിയപ്പോൾ അമ്പലത്തിൽ പോകണമെന്നൊന്നും ധാരണയുണ്ടായിരുന്നില്ല. പക്ഷേ, അവളുടെ കാലുകൾ നയിച്ചത് അമ്പലത്തിലേയ്ക്കായിരുന്നു. പ്രസാദം കൊടുക്കുമ്പോൾ ശാന്തിക്കാരൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

“കുട്ടിയെ കുറേ ദിവസായി കാണാറില്ലല്ലോ.”

‘കർത്താവേ,’ നാൻസി മനസ്സിൽ പറഞ്ഞു. ‘ഇയ്യാക്കും എന്നോട് പ്രേമമായോ?’ ഭഗവാന്റെ അമ്പലത്തിൽവച്ച് കർത്താവിനെ വിളിച്ചതിൽ ക്ഷമിക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് അവൾ പ്രസാദം സ്വീകരിച്ചു.

ഇന്നും എഞ്ചിൻ മുറിയിൽ രാജനെ കണ്ടില്ലെങ്കിൽ അതേ വണ്ടിയിൽ തല വെക്കണമെന്നവൾ തീർച്ചയാക്കിയിരുന്നു. അതിന്റെ ആവശ്യമുണ്ടായില്ല. മോന്തയും പുറത്തിട്ടു ഇളിച്ചുകൊണ്ട് അയാൾ ഇരിക്കുന്നുണ്ടായിരുന്നു. നാൻസി തലവെട്ടിച്ച് കമ്പാർട്ടുമെന്റിൽ കയറി. അന്താക്ഷരിയുടെ അഭിനേതാക്കൾ തയ്യാറെടുത്തിരിക്കയാണ്.

ട്രെയിൻ ഇറങ്ങി നേരിട്ടു നടക്കാതെ പാലത്തിന്മേൽ കയറാൻ നിൽക്കുമ്പോഴാണ് അവൾ കണ്ടത്. രാജൻ എഞ്ചിന്റെ പുറത്തിറങ്ങി നിൽക്കയാണ്. അവൾ നോക്കിയപ്പോൾ അയാൾ ചിരിച്ചുകൊണ്ട് അവളെ വിളിച്ചു. അടുത്തു ചെന്നപ്പോൾ ചോദിച്ചു.

“എന്താണ് പിണക്കം?”

“ശനിയാഴ്ച സാങ്ക്ഷനില്ലാതെ ലീവെടുത്തതെന്തിനാണ്?”

“ആരുടെ സാങ്ക്ഷൻ?”

“എന്റെ.”

“വൈകുന്നേരം കാണില്ലേ, അപ്പോൾ പറയാം.”

“വൈകുന്നേരം കാണുന്നില്ലെങ്കിലോ?”

“പറയലുണ്ടാവില്ല.”

ഞാൻ തോറ്റു. നാൻസി വിചാരിച്ചു. അപ്പനുള്ള കത്ത് അവളുടെ കൈസഞ്ചിയിൽ ഇരുന്ന് വേവുന്നുണ്ട്. അപ്പച്ചനെന്താണ് വിചാരിക്കുക എന്നറിയില്ല. എന്തു വിചാരിച്ചാലും കുഴപ്പമില്ല. തനിക്ക് ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. തിരക്കിന്നിടയിൽക്കൂടി നടക്കുമ്പോൾ അവൾ ഒരിക്കൽക്കൂടി ആലോചിച്ചു. ആ കത്ത്, അത് പോസ്റ്റു ചെയ്യണോ? റോഡിൽ അവൾക്കു പോകാനായി വാഹനങ്ങൾ നിർത്തിയ പോലീസുകാരന് സാധാരണ കൊടുക്കാറുള്ള ചിരി സമ്മാനിച്ച് അവൾ നടന്നു. പോസ്റ്റാഫീസിന്റെ മുമ്പിലെത്തിയപ്പോൾ അവൾ സഞ്ചി തുറന്ന് കത്തു പുറത്തെടുത്തു. ഒരിക്കൽക്കൂടി അതു വായിക്കാനുള്ള ആഗ്രഹം മനസ്സിലൊതുക്കി അവൾ കത്ത് പെട്ടിയിലിട്ടു. ഒരിക്കൽക്കൂടി വായിച്ചാൽ ആ കത്ത് പോസ്റ്റു ചെയ്യലുണ്ടാവില്ല.

“എന്തായീ നിന്റെ കല്യാണക്കാര്യങ്ങൾ?” ഭാസ്കരൻ നായർ ചോദിച്ചു.

“സാറിന് ഇത്രയും ഗഹനമായ കാര്യങ്ങൾ ഇത്രയും ലാഘവബുദ്ധിയോടെ എങ്ങിനെ എടുക്കാൻ പറ്റുന്നു?”

“അപ്പോൾ നീ കാര്യങ്ങൾ ഗൗരവത്തോടെ എടുക്കാൻ തുടങ്ങിയെന്നർത്ഥം. എനിക്കു സന്തോഷായി.”

“സാറ് അങ്ങിനെ സന്തോഷിക്കയൊന്നും വേണ്ട.”

“എന്തേ?”

“ഞാനൊരു നായരു ചെക്കന്റെ ഒപ്പം ഒളിച്ചോടാൻ പോകുന്നു.”

“എന്തിനാ ഓടുന്നത്, നടന്നുപോകാൻ മേലാ?”

“സാറിന് തമാശയാ. എന്നെ കാണാതാവുമ്പോ മനസ്സിലാവും.”

“ആട്ടെ ആരാണാ നിർഭാഗ്യവാൻ?”

“എന്നെ കിട്ടാൻ വേണ്ടി ഏഴു ജന്മം തപസ്സിരുന്ന ആ ഭാഗ്യവാന്റെ പേര് രാജൻ.”

“എന്താണയാൾ ചെയ്യുന്നതു?”

“ദിവസവും അങ്കമാലിയിൽനിന്ന് എന്നെ ഏറ്റി എറണാകുളത്തെത്തിക്കുന്നു.”

“എന്നു വച്ചാൽ?”

“അയാളൊരു എഞ്ചിൻ ഡ്രൈവറാണ്.”

ഭാസ്കരൻ നായർ നിശ്ശബ്ദനായി.

രാജൻ മേശയുടെ മറുവശത്ത് അവളെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. റസ്റ്റോറണ്ടിൽ തിരക്കു കുറവായിരുന്നു. തിങ്കളാഴ്ച പൊതുവേ തിരക്ക് കുറവാണ്.

“ഞാൻ ജീവിതത്തിൽ തിന്ന മസാലദോശ നീട്ടിവച്ചാൽ ചന്ദ്രനിലേയ്ക്കും തിരിച്ചുമുള്ള ദൂരം കാണും.” നാൻസി പറഞ്ഞു.

“ഞാൻ അതിനു വേണ്ടി ചിലവാക്കിയ നോട്ടുകൾ നീട്ടിവച്ചാൽ ആകാശഗംഗ രണ്ടുവട്ടം വലംവെക്കാനാവും.” രാജൻ പറഞ്ഞു. “ആട്ടെ രാവിലെ മോന്ത കനപ്പിച്ച് പോകാൻ എന്താണ് കാരണം?”

“എനിക്ക് ഭംഗിയുള്ള മോന്ത ഉണ്ടായതുകൊണ്ട്.” നാൻസി പറഞ്ഞു. “അതല്ലാ കേട്ടോ കാര്യം. ദിവസവും കാണുന്ന ഒരാളെ ഒരു ദിവസം കാണാതായാൽ നമുക്കൊക്കെ വിഷമമുണ്ടാവില്ലെ. അത് പല വിധത്തിലും പുറത്തുവരും. ആട്ടെ, താങ്കൾ എവിടേയ്ക്കാണ് ശനിയാഴ്ച അപ്രത്യക്ഷനായതെന്ന് പറയാമോ?”

“എനിക്ക് മാറ്റമായി. വീണ്ടും കോയമ്പത്തുരിലേയ്ക്കു തന്നെ.”

വിശ്വസിക്കാൻ പ്രയാസമായ പോലെ നാൻസി ഇരുന്നു.

“മാറ്റമൊഴിവാക്കാനാകുമോ എന്നന്വേഷിക്കാൻ പോയതാണ്. പറ്റില്ലെന്നാണവർ പറയുന്നത്. ഒരു മൂന്നു മാസമെങ്കിലും അവിടെ വേണം. അതുകഴിഞ്ഞിട്ടു നോക്കാമെന്നു പറയുന്നു.”

നാൻസി ഒന്നും പറയാതെ, ദോശ തിന്നാതെ ഇരിക്കയാണ്. അവളുടെ മുഖം വാടിയിരുന്നു.

“ദോശകളോടും ഐസ്ക്രീമുകളോടും വിട പറയണ്ടേ എന്ന വിഷമമാണോ?”

നാൻസി ചിരിക്കുന്നില്ല. പെട്ടെന്നാണയാൾ കണ്ടത്. അവളുടെ കണ്ണിൽ ജലകണങ്ങൾ ഉരുണ്ടുകൂടുന്നു. അവളുടെ തുടുത്ത കവിളിലൂടെ അത് ഒലിച്ചിറങ്ങുകയാണ്.

നാൻസി കരയുക! ഈ പെണ്ണിന് കരയാനും അറിയാമോ? അയാൾ അവളുടെ കൈ പിടിച്ച് അമർത്തി.

ഡയറിയെഴുത്ത് ഒരു സാന്ത്വനമായി അനുഭവപ്പെട്ടത് അന്നാണ്. രാത്രിയുടെ ശബ്ദങ്ങൾ അവൾക്ക് അകമ്പടി സേവിച്ചു. കട്ടിലിൽ ശാന്തയായി ഉറങ്ങുന്ന ചേച്ചി ഒന്നുമറിയുന്നില്ല. അവൾ ഭാസ്കരൻ നായർ പറഞ്ഞതോർത്തു. ഒരിക്കലും ഒരെഞ്ചിൻ ഡ്രൈവറെ സ്നേഹിക്കരുത്. അവരുടെ ജീവിതം ഉരുളുന്ന ചക്രങ്ങൾക്കു മീതെയാണ്. ഒരിടത്ത് ഉറച്ചുനിൽക്കാൻ കഴിയില്ല. നന്നായിപ്പോയി! അവൾ ഡയറി അടച്ചുവച്ചു. റസ്റ്റോറണ്ടിൽനിന്ന് ഇറങ്ങുമ്പോൾ കോണിപ്പടിയിൽവച്ച് രാജൻ ആരും കാണാതെ തന്നെ ഉമ്മവച്ചത് അവൾ ഡയറിയിൽ എഴുതിയില്ല. അതെന്റെ മനസ്സിൽ കിടക്കട്ടെ. എന്റെ ഏറ്റവും അടുത്ത ഡയറിയിൽ.

എനിക്കുവേണ്ടി കാത്തിരിക്കുമോ എന്ന് രാജൻ ചോദിച്ചതിന് അവൾ മറുപടിയൊന്നും പറഞ്ഞില്ല. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. അയാൾ അന്നു രാത്രി പോവുകയാണ്. ചൊവ്വാഴ്ച കോയമ്പത്തുരിൽ ഡ്യൂട്ടിക്ക് ചേരണം. ശരിക്കു പറഞ്ഞാൽ തിങ്കളാഴ്ചതന്നെ ചേരേണ്ടതാണ്. അങ്കമാലിയിൽനിന്നു കയറി എറണാകുളത്തിറങ്ങി തന്റെ ഹൃദയവും കടംവാങ്ങി പോകുന്ന ഒരു സുന്ദരിയോട് യാത്രപറയാൻ വേണ്ടി ഒരു ദിവസത്തെ സാവകാശം ആവശ്യപ്പെട്ടതാണ്. ഇനിയും സന്തോഷിക്കേണ്ട. രാജൻ പറഞ്ഞു. ഞാൻ ഒരാളോടുംകൂടി പറഞ്ഞുവച്ചിട്ടുണ്ട്. അതു ശരിയാവുകയാണെങ്കിൽ ഞാൻ തിരിച്ച് ഉടനെത്തന്നെ ഈ വണ്ടിയിൽ എത്തും. നിന്നെ ശല്യപ്പെടുത്താൻ.

“എനിക്കത്രയൊന്നും ഭാഗ്യമില്ല.” നാൻസി പറഞ്ഞു.

# ഇരുപത്തിരണ്ടാം ദിവസം

എഞ്ചിൻ ഡ്രൈവറില്ലാത്ത ദിവസങ്ങൾക്ക് തയ്യാറെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. നാൻസി ആലോചിച്ചു. അതുകൊണ്ട് വീട്ടിൽനിന്നിറങ്ങിയപ്പോൾ അവൾ അമ്പലത്തിൽ കയറി. പ്രദക്ഷിണം വച്ച് ശ്രീകോവിലിൽ എത്തിയപ്പോഴാണ് മനസ്സിലായത്. ചെറുപ്പക്കാരൻ ശാന്തിക്കാരനു പകരം ഒരു വയസ്സൻ നമ്പൂതിരിയാണ് പ്രസാദം തരുന്നത്. അതു വാങ്ങി ശ്രീകോവിലിനുള്ളിലേയ്ക്കുതന്നെ എറിയാനാണ് തോന്നിയത്. ദൈവമേ നീയും എന്നെ കൈവെടിഞ്ഞോ എന്നു വിലപിച്ചുകൊണ്ട് അവൾ പുറത്തിറങ്ങി. ഇക്കണക്കിന് പള്ളിയിലും പോയിട്ടു കാര്യമുണ്ടാവില്ല എന്നവൾക്കു തോന്നി. സുരേഷ്ഗോപിയുടെ ഛായയുള്ള വലിയിടത്തച്ചനു പകരം പത്തെൺപതു വയസ്സു പ്രായമുള്ള വല്ല അച്ചന്മാരായിരിക്കും അവിടെ തന്നെ സ്വീകരിക്കുക. കാര്യങ്ങളുടെ കിടപ്പ് ഇങ്ങനെയൊക്കെയാവുമ്പോൾ ഒരാൾക്ക് എത്രകാലം ദൈവവിശ്വാസിയായി തുടരാൻ പറ്റും?

വണ്ടി വരുന്നുണ്ടായിരുന്നു. ദൈവനന്മയിലുള്ള വിശ്വാസം പാടെ തകർന്നതിനാൽ അവൾ എഞ്ചിൻ മുറിയിലേയ്ക്കു നോക്കിയതു തന്നെയില്ല. കഴിഞ്ഞ ശനിയാഴ്ച കണ്ടപോലെ വല്ല കിഴവന്മാരും നരച്ച താടിയും ചൊറിഞ്ഞുകൊണ്ട് പുറത്തേയ്ക്കു തലയിട്ടു നിൽക്കുന്നുണ്ടാവും. അതു കാണാൻ വയ്യ. പക്ഷേ, കണ്ണുകൾ തന്റെ ആജ്ഞ പാലിക്കാതെ എഞ്ചിൻ റൂമിലേയ്ക്കു തന്നെ പോയി. അവിടെ മോന്തയും പുറത്തേയ്ക്കിട്ടു ഇളിച്ചു കൊണ്ട്...

അല്ലാ, ഇതു നമ്മുടെ എഞ്ചിൻ ഡ്രൈവറല്ലേ?

അവൾ ഗൗരവത്തോടെ തലവെട്ടിച്ച് പിന്നിലുള്ള കമ്പാർട്ടുമെന്റിൽ കയറി. അന്താക്ഷരിയിൽ അവൾ തുടർച്ചയായി ജയിച്ചത് കൂട്ടുകാരികളെ അദ്ഭുതപ്പെടുത്തി. 'തനിക്കിന്നെന്തു പയറ്റിയെടോ?' അവർ അന്വേഷിക്കുന്നു.

വീണ്ടും വസന്തം. നാൻസി ആലോചിച്ചു. വീണ്ടും പൂക്കളുടെ പ്രളയം. സുഗന്ധം പരത്തുന്ന മന്ദമാരുതൻ. ഞാൻ പറഞ്ഞില്ലേ? എനിക്ക് കവിതയെഴുതാൻ കഴിയും.

□

## ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014